സുപ്രഭാതം

കേരളരാജ്യം, കേരളഭാഷ, കേരളസംസ്കാരം

ഇത്രയുമാണ് മലയാളികളുടെ യഥാർത്ഥവും ശാശ്വതവുമായ സ്വ കാര്യസ്വത്തുക്കൾ. ഇവയുടെ പരിരക്ഷണവും പരിപോഷണവും ഓരോ കേരളീയന്റേയും ആയുഷ്കാലധർമ്മമാണെന്ന ബോദ്ധ്യം വരുമ്പോൾ അവന്റെ ജനന മരണങ്ങൾ പോലും ഒരു നിശ്ചിത വ്യവസ്ഥയിൽപെട്ട മഹനീയസംഭവങ്ങളായിമാറുകതന്നെ ചെയ്യും.

1

പത്രാധിപന്മാർ { ബോധേശ്വരൻ
കെ. സി. പിള്ള

L. No. 290. Dated 28-11-1933 *Reg: No. T. 105 of 1120*

വിഷയവിവരം

			പുറം.
1	കേരളഗാനം.	(ബോധേശ്വരൻ)	1
2	പത്രാധിപക്കുറിപ്പുകൾ.		2
3	വിമുക്തഗീതം (പദ്യം)	(എച്ച്)	8
4	അലിവും കരുണയും.	(കെ. ഭാസ്കരൻ നായർ)	10
5	ആധുനിക വിദ്യാഭ്യാസത്തിലെ അഭിനവഗതികൾ.	(മാത്യു എം. കുഴവേലിൽ)	12
6	കരിശിൽ. (പദ്യം)	(എൻ. ഗോപാലപിള്ള)	16
7	ഞാനും എൻ്റെ ദൈവങ്ങളും.	(എം. എം. മാത്യു)	19
8	ആത്മശിക്ഷണവും സ്വാതന്ത്ര്യവും.	(പി. അനന്തൻപിള്ള)	24
9	മലയാളനാടകവേദി	(ആർ. സുകുമാരൻ)	26
10	നമ്മുടെ ചിത്രാലയം.	(ഒരു കലാകാരൻ)	29
11	കർഷകചിത്രണം (പദ്യം)	(പി. കെ. ഗോവിന്ദപ്പിള്ളശാസ്ത്രി)	32
12	മലയാളസാഹിത്യത്തിൻ്റെ വളർച്ച	(ഡാക്ടർ ഗോദവർമ്മ)	35
13	ഉഷസ്സൂക്തം.	(പി. കെ. നാരായണപിള്ള)	40
14	വില്ലടിച്ചാൻപാട്ട്.	(ശൂരനാട്ടു കുഞ്ഞൻപിള്ള)	43
15	നാളികേരപ്രശ്നം.	(ആർ. പരമേശ്വരൻനായർ)	48
16	നായർ എങ്ങോട്ടേയ്ക്കു്?	(കൊല്ലൂർ എൻ. ചന്ദ്രശേഖരൻപിള്ള)	52
17	മരുപ്പുറം (പദ്യം)	(എൻ. ജെ. പ്രദീപം—)	56
18	ഗാന്ധിജി—	(കെ. സി.)	57
19	ഒരു ഭയങ്കരരാത്രി	(ടി. എൻ. ഗോപിനാഥൻ നായർ)	61

സുപ്രഭാതം

പുസ്തകം 6 } 1120 ഇടവം { ലക്കം 8, 9, 10

കേരളഗാനം

ജയ ജയ കോമള കേരളധരണി
ജയ ജയ മാമക പൂജിത ജനനീ
ജയ ജയ പാവനഭാരത ഹരിണീ
ജയ ജയ ധർമ്മസമന്വയ രമണീ
ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീമാമക കേരളധരണീ

പ്രേമദമാകും പ്രമദവനം താൻ
ശ്യാമളസുന്ദരമെന്നുടെ രാജ്യം
മാലേയത്തിൻ മണികൾ തിളങ്ങും
മാമലതിങ്ങും മാമകരാജ്യം
മലയജസുരഭിലമാരുതനേൽക്കും
മലയാളം ഹാ മാമകരാജ്യം

കല്പക തരുനികരങ്ങൾ നിരക്കും
കല്പിത ഭുവാണെന്നുടെ രാജ്യം
വല്ലികൾ തുല്യം പല്ലവനിചയം
മെല്ലെ വിടുർത്തും വാഹിനിനിവഹം
ഞങ്ങടെ പിന്നിൽ മർമ്മരമോതി
വണങ്ങി വരുന്നതുമാമകരാജ്യം. ജയ, ജയ,

പശ്ചിമജലധിതരംഗാവലിതൻ
ഉത്സൃത ശീതളശീകരസേവ്യം

കുന്ദലതാപരിസേവിതനിലയം
സുന്ദരകേതകഭൂഷിതവലയം
ചന്ദനകുവലയ കൂവള നിവഹം
ജൃംഭിതസുരഭിലമെന്നുടെ രാജ്യം.

മാധവമാസം ഞങ്ങൾക്കെന്നും
വാസന്തശ്രീ അനുദിനമിവിടെ
മോഹന കൂജന ഖഗഗണരാജിത
മോഹദവാടികളെന്നുടെ രാജ്യം. ജയ, ജയ,

ജാതിമതാന്ധ്യമതാന്തമെതിർക്കും
ബോധവിഭാവിതമെന്നുടെ രാജ്യം
സർവസ്വാതന്ത്ര്യസമസ്ഥിതി ഭാസക
സാർവജനീന കുലീനയുവത്വം
നിത്യവുമെങ്ങു കുതിച്ചുയരുന്നിതു
നിർഭയമതുതാൻ മാമകരാജ്യം.

പാലൊളിതൂകും പൂന്തുകിൽചാർത്തും
ലോലകൾ വിലസും മലയാളത്തിൽ
ചന്ദനമണിയും ചാരുകിശോരകർ
ബന്ധുരമാക്കും മലയാളത്തിൽ
തുഞ്ചത്തുകിളികളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ

മാമകഗേഹം മാമകമോഹം
മാമകനാകം മാമകവിലയം
ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമകകേരളധരണീ.

പത്രാധിപക്കുറിപ്പുകൾ

പ്രസ്താവന

സുപ്രഭാതം ഇതോടൊന്നിച്ചു് ഒരു നവീന കാലഘട്ടത്തിലേക്കു പ്രവേശിക്കുന്നു. ഇതിന്റെ പഴയ പ്രവർത്തകരേയും ബന്ധുക്കളേയും യഥാർഹം അനുബന്ധിച്ചുകൊണ്ടു്, കൂടുതൽ ശക്തികളും കാര്യക്ഷമതയും യോജിച്ചവിധം സംഘടിതമായ ഒരു പുതിയ പ്രവർത്തക സമിതിയാണു് സുപ്രഭാതത്തെ സ്വാഗതപൂർവ്വം ഇപ്പോൾ സമീപിച്ചിരിക്കുന്നതു്.

എല്ലാ കേരളീയ ജനങ്ങളേയും സാംസ്കാരികമായ ഒരു ഏകീകൃതലക്ഷ്യത്തിലേക്കു നയിക്കുന്നൊരു സുപ്രഭാതത്തിന്റെ ഉദയം ഇന്നല്ലെങ്കിൽ അവിദൂര ഭാവിയിൽ ഉണ്ടാകേണ്ടിത്തന്നെ ഇരിക്കുന്നു. അതിലേക്കായി ആശിച്ചും പ്രാർത്ഥിച്ചും യഥാശക്തി പ്രവർത്തിച്ചും പോരുന്ന മലയാളികൾ കേരളത്തിനകത്തും പുറത്തും അനേക സഹസ്രങ്ങൾ ഉണ്ടെന്നുള്ളതു് യാഥാർത്ഥ്യമാകുവാനാണു് ഈയുള്ളവർ ആഗ്രഹിക്കുന്നതു്. ചുരുക്കിപ്പറഞ്ഞാൽ കേരളീയരായ എല്ലാ ജനവിഭാഗങ്ങളും തമ്മിൽ സാംസ്കാരികമായി നിഷ്കന്മഷമായ ആശയ വിനിമയത്തിനും വേഴ്ചകൾക്കും സഹായകമായ ഒരുപകരണമായി തീരുവാൻ ഈ 'സുപ്രഭാത'ത്തിനു സംഗതിയാകട്ടെ എന്നുള്ള പ്രാർത്ഥനയോടുംകൂടിയാണു ഞങ്ങൾ ഇപ്പോൾ രംഗപ്രവേശം ചെയ്യുന്നതു്.

ഫ്രിസ്കോ പ്രഹസനം

ലോകത്തു് ശാശ്വത സമാധാനത്തിനു് അടിസ്ഥാനമിടുവാനായി വെളുത്ത മനുഷ്യരുടെ നേതൃത്വത്തിൽ അമേരിക്കയിൽ സാൻഫ്രാൻസ്സിസ്കോ എന്ന നഗരത്തിൽവെച്ചു് ഒരു മഹാനാടകം അഭിനയിച്ചു വരുന്നു.

അമേരിക്ക, ബ്രിട്ടൺ, റഷ്യാ എന്നീ മഹച്ഛക്തികളാണു് അതിലേക്കു പ്രധാന വേഷക്കാരെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അവരുടെ നിസ്സഹായരായ അനുഗാമികൾ അപ്രധാനരംഗങ്ങൾ യഥാർഹം അഭിനയിക്കുന്നവരായി ഒട്ടനേകം പേരുണ്ടു്. ദൈവം ഭൂമിയിലെ സർവ്വ ചരാചരങ്ങൾക്കും അധിപനായി മനുഷ്യനെ പ്രതിഷ്ഠിച്ചതുപോലെ എല്ലാ നിറക്കാർക്കും എല്ലാ ഇനക്കാർക്കും മുകളിൽ വെളുത്ത മനുഷ്യരെയും അതിലും മുകളിൽ ആംഗ്ലോ അമേരിക്കന്മാരെയും സൃഷ്ടിച്ചിരിക്കാം. ഷാ, പറയുമ്പോലെ അഥവാ ദൈവം തന്നെ ഒരു ഇംഗ്ലീഷുകാരനായിരിക്കുമൊ? എന്തായാലും മനുഷ്യരാശികളുടെ യഥാർത്ഥ താല്പര്യങ്ങളേയോ അവകാശങ്ങളേയോ ശരിയായി പരിഗണിക്കുവാനോ ഭാവന ചെയ്യാനോ ഇതേവരെ കഴിഞ്ഞിട്ടില്ലാത്തവരും അതാതു ഗവൺമെന്റുകളുടെ സെക്രട്ടേറിയററ് ഫയലുകളുമായി ദീർഘകാലം കൈകാര്യം ചെയ്തു മുരടിച്ചിട്ടുള്ളവരുമായ ഒരു കൂട്ടം 'പ്രതിനിധികളാണു്' ഫ്രിസ്കോയിലെ നടന്മാരെന്നോർക്കുമ്പോൾ ഈ ലോകത്തു് എന്തു സംഭവിച്ചാലും ഒന്നു മന്ദഹസിക്കാൻ കെല്പുള്ളവർക്കുമാത്രമെ ജീവിതം സഹനീയമായിത്തീരുകയുള്ളു എന്നു തോന്നിപ്പോകുന്നു.

എല്ലാ മഹത്ഭാവനകളുടെയും സമ്പൂർണ്ണതയിൽനിന്നു്. സംജാതമാകേണ്ടതും അദ്വിതീയവും അനിഷേധ്യവും അചഞ്ചലവുമായ സത്യാടിസ്ഥാനത്തിന്മേൽ കെ

ട്ടിപ്പോകേണ്ടതുമായ മനുഷ്യ വർഗ്ഗത്തിൻെറ പൊതുവേയുള്ള അവകാശങ്ങൾ, നീതിന്യായങ്ങൾ, എന്നീ സമാധാനവ്യവസ്ഥകൾ ഇത്ര ധൃടുതിയിൽ ചില ഗവർമ്മെൻറുകളുടെ വിദേശകാര്യാലയ ഡിപ്പാർട്ടുമെൻറു മേധാവികളിൽനിന്നും യുദ്ധം തീരുന്നതിനുമുമ്പ് പൊട്ടി പുറപ്പെട്ടു് ഒരു രൂപം കൈക്കൊള്ളുമെന്നു ഗൗരവ ബുദ്ധിയുള്ളവർ ആരുംതന്നെ വിചാരിച്ചിരിക്കാൻ ഇടയില്ല. ഇതോടുകൂടി മനുഷ്യർ ഏതു രാജ്യക്കാരായാലും, ഏതു നിറക്കാരായാലും ഏതു താല്പര്യക്കാരായാലും തമ്മിൽ കണ്ടാൽ പരസ്പരമാശ്ലേഷിച്ചു പോകത്തക്കവണ്ണം ഫ്രിസ്കോയിൽകൂടിയിരിക്കുന്ന മനുഷ്യസ്നേഹത്തിൻെറ ആ ഉറവുകളിൽനിന്ന് വല്ല നൂതന സന്ദേശങ്ങളും പൊട്ടി പുറപ്പെടുകയാണെങ്കിൽ അതു് താങ്ങിനിൽക്കാൻ നമുക്കുംകൂടികെല്പുണ്ടായിരിക്കണമെ എന്നുമാത്രമെ ഒരു പ്രാർത്ഥനയൊള്ളൂ.

ലോകത്തിലെ വെടിമരുന്നു കമ്പോളത്തിലെ കണക്കെഴുത്തുഗുമസ്തന്മാർ സമാധാനത്തിൻെറ, സ്നേഹത്തിൻെറ, അനുകമ്പയുടെ, അഭിനവസാഹിത്യങ്ങൾ രചിക്കുന്നു.!!

ലോകസമാധാനത്തിൻെറ ആദ്യത്തെ അടിസ്ഥാനം, 1899-ലും 1907-ലും ഹേഗിലെ സർവ്വരാഷ്ട്രകോടതി, സൈബീരിയൻവനങ്ങളിൽ സ്വപ്രജകളെ കുടുംബസമേതൊടെ അയച്ചു് തൻെറസ്ഥിതിയെ ശാശ്വതമായി പരിപാലിക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന സാർ നിക്കൊളാസ്സ് രണ്ടാമൻെറതലയിൽനിന്നു് ആവിർഭവിച്ചതാണു് ആമഹനീയസ്ഥാപനം. ആസ്ഥിതിയ്ക്കു അതേഗ്രന്ഥത്തിൽ ഒരദ്ധ്യായംകൂടി ചേർത്തുകൊള്ളട്ടെ!

നാല്പതുകോടി ജനങ്ങൾ അധിവസിക്കുന്നതുംസാമ്പത്തികമോസാംസ്കാരികമോ ആയപരിഗണനകൾ കൊണ്ടു് നോക്കിയാലുംലോകത്ത് സ്വയം നിർണ്ണയാവകാശത്തിന് സർവ്വഥാ അർഹതയുള്ളതുമായഇൻഡ്യാ ഒരു രാഷ്ട്രമെന്നനിലയിൽ സാൻഫ്രാൻസിസ്കോയിൽ പ്രതിനിധീകരിക്കപ്പെട്ടിട്ടില്ലാ എന്നുള്ള സംഗതി നമുക്കു വിസ്മരിയ്ക്കാവുന്നതല്ല

ലോക സമാധാന കാംക്ഷികൾ

ഇതൊന്നു പൊളിച്ചെഴുതുമോ?

(ബ്രിട്ടീഷ് ദ്വീപുകളും, അൾസ്റ്ററും)

ചതുരശ്രമൈൽ 94633

ജനസംഖ്യ 4 കോടി 60 ലക്ഷത്തിൽപരം
(അൾസ്റ്ററിൻെറ ഉടമസ്ഥത അയറിനുള്ളതാണു്—
പക്ഷെ ആരു് സമ്മതിക്കാനാണ്)

ബ്രിട്ടീഷ്സാമ്രാജ്യം

ചതുരശ്രമൈൽ 13331562

മാൻഡേററഡ് ടെറിട്ടറി ഉൾപ്പടെ(എന്നുവെച്ചാൽ 1-ാംലോകമഹായുദ്ധത്തിൽ കിട്ടിയ ലാഭങ്ങളിൽ ചിലതു്)

49 കോടി 45 ലക്ഷത്തിൽപരംജനങ്ങൾ.

അഞ്ചുകോടിയ്ക്കകം വരുന്നഇംഗ്ലീഷ് ജനതയുടെ വ്യവസായങ്ങൾക്കും കച്ചവടങ്ങൾക്കും അവരുടെ സാമ്രാജ്യത്തിലെങ്ങും പൂർണ്ണസൗകര്യംമാത്രമല്ല പ്രത്യേകാധികാരവും ഉണ്ടെന്നുള്ളസംഗതിഈ ഘട്ടത്തിൽ അനുസ്മരിക്കേണ്ടിയിരിക്കുന്നു. സാമ്രാജ്യത്തിലെ ജനങ്ങളിൽ 45 കോടിയോളം ജനങ്ങൾ ഇംഗ്ലീഷ് ജനതയുടെ ജീവൻ അപകടത്തിലാകുമ്പോൾ ആയുധമെടുക്കുവാൻ ന്യായമായി കടപ്പെട്ടിരിക്കുന്നവരുമാണു്.

അമേരിക്ക

ച: മൈൽ 3738895

ജനസംഖ്യ

പതിനാലുകോടിയോളം ജനങ്ങൾ

ഇതുകൂടാതെ ഫിലിപ്പൈൻസ് തുടങ്ങിയ മഹാ ദ്വീപുകളും അവരുടെ അവകാശത്തിലാണ്.

റഷ്യം

ച: മൈൽ 8241921

പതിനാറുകോടി 57 ലക്ഷത്തിൽപരം ജനങ്ങൾ

ജർമ്മനി

ച: മൈൽ 181758

ജനസംഖ്യ

ആറുകോടി 59 ലക്ഷത്തിൽപരം

ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മനിയുടെ ആഫ്രിക്കയിലും ഏഷ്യയിലും ഉണ്ടായിരുന്ന സ്ഥലങ്ങൾ മുഴുവൻ നഷ്ടപ്പെടുകയും ഈ യുദ്ധത്തോടെ ബാക്കികുടുംബസ്ഥത്തിൽ എത്ര ഏക്കർ അവശേഷിക്കുമെന്നുള്ളത് കണ്ടറിയേണ്ടതായും ഇരിക്കുന്നു.

ജപ്പാൻ

262811 ചതുരശ്രമൈൽ സ്ഥലവും 9 കോടിയിൽ പരം ജനങ്ങളുമാണ് ജപ്പാനുള്ളത്.

ഇററലിയുടെ ഇപ്പോൾ വെള്ളത്തിലായ സാമ്രാജ്യം (ഇത്യോപ്യകൂടാതെ) ഉൾപ്പെടെ 78000 ചതു:മൈൽ സ്ഥലവും നാലുകോടി അൻപതുലക്ഷത്തിൽ പരം ജനങ്ങളുമുണ്ട്. ഇററലിയിൽ നിന്ന് അമേരിക്കൻ പ്രദേശങ്ങളിലേക്കു ദിനം പ്രതി കുടികയറിപ്പാർക്കാൻ പൊയ്ക്കൊണ്ടിരുന്നവരുടെ സംഖ്യ മററുള്ള രാജ്യങ്ങളേ അപേക്ഷിച്ച വളരെ കൂടുതലായിരുന്നു.

ഈ അവസരത്തിൽ മഹച്ഛക്തികളായിത്തീർന്നിട്ടില്ലെങ്കിലും സ്ഥലം കൂടുതലും ജനസംഖ്യകുറവുമുള്ള ചിലരാജ്യങ്ങളുടെ കണക്കുകൾ ഉദാഹരണമായിരിക്കുന്നു.

ബ്രസ്സീൽസ്-മുപ്പത്തിരണ്ടുലക്ഷത്തിൽ പരം ചതു:മൈൽ സ്ഥലവും നാലുകോടിയിൽ കൂടുതൽ ജനങ്ങളും

അർജൻറയിൻ-പത്തുലക്ഷത്തിൽ പരം ചതു:മൈൽ സ്ഥലവും ഒരുകോടിപതിനെട്ടു ലക്ഷം ജനങ്ങളും.

മേൽ പറഞ്ഞ രാജ്യങ്ങളെപ്പോലെ സ്വതന്ത്രങ്ങളല്ലെങ്കിലും ജനവാസത്തിനും സ്ഥലദൈർഘ്യത്തിനും തമ്മിലുള്ള പൊരുത്തമില്ലായ്മയ്ക്കു ആസ്ത്രേലിയായും ബെൽജിയൻ കാങ്ഗോയും സാക്ഷ്യം വഹിക്കുന്നു.

ആസ്ത്രേലിയാ. മുപ്പത്തിരണ്ടുലക്ഷത്തിഏഴപത്തെണ്ണായിരത്തിൽ പരം ചതു: മൈൽസ്ഥലവും കേവലം തൊണ്ണൂററിമൂന്നുലക്ഷത്തിൽപരം ജനങ്ങളും.

കാങ്ഗോ-ഒൻപതുലക്ഷത്തിപതിനെണ്ണായിരം മൈൽ സ്ഥലവും തൊണ്ണൂറുലക്ഷം ജനങ്ങളുമാണ് ഇവിടെയുള്ളത്. ഇങ്ങിനെ നോക്കുകയാണെങ്കിൽ ഇത്യോപ്യാതുടങ്ങി ജനവാസം ചുരുങ്ങിയതും സ്ഥലവിസ്തൃതികൂടിയതുമായ എത്രയോ രാജ്യങ്ങളെ ആഫ്രിക്കാഖണ്ഡത്തിൽ ചൂണ്ടിക്കാണിക്കാവുന്നതാണ്.

പക്ഷെ അതെല്ലാം യൂറോപ്യന്മാരുടെ എസ്റ്റേററുകളും കുടികയറിപ്പാർക്കാനാശിക്കുന്ന വിദേശികളെ തുറിച്ചുനോക്കുന്ന നിയമസംഹിതകളാൽ പരിരക്ഷിതങ്ങളുമാണ്. ഈ ഘട്ടത്തിൽ ഇൻഡ്യയുടെ സ്ഥിതി എന്താണെന്ന് ഒന്നു നോക്കുക തന്നെ. പതിനെട്ടുലക്ഷം ചതുരശ്രമൈൽ സ്ഥലവും നാല്പതുകോടിയോളം ജനങ്ങളുമുള്ള ഈ ഹതഭാഗ്യയായ രാഷ്ട്രം ലോകത്തുള്ള ഇതര രാജ്യങ്ങളിലേക്കെങ്കിലും ഓടി രക്ഷപ്പെടണമെന്നു വിചാരിക്കുന്ന ഒരുവമ്പിച്ച ജനവിഭാഗത്തോടു കൂടിയതാണെന്ന് പ്രത്യേകിച്ചും പറയണമെന്നില്ലല്ലോ.

ചൈനായുടെ സ്ഥിതിയും ഏറെക്കുറെ തുല്യതവഹിയ്ക്കുന്നു. പക്ഷെ അവർ ജപ്പാൻകാരുടെ ശല്യമൊതുങ്ങിയാൽ സ്വതന്ത്രരാണത്രെ! അല്പാല്പം യൂറോപ്യൻമാരുടെ ശല്യമേ പിന്നെ ഉണ്ടായിരിക്കയൊള്ളു. എന്തായാലും ഏഷ്യയിലെ ജനങ്ങൾ എത്തിനോക്കാൻ പാടില്ലാത്തവണ്ണമാണ് അമേരിക്ക, ആഫ്രിക്ക, ആസ്ത്രേലിയാ എന്നീ ഭൂഖണ്ഡങ്ങളിലെ വെളുത്ത ഗവർമ്മെൻറുകളുടെ നിശ്ചയങ്ങൾ.

ഭൂമിയുടെ അളവിനും ജനസംഖ്യയ്ക്കും തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്തപോലെതന്നെ ഗോതമ്പ്, നെല്ല്, ബാർലി, ഫലമൂലങ്ങൾ, കാഫി, തേയില മുതലായ ആഹാരസാധനങ്ങളും റബ്ബർലോഹങ്ങൾ എണ്ണച്ചെടികൾ തുടങ്ങിയ വ്യാവസായിക വിഭവങ്ങളും വിതിക്കപ്പെട്ടിരിക്കുന്നതും. കൈയിൽ കിട്ടിയവർ ഉള്ളതിനെ വെച്ചു സൂക്ഷിക്കാനും കൂടുതൽ കൂടുതൽ തട്ടിയെടുക്കാനും വ്യക്തികളായും രാഷ്ട്രങ്ങളായും ചെയ്യുന്ന പരിശ്രമവിശേഷങ്ങളുടെ ആകത്തുകയ്ക്കുള്ള പേരാണ് മനുഷ്യജീവിതം എന്നു തോന്നുന്നു.

ഇതിൽതന്നെ സ്വതന്ത്രരാജ്യത്ത് സ്വതന്ത്രമായി വ്യവസായങ്ങൾ ചെയ്യാനോ അന്യരുമായി കച്ചവടം നടത്താനോ സാമൂഹികമായ സ്ഥിതികളെ നന്നാക്കുവാനോ അവകാശമില്ലാത്തവരായി ഇൻഡ്യാക്കാരെപ്പോലെ ഒട്ടനേകം പേരുണ്ട്. യഥാർത്ഥത്തിൽ ആഫ്രിക്കയും ഏഷ്യയും വെള്ളക്കാരുടെ മേച്ചിൽ സ്ഥലങ്ങളും ലോകത്തിൻെറ ഇതര ഭാഗങ്ങളെല്ലാം അവരുടെ ഗേഹസ്ഥാനങ്ങളായി ഇട്ടേയ്ക്കാനാണ് വെളുത്തമനുഷ്യരുടെ ഭൂരിഭാഗവും ഇന്നും ആഗ്രഹിക്കുന്നത്. ഏഷ്യയുടെ ഒരു വമ്പിച്ച ഭാഗമെങ്കിലും തങ്ങളുടെ മേച്ചിൽ സ്ഥലമായി ഒഴിച്ചിടണമെന്ന് ജപ്പാനും മോഹമുണ്ട്. ഇതിനൊക്കെ ഒരു പരിഹാരമുണ്ടാകുമ്പോൾ ലോകസമാധാനം തനിയെ സമാഗതമാകും.

ഹിന്ദുമുസ്ലിംപ്രശ്നം

ഒരു സാംസ്കാരികവാദം

കപ്പൽ തുറമുഖത്തടുക്കാറായി എന്നു കാണുമ്പോൾ കരയിൽ നില്ക്കുന്ന കേവുകാരുടെ ഇടയിൽ വലിയൊരു കലക്കം. സ്വരാജ് സമീപിയ്ക്കുംതോറും അധികാരത്തിൻെറ പങ്കിനെപ്പററി വലിയൊരു കിടമത്സരം. പക്ഷേ സാംസ്കാരികമായ ചില കാര്യങ്ങളെപ്പററി നിരീക്ഷിയ്ക്കുമ്പോളാണ് അതിൻെറ തികച്ചുമുള്ള ബീഭത്സതപ്രത്യക്ഷമാകുന്നത്. സാംസ്കാരികമായി ഹിന്ദുക്കളും മുസ്ലിമിങ്ങളും വളരെയൊക്കെ വിഭിന്നരാണത്രേ! സംസ്കാരമെന്നുവെച്ചാൽ ഭക്ഷണം, വസ്ത്രധാരണം, ആചാരമര്യാദകൾമതവിശ്വാസം എന്നുവേണ്ട ശവസംസ്കാരം കൂടിയാണെന്ന് പൊതുവേ അങ്ങിനെ ചിലരെല്ലാം പറയുന്നുമുണ്ട്. അതൊക്കെവെച്ചു നോക്കുകയാണെങ്കിൽ ഹിന്ദുക്കളും മുസ്ലിമിങ്ങളും സാംസ്കാരികമായി കുറെയൊക്കെ ഭിന്നരാണ്.

എന്നാൽ ആവക ഭിന്നതകൾ ദൈനംദിനമെന്നപോലെ കുറഞ്ഞുവരുന്ന ഇന്നത്തെ ലോകത്ത്—സാർവ്വദേശീയമായ വസ്ത്രധാരണരീതി, ഭക്ഷണക്രമം, ആചാരമര്യാദകൾ എന്നീ വിഷയങ്ങൾക്ക് കൂടുതൽ കൂടുതൽ പ്രാധാന്യവും ശ്രദ്ധയും പരിഷ്കൃതമനുഷ്യരുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന ഈ കാലത്ത്—മതഭിന്നതകൾതന്നെ എടുത്തു കാണിക്കുന്നതിൽ ലജ്ജിക്കുവാൻ തുടങ്ങിയിരിയ്ക്കുന്ന ആധുനിക വെളിച്ചത്തിൻെറ തിരമാലകൾ നാനാമുഖമായി തല്ലിത്തകർത്തുകൊണ്ടിരിയ്ക്കുന്ന ഈ കാലത്ത് — കേവലം അജ്ഞതയുടേയും, അടിമത്വത്തിൻെറയും വൻകുഴികളിൽ മയന്നുകിടന്ന് നരകിയ്ക്കുന്ന ഹൈന്ദവമുസ്ലിം സാധാരണ ജന

ങ്ങൾ തമ്മിൽ ബാഹ്യമായിക്കാണുന്ന ആ സാംസ്കാരിക വൈവിധ്യങ്ങളെ വച്ചു വലുതാക്കി അവരുടെ മദ്ധ്യേയുള്ള കൊച്ചു കൈത്തോടുകളെ വലിയ കടലുകളാക്കാൻ പരിശ്രമിയ്ക്കുന്ന ആ സമുദായ സ്നേഹികൾ ആരായാലും ദീർഘദർശികളുടെ മഹത്വം അവർക്ക് ഉള്ളതുതന്നെയാണ്! സാംസ്കാരികമായ ഭിന്നത സാമ്പത്തികമായ ഭിന്നതയെ സൃഷ്ടിയ്ക്കണമത്രേ! ലോകത്തെങ്ങും സാമ്പത്തികമായ ഐക്യം സാംസ്കാരിക ഭിന്നതകളെ തട്ടിനിരത്തുന്നു. അടിമകളുടെ ആദേശങ്ങളോ അവ കേവലം മറിച്ചാണ്.

പുരോഗമന സാഹിത്യ സമ്മേളനം

ഇത്തവണ കോട്ടയത്തു വച്ചു കൂടിയ പുരോഗമന സാഹിത്യസമ്മേളനത്തെപ്പററി വിശദമായ റിപ്പോർട്ടുകളൊന്നും ലഭിയ്ക്കായ്കയാൽ അതിനെപ്പററിയുള്ള ഒരു നിരൂപണത്തിനു ഈയവസരം ഞങ്ങളുപയോഗിക്കുന്നില്ല. കമ്യൂണിസത്തിൻെറ പ്രസംഗവേദിയാണ് പുരോഗമനസാഹിത്യമെന്നു പൊതുവെ ഒരഭിപ്രായം ജനിച്ചിട്ടുള്ളതിനെപ്പററി മാത്രം ചിലതു പറഞ്ഞുകൊള്ളുന്നു. ഓരോമതങ്ങൾക്കും സാഹിത്യത്തിൽ സ്ഥാനം ലഭിച്ചിട്ടുള്ളതു പോലെ അഥവാ സാഹിത്യം മതങ്ങൾക്കിന്നത്തെ സ്ഥാനം സമ്പാദിച്ചു കൊടുത്തിട്ടുള്ളതുപോലെ കമ്യൂണിസത്തിനും ഇനിയുള്ള സാഹിത്യത്തിൽ അതർഹിക്കുന്ന സ്ഥാനം ലഭിക്കാതിരിക്കയില്ല. പക്ഷെ സാഹിത്യത്തിൻെറ പുരോഗമനത്തിൽ കമ്യൂണിസം ഒരു പഴഞ്ചൻ പുരാണമായി വിളറി വിഷണ്ണമായി നിൽക്കുന്ന ഒരു കാഴ്ചകൂടി സമുദായ ജീവിതത്തിൻെറ അനന്തതയിൽ നിന്നുകൊണ്ടു ദർശിക്കുവാൻ കഴിവുള്ളവർക്കു കണ്ടു രസിക്കുവാനും കഴിയുമെന്നുമാത്രം.

ഈ സമ്മേളനത്തിൽ പങ്കെടുത്ത സാഹിത്യകാരന്മാർ അവരവരെഴുതിയിട്ടുള്ളതിലേക്കും മെച്ചമായ പുരോഗമന സാഹിത്യത്തിൻെറ മാതൃകകൂടി പ്രദർശിപ്പിക്കേണ്ടിയിരുന്നു. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ജനതാമദ്ധ്യേ പടർന്നു പിടിച്ചിരിക്കുന്ന തെററിദ്ധാരണകൾ ഉന്മൂലനം ചെയ്യാനും ഇനിയും ഒരു പ്രത്യേക മാനിഫെസ്റ്റോകൂടാതെ കഴിക്കാനും സാധിക്കുമായിരുന്നു.

ഹരീന്ദ്രനാഥൻെറ പ്രസംഗം പതിവുപോലെ ശ്രദ്ധേയമായിരുന്നു എന്നുമാത്രമല്ല യുവസാഹിത്യലോകത്തിനു ഉത്തേജകവുമാണെന്നു കാണുന്നതിൽ ഞങ്ങളും ചരിതാർത്ഥരാണ്.

വിമുക്തഗീതം

(സ്വാമി വിവേകാനന്ദന്റെ ഒരു കൃതിയിൽനിന്നും)

വ്രണിതനാകവേ രോഷാകുലനായി
ഫണിവിടുർത്തുന്നു തൽഫണമണ്ഡലം;
പ്രഭയുതിർക്കുന്ന പാവകനാളങ്ങൾ
ചലിതമാകവേ കത്തിജ്ജ്വലിയ്ക്കുന്നു;
വനതലത്തിങ്കൽ മാറെറാലിക്കൊള്ളുന്നു
ക്ഷുഭിതകേസരി ഗംഭീരഗർജ്ജനം.

ജലദവൃത്തടം പിന്നെയും, പിന്നെയും
കൊടിയമിന്നൽക്കൊടികൾ പിളർക്കവേ
അതുലശക്തിയാൽ നിർഗ്ഗമിച്ചീടുന്നു
മഹിയിലേക്കൊരു വാരിപ്രവാഹവും;
ഹൃദയവാപിയതി ക്ഷുബ്ധമാകവേ
അലയടിച്ചു കലങ്ങി മറിയവേ
നിജമഹത്വത്തെയുത്കൃഷ്ടമാനസർ
ഇതുവിധം വെളിവാക്കുമുലകത്തിൽ.

നയനയുഗ്മത്തിൻ കാന്തിപൊലിയട്ടെ
മനതളിരതും വാടിത്തളരട്ടെ
മധുരമിത്രതമങ്ങി മറയട്ടെ
മഹിതസ്നേഹവും വഞ്ചിതമാകട്ടെ
വിധിയയയ്ക്കട്ടെയത്യാഹിതങ്ങളെ
വഴിയടയ്ക്കട്ടെ ഘോരാന്ധകാരവും
തവവിനാശം വരുത്തിജ്ജയിയ്ക്കുവാൻ
പ്രകൃതിയിൽ പ്രതിബന്ധം നിറയട്ടെ
ഇവയിലൊന്നിലും മാമകചേതനേ,
പതറിടാതെ നിൻദിവ്യത്വമോർത്തു നീ
വഴിവിടാതെ ഗമിയ്ക്കുക, ഹാ, തവ
വിജയലക്ഷ്മ്യമണയും വരെയ്ക്കു നീ.

അമരനല്ല മനുജനുമല്ല ഞാൻ
മൃഗകുലത്തിലും പെട്ടവനല്ലഞാൻ

ഹൃദയമല്ല ഞാൻ ദേഹവുമല്ല ഞാൻ
നരനമല്ലഞാൻ നാരിയുമല്ലഹോ;
മനുജനാർജ്ജിച്ച വിജ്ഞാനവിത്തത്തിൻ
മഹിത കോശങ്ങളായിട്ടും ഗ്രന്ഥങ്ങൾ
മമ മഹത്വത്തിലത്ഭുത മൂകങ്ങൾ
അറിയുന്നീലവയെന്നെ, ഞാൻ ബ്രഹ്മമാം.

ദിനപതിയും ശശിയുമില്ലയുമാ
ഹരിപഥത്തിലെത്താരക വൃന്ദവും
അതിസ്വതന്ത്രമാമുത്കമ ജാലവും
അതിഗഹന വിപുലമാം കാലവും
ജനനമാർന്നതിൻ മുന്നേസ്വയംഭു ഞാൻ
ഇനിയുമിപ്പൊഴും ഞാൻ ധ്രുവമാണഹോ!

ഹരിത മോഹന രൂപിണി ഭൂമിയും
അതുലകാന്തി കലർന്നൊരു സൂര്യനും
മധുര സുന്ദര, ശാന്ത സുധാംശുവും
മഹിത ശോഭയിൽ മിന്നും ഗഗനവും
ഇവസകലവും ബന്ധിതം കർമ്മത്തിൻ
പ്രബലമാം ദീർഘ ശൃംഖലയൊന്നിനാൽ
ഇവതൻ ജീവിതമെന്നല്ല മൃത്യുവും
കഠിന ബന്ധനം തന്നിലാണോർക്കുക.

മനുജമാനസം ദൃശ്യപ്രപഞ്ചത്തെ
പൊതികയാണു തൻ ചിന്താവരണത്താൽ;
ഹൃദയസങ്കല്പമൊന്നിലായ് സംസ്ഥിതം
മഹിയും വാനവും നന്മയും, തിന്മയും

സ്ഥലവും കാലവും കർമ്മബന്ധങ്ങളും
വെറുമൊരു മിഥ്യ ബാഹ്യ വലയനം
അഹമതീതനിന്ദ്രിയജ്ഞാനത്തിൻ
പരിമിതമാം പരിധികൾക്കൊക്കെയും
മനുജമാഹാത്മ്യ ഹേതുകം ബുദ്ധിയും
അണയുന്നീല സവിധത്തിൽ മാമകം
ഉപരിയാണുഞാൻ മായകൾക്കൊക്കെയും
അഖിലലോകൈക സാക്ഷിയാകുന്നു ഞാൻ.

അറികയീസത്തയേകമാണദ്വൈതം
അതിനാൽ സർവ്വവുമെന്നിലായ് സംസ്ഥിതം;
ഇവനസാദ്ധ്യം സ്വയം കോപമാർന്നിടാൻ
കഴിയുമൊന്നേ,യിവനു സ്നേഹിക്കുവാൻ.

ഉണരു ചേതനേ, സ്വപ്നത്തിൽ നിന്നു നീ
തരിതരിയായ് തകർക്കുക ശൃംഖല
ഭയമരുതിനി മാമക ചിത്തമേ
മമ നിഴലെന്നെ ഭീതിപ്പെടുത്തിടാ!
അറിയുക 'അഹംബ്രഹ്മ'മാണെന്നതായ്
അഖിലലോകൈകസാക്ഷിയാകുന്നു ഞാൻ!

അലിവും കരുണയും

കെ. ഭാസ്കരൻനായർ എം. എസ്സ് സി.

സ്റ്റീഫാൻ സ്വൈഗ് എന്ന ആസ്ത്രിയൻ ഗ്രന്ഥകാരന്റെ "ബിവെയർ ഓഫ് പിറ്റി" എന്ന കൃതി എന്നെ വളരെ ആകർഷിക്കുകയുണ്ടായി. ഈ ഗ്രന്ഥം ഒരു ആഖ്യായികയാണെന്ന് പറയപ്പെടുന്നെങ്കിലും അത് വാസ്തവത്തിൽ കരുണ എന്ന വികാരത്തെക്കുറിച്ച് അപഗ്രഥനരൂപേണയുള്ള ദീർഘവും രസകരവുമായ ഒരു ഉപന്യാസമാണെന്ന് വിചാരിക്കാവുന്നതാണ്. കരുണ രണ്ടു തരത്തിലുണ്ടെന്ന് ഗ്രന്ഥകാരൻ പറയുന്നു. ഒന്ന് ക്ഷണികവും ഉപരിപ്ലവവുമാണ്. അതിന്റെ ആഗമനവും അന്തർധാനവും പെട്ടെന്നു കഴിയും. അന്യന്റെ ദുഃഖം കാണുമ്പോഴുണ്ടാകുന്ന ഒരു അലിവാണത്. ഇങ്ങനെ അനുഭാവരൂപേണ പ്രത്യക്ഷപ്പെടുന്നെങ്കിലും അത് വാസ്തവത്തിൽ പരദുഃഖത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരുദ്യമമാകുന്നു. അതിന്റെ ആക്രമണത്തിൽ നിന്ന് നമ്മുടെ ആത്മാവിനെ രക്ഷിക്കുവാനുള്ള സ്വാർത്ഥമാത്രമായ ഒരു പ്രതിരോധവിദ്യയാണത്. യാചകവർഗ്ഗം നമ്മുടെ ഈ പ്രതികരണത്തെ ആശ്രയിച്ചു മുതലെടുക്കുന്നു. കൺകോണു നനച്ച്, കഷ്ടം! എന്നു നെടുവീർപ്പിട്ട് അരച്ചക്രവും കൊടുക്കുന്നതോടെ അത് അപ്രത്യക്ഷമാകുന്നു. ആ ദുഃഖം തന്നെ നമുക്കും ഉണ്ടായേക്കാം എന്നുള്ള ഒരു ഭീതിയിൽ നിന്നാണ് അതുദിക്കുന്നത്. അത് ആത്മീയമായ ദൗർബല്യത്തിന്റെ ലക്ഷണമാണ്. ഇത്തരം കരുണ നിഷ്ഫലവും ആപൽക്കരവുമാകുന്നു. അത് യാതൊന്നും നൽകുന്നില്ല, യാതൊന്നും നേടുന്നില്ല. പക്ഷെ കരുണയ്ക്ക് മറെറാരു ഭാവമുണ്ട്. അത് സൃഷ്ടിപരമാണ്. അതിനെ മാത്രമേ കാര്യമായിഗണിക്കേണ്ടതുള്ളു. അതു സ്ഥായിയായി നിൽക്കുന്നതും മനുഷ്യന്റെ മാറ്റുരച്ചു കാണിക്കുന്നതും ആകുന്നു. ഡച്ചുകാരുടെ

യുദ്ധതന്ത്രംപോലെ, കണ്ണുനീരിന്റെ അണക്കെട്ടു മുറിച്ചുവിട്ടു് ശത്രുവിൽനിന്നു പിൻവലിയുവാനല്ല അതു പ്രേരിപ്പിക്കുന്നതു്. അതു് ആ ശത്രുവിന്റെ 'നേക്കു്'—പരദുഃഖത്തിലേക്കു ധൈര്യത്തോടെ കടന്നുചെല്ലുന്നു. അതിൽ മുഴുകിനിന്നുകൊണ്ടു് അതിനു് ഉപശാന്തി നൽകുവാൻ ഉദ്യമിക്കുന്നു. പരദുഃഖത്തെ പങ്കിട്ടെടുത്താണു് അതു വിജയിക്കുന്നതു്.

കരുണയുടെ ഈ രണ്ടുഭാവങ്ങളെയും ഉദാഹരിക്കുന്ന സംഭവങ്ങൾ പ്രസ്തുത ഗ്രന്ഥത്തിലുണ്ടു്. രോഗംകൊണ്ടു് കാലുകൾ സ്തംഭിച്ചുപോയ ഒരു കുബേരകന്യകയിൽ അലിവുതോന്നിയ ഒരു യുവാവു് (ഒരു സൈനിക ഉദ്യോഗസ്ഥൻ) ഈ അലിവിന്റെ ഒഴുക്കിൽ അനായാസേന മുന്നോട്ടുപോകുന്നതും, ഒടുവിൽ അവൾ വെറും അലിവല്ല ആജീവനാന്തമുള്ള അനുരാഗമാണു് ആശിച്ചതെന്നു മനസ്സിലാകുമ്പോൾ മനക്കരുത്തു നശിച്ചു പരക്കംപായുന്നതും യുദ്ധത്തിനുപോയി അത്യുന്നതമായ കീർത്തിനേടുന്നതും, കന്യക മനം വെന്തു് ആത്മഹത്യചെയ്യുന്നതുമാണു് ഒരു ഉദാഹരണം. മററതു് ഒരു ഡോക്ടരുടെ കഥയാണു്. അയാൾ അന്ധയായ ഒരു സ്ത്രീയെ ചികിത്സിക്കുവാൻ ശ്രമിക്കുന്നു. രോഗം ഭേദമാവുകയില്ലെന്നു കാണുമ്പോൾ അവളെ വിവാഹംചെയ്തു്, അവളുടെ ദുഃഖത്തിൽ പങ്കുകൊണ്ടു് ആയുശ്ശേഷം നയിക്കുന്നു. ഈ രണ്ടുദാഹരണങ്ങൾക്കും ഇടയിലൂടെയാണു് കഥയുടെ പോക്കു്. മനുഷ്യജീവിതത്തിന്റെ പരാപരമായ ലക്ഷ്യത്തെയും പ്രയോജനത്തേയും സ്പർശിക്കുന്ന പ്രശ്നങ്ങളാണു് ഗ്രന്ഥകാരൻ ഈ ഉദാഹരണങ്ങളിലൂടെ ഉന്നയിക്കുന്നതു്.

യുക്തിപരമായി, വ്യക്തികളുടെ ഭൗതികസുഖത്തെ ആസ്പദമാക്കിനോക്കുമ്പോൾ കഥയിലെ ഡോക്ടർ ഒരു മൂഢനാണെന്നു തോന്നിയേക്കാം. അനന്യസുലഭമായ കീർത്തിനേടിയ കഥാനായകന്റെ ജീവിതം വിജയത്തിൽ കലാശിച്ചു എന്നും കരുതപ്പെട്ടേക്കാം. സകലത്തിനേയും യുക്തിയിലൂടെമാത്രം മനസ്സിലാക്കുവാൻ ശ്രമിക്കുന്ന ഒരു കാലഘട്ടത്തിലാണു് നാം ജീവിക്കുന്നതു്. അതിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങുന്ന വസ്തുതകളെമാത്രമേ ഇന്നു നാം വിശ്വസിക്കുന്നുള്ളു. അവമാത്രമെ നമ്മുടെ അന്വേഷണബുദ്ധിയെ തൃപ്തിപ്പെടുത്തുന്നുള്ളു. ഇതുകൊണ്ടു് ലോകത്തിനു് വളരെ മേന്മകൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു വാസ്തവം തന്നെ. എങ്കിലും ഇതു് തീരെ ഭാഗികമായ ഒരു പ്രപഞ്ചവീക്ഷണമാണെന്നു പറയാതെ തരമില്ല. മനുഷ്യജീവിതം അനുഭവങ്ങളുടെ ഒരു മഹാവ്യൂഹമാണു്. യുക്തി ഇതിൽ ഒരു പങ്ക്തി മാത്രമെ ആകുന്നുള്ളു. അതിനു വശഗമാകാത്ത യാതൊന്നും ഇല്ലെന്നോ ശരിയല്ലെന്നോ തീർത്തുപറയുന്നതു് അബദ്ധമാകുന്നു. പ്രപഞ്ചത്തിന്റെ കേന്ദ്രത്തിലേയ്ക്കു് അയുക്തികമായ അഭിഗമനമാർഗ്ഗങ്ങളും അനേകമുണ്ടു്. കാമുകന്റെയും കലാകാരന്റെയും കഥനോക്കുക. അവരും ഒരു അന്വേഷണതൃഷ്ണയുടെ വാഹനങ്ങളാണു്. പക്ഷെ അവർ യുക്തിയെ ആശ്രയിച്ചില്ല. അതിന്റെ മാർഗ്ഗത്തിലൂടെയല്ല മുന്നോട്ടു പോകുന്നതു്. യുക്തിയിൽനിന്നു ഭിന്നമായ ഈ അഭിഗമനമാർഗ്ഗങ്ങൾ സാധാരണ ജീവിതത്തിൽ തന്നെ നമുക്കു് ഏറക്കുറെ പരിചയമുള്ളവയാണു്. സാധാരണ മനുഷ്യർക്കു് തീരെ അപരിചിതങ്ങളായ മാർഗ്ഗങ്ങളും ഇല്ലാതില്ല. മന്ത്രവും തന്ത്രവും യോഗ വിദ്യയും ഇങ്ങനെയുള്ളവയാണെന്നു് എനിക്കു് തോന്നുന്നു. അപരിചിതമെന്നുള്ളതുകൊണ്ടുമാത്രം അവയുടെ അസ്തിത്വവും പരമാർത്ഥതയും നിഷേധിക്കാവുന്നതല്ല. കലാകാരന്റെ പ്രവണതയും പ്രയോഗരീതികളും നമുക്കു് വല്ലപ്പോഴുമെങ്കിലും അനുഭവവേദ്യമായി തീരാറുണ്ടു്. പക്ഷെ ഒരു

താന്ത്രികന്റെ അടിസ്ഥാന തത്വമെന്തെന്ന് ഊഹിക്കുവാൻപോലും നമുക്ക് കഴിയുന്നില്ല. അയാളുടെ അഭിഗമനമാർഗ്ഗം യുക്തിയുടെ അലാത ചക്രത്തിനു വെളിയിലാണു കിടക്കുന്നതു്. സാധാരണ ജീവിതത്തിൽ ഒരു നിഴലുപോലും വീശാത്ത ഏതോ ഉപാധിയാണ് അതിന്റെ അവലംബം. ജെറാൾഡ് ഹേർഡ് എന്ന ഗ്രന്ഥകാരൻ പ്രാചീന സംസ്കാരങ്ങളുടെ അവശിഷ്ടങ്ങളുടെകൂട്ടത്തിൽ യുദ്ധത്തിനുവേണ്ട ആയുധങ്ങളുടെ അഭാവം അത്ഭുതാവഹമാണെന്നു പറയുന്നു. ഇതു് യുദ്ധം ചെയ്യേണ്ട പരിതസ്ഥിതികൾ അക്കാലങ്ങളും ഇല്ലാഞ്ഞിട്ടല്ലെന്നും, ഇന്നത്തെ നമുക്ക് ഊഹിക്കുവാൻപോലും കഴിയാത്ത ഏതോ ഗൂഢവിദ്യകൾ അവർക്ക് വശമായിരുന്നതുകൊണ്ടാണെന്നും അദ്ദേഹം അനുമാനിക്കുന്നു. ഇത്തരം നിരവധി സൂചനകൾ ഉണ്ടായിട്ടും ആധുനികമനുഷ്യൻ രാമരാജ ബഹദൂറിലെ കൊടന്തയാശാനെപ്പോലെ "ഹേ ക്രൂ ചങ്ങാതി മന്ത്രം കൊണ്ടുണ്ടോ മാങ്ങാവീഴാറ്" എന്നമട്ടിൽ യുക്തിയെമാത്രം അന്ധമായി വിശ്വസിക്കുകയാണു ചെയ്യുന്നതു്. അതുപോകട്ടെ.

ഇങ്ങനെ യുക്തിക്ക് അതീതമായി അനേകം വീക്ഷണകോടികളുള്ളതിൽ പ്രത്യേകമൊന്നിനെ ആശ്രയിച്ചു നോക്കിയാൽമാത്രമേ രണ്ടാമതു പറഞ്ഞ, സൃഷ്ടിപരമായ, കരുണയുടെ മേന്മയും മഹത്വവും അനുഭവവേദ്യമാവുകയുള്ളു. സ്വൈഗിന്റെ കഥയിലെ ഡോക്ടറുടെ വിജയത്തിനുള്ള തെളിവ് ഈവഴിക്കാണ് നാം അന്വേഷിക്കേണ്ടതു്. കീർത്തിമുദ്രലഭിച്ച കഥാനായകന്റെ ജീവിതം അധമമായ പരാജയത്തിൽ കലാശിക്കുന്നതും അവിടെയാകുന്നു. യുക്തിയുടെ ദൃഷ്ടിക്ക് അഗോചരമായിക്കിടക്കുന്ന ഈ അത്ഭുതരംഗത്തിലാണ് ഈ ലോകത്തിന്റെ അലിവുകൊണ്ടു മാററിയാൽ മാറാത്ത മഹാദുഃഖങ്ങൾക്കുള്ള സിദ്ധൗഷധങ്ങൾ വിളയുന്നതു്. ബുദ്ധനും ക്രിസ്തുവും ഗാന്ധിയും ഓഷധീശബിംബങ്ങളായി ഉയർന്നുനിന്ന് അമൃതരശ്മി ചൊരിയുന്നതും അവിടെയാകുന്നു.

ആധുനികവിദ്യാഭ്യാസത്തിലെ അഭിനവഗതികൾ

(മാത്യു എം. കുഴവേലിൽ)

പുരാതനവും മഹനീയവുമായ ഒരു വിദ്യാഭ്യാസ ചരിത്രമാണ് പ്രാചീന ഇൻഡ്യയ്ക്കുണ്ടായിരുന്നതു്. അന്നത്തെ പ്രശാന്തമായ വിദ്യാപീഠങ്ങളും ആദർശയോഗ്യമായ ഗുരുകുലവാസവും പരിപാവനമായ
ഭാരതീയവിദ്യാഭ്യാസ ഗുരുശിഷ്യബന്ധവും വി
ചരിത്രം ദ്യാർത്ഥികളുടെ ലഘുവും ലളിതവുമായ ജീവിതരീതികളും നളന്ദ, തക്ഷശില മുതലായ മഹാകലാലയങ്ങളുടെ മാഹാത്മ്യവുമെല്ലാം ആധുനിക ഭാരതത്തിൽനിന്നും ഇങ്ങിനി വരാത്തവണ്ണം അപ്രത്യക്ഷമായിരിക്കുന്നു. ഇനിയും അതിന്റെ മേന്മയിൽ ആഹ്ലാദിച്ച് അലസമായിരിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകാനില്ല.

ഹൈന്ദവകാലം പോലെതന്നെ ഇൻഡ്യയിലെ മഹമ്മദീയാധിപത്യകാലവും വിദ്യാഭ്യാസ പുരോഗതിയെ സംബന്ധിച്ചിടത്തോളം അഭിവൃദ്ധിപരമായിത്തന്നെ കഴിഞ്ഞുകൂടി. മഹമ്മദീയ മത്താബുകളും മദ്രസകളും ധാരാളമായി ഇൻഡ്യയിൽ അക്കാലത്തു പ്രചരിച്ചിരുന്നു. ശാസ്ത്രീയവും ഭൗതികവുമായ വിജ്ഞാനവിനിമയത്തെ സംബന്ധിച്ചിടത്തോളം മഹമ്മദീയ മദ്രസകൾ പ്രാചീനഭാരതീയ പാഠശാലകളേക്കാൾ ഉൽകൃഷ്ടവുമായിരുന്നു. ഭാരതത്തിലെ മഹമ്മദീയ വിദ്യാഭ്യാസവും അസ്തമിച്ച് അപ്രത്യക്ഷമായി. ഇനി ആ കാര്യത്തെപ്പററിയും അധികം ചിന്തിച്ചിട്ടു പ്രയോജനമില്ല.

ആധുനിക ഭാരതീയ വിദ്യാഭ്യാസചരിത്രം ആംഗ്ലേയമേധാവിത്തത്തോടുകൂടെ സമാരംഭിച്ചതായി പരിഗണിക്കാം. അക്കാലത്തു ഗവർണ്ണർ ജനറലായിരുന്ന വാറൻ ഹേസ്റ്റിംഗ്സ് വിദ്യാഭ്യാസപരമായി ചില പ്രാരംഭശ്രമങ്ങൾ ചെയ്തുവെങ്കിലും ഇന്നത്തെ ഇൻഡ്യയിലെ വിദ്യാഭ്യാസരീതിയുടെ യഥാർത്ഥമായ അടിസ്ഥാനമിട്ടതു ബെൻറിക് പ്രഭു ആയിരുന്നു. അന്നത്തെ ഇൻഡ്യൻ വിദ്യാഭ്യാസക്കമ്മററിയുടെ പ്രസിഡൻറായിരുന്ന മെക്കാളിപ്രഭുവിൻെറ പ്രസിദ്ധമായ വിദ്യാഭ്യാസ റിപ്പോർട്ടിനെ ആധാരമാക്കിയാണ് ബെൻറിക് പ്രഭു ഇന്ത്യയിലെ വിദ്യാഭ്യാസനയം രൂപീകരിച്ചതു്. ഇതു് 1835-ൽ ആയിരുന്നു.

ഇന്നത്തെ ഭാരതീയ വിദ്യാഭ്യാസത്തിൻെറ അടിത്തറയായി വർത്തിക്കുന്ന പ്രസ്തുത റിപ്പോർട്ടിൽ നിന്നു് ഒരു ഭാഗം ഉദ്ധരിക്കുന്നതു് ആധുനിക വിദ്യാഭ്യാസനയത്തെ സംബന്ധിച്ച് ഏകദേശമായ ഒരു രൂപം ലഭിക്കുന്നതിനു പര്യാപ്തമായിരിക്കും.

'രക്തത്തിലും വർണ്ണത്തിലും ഭാരതീയവും ബുദ്ധിയിലും സന്മാർഗ്ഗത്തിലും അഭിപ്രായങ്ങളിലും ആദർശങ്ങളിലും ആംഗ്ലേയവുമായ ഒരു വർഗ്ഗം ആളുകളെ നാം ഭരിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടേയും നമ്മുടെയും ഇടയ്ക്കുള്ള ദ്വിഭാഷികളായി രൂപവൽക്കരിക്കാൻ നാം ഇപ്പോൾ നമ്മുടെ സകലകഴിവുകളും ഉപയോഗിക്കണം.'

ഈ റിപ്പോർട്ടിനെ ആദരിച്ച് ഭാരതീയരുടെ ഇടയിൽ പാശ്ചാത്യസാഹിത്യവും ശാസ്ത്രങ്ങളും പ്രചരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ബെൻറിക് പ്രഭു ഒരു വിദ്യാഭ്യാസപദ്ധതി രൂപീകരിച്ചു. അന്നേർപ്പെടുത്തിയ ആ പദ്ധതിക്കു് ഇന്നേവരെയും കാര്യമായ വ്യതിയാനങ്ങൾ ഉണ്ടായിട്ടില്ല. Hunter Commission, Sadler Commission, Hartog Commission, Wood-Abbot Commission എന്നിങ്ങനെ ചില വിദ്യാഭ്യാസ പരിഷ്കരണക്കമ്മററികൾ ഇടക്കാലത്തുണ്ടായിട്ടുണ്ടെങ്കിലും ബെൻറിക്കിൻെറ പദ്ധതിയിൽ മൗലികമായ പരിവർത്തനങ്ങൾ യാതൊന്നും ഇതേവരെ ഉണ്ടായിട്ടില്ല.

ആധുനിക ഭാരതീയ വിദ്യാഭ്യാസ പദ്ധതി അവിസ്മരണീയമായ പല ഗുണങ്ങളും ഇന്ത്യയ്ക്കു നൽകിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. എങ്കിലും വിദ്യാഭ്യാസത്തിൻെറ പ്രാഥമികമായ പല ഉദ്ദേശങ്ങളും ഇതുപര്യന്തം സാധിച്ചിട്ടില്ലെന്നാണ് വിദ്യാഭ്യാസപ്രവർത്തകന്മാരും ചിന്തകന്മാരും ഏകകണ്ഠമായി അഭിപ്രായപ്പെടുന്നതു്.

ഭാരതീയസംസ്കാരത്തെ പരിപുഷ്ടിപ്പെടുത്തുന്നതിനോ ഭാരതീയാദർശങ്ങളെ പ്രകാശിപ്പിക്കുന്നതിനോ ഭാരതീയആവശ്യങ്ങളെ നിർവ്വഹിക്കുന്നതിനോ സാമ്പത്തികവും സാമുദായികവുമായ ഉൽക്കർഷത്തെ ഉളവാക്കുന്നതിനോ ഭാരതത്തിൻെറ ആദ്ധ്യാത്മികമായ പ്രാചീന ചൈതന്യത്തെ ഉത്തേജിപ്പിക്കുന്നതിനോ സാർവ്വജനീനമായ സാക്ഷരത്വം പ്രചരിപ്പിക്കുന്നതിനോ ഒന്നും ഇ

ന്ത്യയിലെ പാശ്ചാത്യവിദ്യാഭ്യാസത്തിനു കഴിഞ്ഞിട്ടില്ലെന്നു കാണുവാൻപ്രയാസമില്ല. 1836-ൽ ഇൻഡ്യയിലെ സാക്ഷരന്മാരുടെസംഖ്യ ൬ ശതമാനമായിരുന്നു. ഒരു നൂറു കൊല്ലത്തെ പാശ്ചാത്യവിദ്യാഭ്യാസത്തിനുശേഷം 1936ൽ സാക്ഷരന്മാരുടെ സംഖ്യ നൂറിനുഎട്ടായിവർദ്ധിച്ചു. നൂറുകൊല്ലത്തിൽ രണ്ടു ശതമാനമാണു വർദ്ധനവ്. ഈ രീതിയിൽമുന്നോട്ടുപോയാൽ ഇന്ത്യയിൽ സാർവ്വത്രികമായ സാക്ഷരതയുണ്ടാകുന്നതിന് ഇനിയും 4700 കൊല്ലങ്ങൾ വേണ്ടിയിരിക്കുന്നു.

ജപ്പാൻ, ജർമ്മനി, ബ്രിട്ടൻ, ഇററലി, ആസ്ട്രേലിയ അമേരിക്കൻ ഐക്യനാടുകൾ മുതലായ രാജ്യങ്ങൾ 1931-ലെ സെൻസസ് അനുസരിച്ചുതന്നെ സാർവ്വത്രികമായ സാക്ഷരത പ്രാപിച്ചു കഴിഞ്ഞിരുന്നു. ആ രാജ്യങ്ങളോടൊപ്പം ഇന്ത്യയും എത്തണമെങ്കിൽ ഇനിയും യുഗങ്ങൾ തന്നെ കഴിയേണ്ടിയിരിക്കുന്നു.

ഈ അവസരത്തിൽ ഇന്ത്യയിലെ എല്ലാരാജ്യങ്ങളിലുംവെച്ചു സാക്ഷരതയിൽ ഒന്നാം നിലയിൽ എത്തിയിരിക്കുന്നതു നമ്മുടെ മാതൃരാജ്യമായ തിരുവിതാംകൂറാണെന്നറിയുന്നതു നമുക്കേവർക്കും പ്രത്യേകം അഭിമാനാർഹമാകുന്നു.

പ്രാഥമികവിദ്യാഭ്യാസത്തിന് ഇന്ത്യയിൽ ആളൊന്നുക്ക് ശരാശരി 14-രൂപയും ജപ്പാനിൽ 60രൂപയും, ഇംഗ്ലണ്ടിൽ 150 രൂപയും, അമേരിക്കയിൽ215രൂപയും വീതം ചിലവുചെയ്തിരുന്നു എന്നു 1931-ലെ കാനേഷുമാരികണക്കിൽ നിന്നും അറിയാവുന്നതാണ്.

മേൽ പ്രസ്താവിച്ചതാണ് ആധുനിക ഭാരതീയ വിദ്യാഭ്യാസചരിത്രത്തിന്റെ ഏതാണ്ടൊരുസംക്ഷേപരൂപം. കേവലം ദിങ്മാത്രമായഈ സിംഹാവലോകനത്തെ അടിസ്ഥാനമാക്കി വെച്ചുകൊണ്ട് നമുക്ക് ഭാരതീയവിദ്യാഭ്യാസത്തിലെ അഭിനവഗതികളെപ്പററി ചിന്തിക്കാം.

ലോകം അത്ഭുതപൂർവമായ ഒരു ഗുരുതരഘട്ടത്തെ തരണം ചെയ്കയാണല്ലോ. ഭാരതവും രാഷ്ട്രീയമായ ഒരു പരിവർത്തനദശയിൽക്കൂടെ പ്രയാണംചെയ്തുകൊണ്ടിരിക്കുന്നു. രാഷ്ട്രീയമായ ഈ വ്യതിയാനഘട്ടത്തെ അനുധാവനം ചെയ്തുകൊണ്ട്, സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അനേകം അഭിനവഗതികൾ പ്രത്യക്ഷപ്പെടുന്നുണ്ട്.

ചില നവീനഗതികൾ

ഇന്നത്തെ വിദ്യാഭ്യാസത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രധാനമായ ഒരു നവീനഗതി വിദ്യാഭ്യാസ പരിപാടിയിൽ ദേശീയബോധത്തിനു ജനതാപരമായ ആദർശങ്ങൾക്കും അനുദിനം പ്രചാരവും പ്രാമുഖ്യവും സിദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. നിലവിലിരിക്കുന്നവിദ്യാഭ്യാസ പദ്ധതി വൈദേശികമാണെന്നും അതു കേവലം സാഹിത്യപരമായിപ്പോയെന്നും അതു അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിപ്പിക്കുവാൻ മാത്രം പര്യാപ്തമാണെന്നും മററുമുള്ള അപ്രതിരോധ്യമായ ആക്ഷേപങ്ങളെ പരിഹരിച്ചു ഭാരതീയമായ ഒരു പദ്ധതിഭാരതീയാദർശങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും അതു ഭാരതീയനേതൃത്വത്തിലും നിയന്ത്രണത്തിലും നിർവ്വഹിക്കപ്പെടണമെന്നുമുള്ള അഭിപ്രായഗതികൾ അടുത്തകാലത്തു പ്രാബല്യത്തിലെത്തുകയും കോൺഗ്രസ്സ് ഭരണകാലത്തു ദേശീയമായ ഒരു പ്രത്യേകപദ്ധതി—വാർദ്ധാപദ്ധതി ചില പ്രവിശ്യകളിൽ പരീക്ഷിച്ചുനോക്കുവാൻ തുടങ്ങുകയുംചെയ്തു. എന്നാൽപിന്നീടുണ്ടായ രാഷ്ട്രീയ സ്ഥിതിഗതികൾ ഈ ശ്രമം തുടരുവാൻ സൗകര്യം നൽകിയില്ല.

വാർദ്ധാപദ്ധതിക്കു മുമ്പേതന്നെ ഭാരതീയ സംസ്കാരത്തേയും പ്രാചീന വിദ്യാ

ഭ്യാസാദർശങ്ങളേയും കാലാനുസൃതമായി പരിഷ്ക്കരിക്കാനുള്ള ചില ശ്രമങ്ങൾ അങ്ങിങ്ങായി തുടങ്ങിയിരുന്നു. വിശ്വമഹാകവി ടാഗോറിന്റെ ശാന്തിനികേതനവും ഹരിദ്വാരത്തിലേയും, ഗുജറൻവാലയിലെയും ഗുരുകുലങ്ങളും ഈദൃശശ്രമങ്ങളുടെ ഫലമായിരുന്നു.

നിലവിലിരിക്കുന്ന പദ്ധതി തികച്ചും സാഹിത്യപരമായിപ്പോയെന്നും ജീവിതനിർവ്വഹണത്തിനുതകുന്ന യാതൊരു തൊഴിൽപരിശീലനവും ഈ പരിപാടിയിൽ ഉൾപ്പെടുന്നില്ലെന്നുമുള്ള ന്യൂനതകളെ പരിഹരിക്കുവാൻ തൊഴിലുത്സാഹപരമായ പദ്ധതികൾ വിദ്യാലയ പരിപാടികളിൽ ഉൾപ്പെടുത്തുന്നതിനു പരിശ്രമിച്ചുതുടങ്ങി. തൊഴിൽപരമായ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, പ്രായോഗിക വിദ്യാഭ്യാസം എന്നിത്യാദി വിദ്യാഭ്യാസ വിശേഷങ്ങൾ അടുത്തകാലത്തു വിദ്യാഭ്യാസചിന്തകന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയമായിട്ടുണ്ട്.

നാട്ടുഭാഷമാർഗ്ഗമായ വിദ്യാഭ്യാസം നിർവ്വഹിക്കണമെന്നുള്ളതാണ് ആധുനികവിദ്യാഭ്യാസത്തിലെ മറെറാരു അഭിനവഗതി. ഇംഗ്ലിഷിന്റെ അമിതമായ പ്രാമുഖ്യത്തിൽ നാട്ടുഭാഷകൾക്ക് അഭിവൃദ്ധിപ്പെടുവാൻ സൗകര്യമില്ലെന്നും വൈദേശികഭാഷമാർഗ്ഗമായി അഭ്യസനം നടത്തുന്നതുകൊണ്ട് വിദ്യാഭ്യാസത്തിൽ അനാവശ്യമായ സമയനഷ്ടം ഉണ്ടാകുന്നുവെന്നും അതിനാൽ ഹൈസ്ക്കൂൾവരെയെങ്കിലുമുള്ള വിദ്യാഭ്യാസം കഴിയുന്നതും നാട്ടുഭാഷാമാർഗ്ഗമായിരിക്കണമെന്നും ഉള്ള അഭിപ്രായത്തിനു അടുത്തകാലത്തു സാർവ്വത്രികമായ പ്രചാരവും പ്രാബല്യവും സിദ്ധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിൽ ദേശീയ ബോധത്തിനുള്ള പ്രാധാന്യം ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഏററവും ഗണനീയമാണ്. തൊഴിൽ പരമായ വിദ്യാഭ്യാസത്തിനുള്ള മുറവിളിയും അങ്ങനെതന്നെ. നാട്ടു ഭാഷകൾ മാർഗ്ഗമായി അഭ്യസനം നിർവ്വഹിക്കണമെന്നും ഇംഗ്ലീഷു ഒരുപരിഭാഷയായി പഠിച്ചാൽ മതിയെന്നും മാതൃഭാഷാഭിമാനികൾ അഭിപ്രായപ്പെടുന്നു. രക്ഷാകർത്തൃസഹകരണം വിജയകരമായ വിദ്യാഭ്യാസത്തിന് അത്യന്താപേക്ഷിതമാണെന്ന പ്രബലമായ ഒരഭിപ്രായം പ്രചരിക്കുവാൻ തുടങ്ങിയിട്ടുണ്ട്. വിദ്യാലയത്തിലെ സാധാരണ പരിപാടികൾ കൂടാതെ പാഠപദ്ധതിയ്ക്കു പുറമെയുള്ള പ്രവർത്തനങ്ങൾക്കുകൂടെ പ്രാമുഖ്യം കൊടുക്കണമെന്നുള്ള ആദർശവും ഒരഭിനവഗതിയാണ്. വിദ്യാഭ്യാസ പദ്ധതിയിൽ കായിക പരിശീലനങ്ങൾക്കു ഇന്നത്തെക്കാൾ കൂടുതൽ പ്രാധാന്യം നൽകണമെന്നുള്ള ആശയവും ഏതാണ്ടു സാർവ്വത്രികമായിത്തീർന്നിട്ടുണ്ട്. അഭ്യസന പരിപാടികളെല്ലാം മനശ്ശാസ്ത്ര തത്വങ്ങളനുസരിച്ചു ക്രമീകരിക്കേണ്ടതാണെന്നുള്ള അഭിപ്രായം വളരെ മുൻപേ അംഗീകരിച്ചു കഴിഞ്ഞു. വിദ്യാഭ്യാസ പദ്ധതിയിൽ സർവ്വരാഷ്ട്രബോധത്തിനും വയോജന വിദ്യാഭ്യാസത്തിനും പരീക്ഷാപരിഷ്ക്കാരങ്ങൾക്കും ഉള്ള സ്ഥാനം ഇന്നു ഏററവും പാരമ്യത്തിലെത്തിയിട്ടുണ്ട്.

മേൽ പ്രസ്താവിച്ച പ്രധാനമായ അഭിനവഗതികളിൽ രണ്ടു മൂന്നെണ്ണത്തെപ്പററിമാത്രം ചുരുക്കമായി ഞാൻ പിന്നീടു പ്രസ്താവിച്ചുകൊള്ളാം

കുരിശിൽ

എൻ. ഗോപാലപിള്ള എം. എ.

പകൽ താരനേയകലും മുമ്പുലകം നീരും
പുകപോലിന്നിരുളെങ്ങും നിറയുന്നെന്തേ!
കൊട്ടതായോരഴലാലും വിധമീയൂഴി
കിടുകിടെ വിറയാർന്നിന്നലയുന്നെന്തേ?
ഇരുൾവീശും മരത്തിൻമേൽ രുധിരം ചിന്തി-
യൊരു മട്ടീയരുണനാം തെളിയുകല്ലീ?
ഒരു യാമമേ പോരുമിനിയീ മിത്രൻ
കരുതിയായ് ചരമാദ്രിശിഖരം പൂകാൻ.

അഴകേറും യെരൂസലേംപുരിതൻമീതേ
നിഴലാട്ടി നിലകൊള്ളുമിക്കുന്നിന്മേൽ
മരുവിലും പരിമളപൂരം പൂശി
വിരിയും പൂ കരിയുമിക്കാൽവേരിയിൽ
കൊടിയോരു കുരിശല്ലേ മുന്നതിന്മേൽ
പിടയുന്നു നരരൂപമല്ലോ മൂന്നും?

അവതൻ നേർനടുവിലായാഭയാളും
നവബിംബം ദയനീയമേതിതയ്യോ?
നനയുമെൻ മിഴികൾതൻ പിറകേ മണ്ടും
മനമേ? നീ പതറുന്നതെന്തിതയ്യോ?

പൊടിയാന്റും ചിടയാന്റും പാറിവീഴും
മുടിതൻമേൽ നറുനെററി മുറിയുമാറായ്
പട്ടുമുള്ളിൻകൊടികൊണ്ടു മകുടമാന്റും
പടരുന്ന രുധിരാഭിഷേകം വാന്റും
വിരിയും ചെന്താമര മലർ പോലാളു-
മിരുകയ്യും തറയും ക്രൂരാണി ചേന്റും
വിരിമാറിൽ പെട്ടവോരു മുറിവിലൂടായ്
തുറവേലും ഹൃദയം താൻ തെളിയുമാറും
നരലോകപരിചയമലിനമാകും
ചരണങ്ങൾ നിണമൂന്റ വിളറുമാറും

ഇത! കാൺമൂ കമനീയം ത്രൂപമോർത്താ-
ലതിശയമഹനീയം ദൃശ്യം ദിവ്യം.
അതിശാന്തരമണീയസൗഭഗത്തിൻ-
ദ്യുതി കോലുമാവന്ദ്യമുഖബിംബത്തിൽ
പിടയുന്ന പുരികത്തിൻ കീഴായ് പാതി-
യടയുന്ന മിഴികളാലുലകം നോക്കി
ഉലകിലുള്ളഴലാലുമകമേയാള-
മലിവാലും വിടരുന്നോരധരത്താലേ
മൊഴിയുന്നുണ്ടെന്തോയീ വിശ്വമൈത്രി
നിഴലിക്കുമഭിവന്ദ്യമൂർത്തി മെല്ലെ.

“ഉടയോനേ,യുടയോനേ’യെന്നെന്നി കൈ
വെടിയുവാനെന്തൊരു ബന്ധമയ്യോ!?”

ഉരുകുന്നോരഴലൊട്ടു മങ്ങി വീണ്ടും
പരിശാന്തി തഴുകുന്നുണ്ടാ മുഖാബ്ജം
വിധുരതയെല്ലാ മകലുകയായ്
മധുരാനുകമ്പാ തരളതയാൽ.

അതിദിവ്യദർശനനീമഹാനാർ
ഹതി ചെയ്താരീസുകൃതിയേയും?
ജരിതമായ് ദുരിതമാം മർത്ത്യധർമ്മം
പരിപൂതമാക്കുവാൻ ജനിയാർന്നുള്ളോൻ
അഗണിതഗുണനിധിയാകും യേശു-
ഭഗവാനാണല്ലേയീ ഭവ്യധാമം.
മദമോഹവഞ്ചനാ ചാര ദാരുണരാം
ഹതജ്ഞതദേശികലുബ്ധരാലേ
നിഹതമായീടുന്നു നിർവിശങ്കം
മഹിതമിക്കസ്തൂരിഹരിണപോതം.
പരിവാഹമാളും തൻ കരുണാപൂരം
ചൊരിവതുണ്ടവരിലുമാ മഹാത്മാ.
മൃദുലമായ് മധുരമായ് രുചിരമായാ-
വദനമോ മുഖരമാവുന്നു വീണ്ടും.

‘‘അരുളണേ’മാപ്പിവർക്കെൻ പിതാവേ!”
അവർതന്നെയവർ ചെയ്തതറിവീലല്ലോ!

പരമമാം കരുണയും സ്നേഹവും താൻ
തിരതല്ലിനിലകൊള്ളുമാ സമുദ്രം
പരശാന്തിലീനമായ്, ഭുവനപ്രാണൻ
വിരതവിസ്പന്ദമായ് തങ്ങി നിന്നു.
കുരുടനു, ദർശനഭാഗ്യലക്ഷ്മി-
യുരുകുഷ്ഠ, ഹതനംഗസൗഷ്ഠവവും
പുരുപാപചരിതർക്കു ചാരിത്ര്യവു-
മരുളിയ ഭഗവാനിലലിവിയന്നോർ
ഒരുവരുമിവിടില്ലേ മിഴിയിൽനിന്നു-
മൊരുതുള്ളിജലമൻപാന്തിരുവാനും?
നരപാപപരിഹാരമൊന്നിനായ് തൻ-
പരിപൂതജീവിതം ബലികഴിപ്പോൻ
സ്വജനസന്ത്യക്തനായ് ഹന്ത! പാർത്താൽ
വിജനമാമീഭൂമി ഭജനീയം താൻ.
കരുണയാർന്നവിടുന്നന്നിരുളിൽനിന്നും
കരയേററിയുള്ളോരു ശിഷ്യരങ്ങോ
കരണീയമൂഢരായാ ഭീരുക്കൾ
കരയുന്നുമുണ്ടോ മങ്ങകലെയായി.
ദയനീയരബലമാർ മൂവർമാത്രം
ഭയമററു മാഴ്കുന്നുണ്ടിങ്ങരികിൽ.
പരവശരവരാളുമനുതാപത്താൽ
സുരഭിലം സുതരാമീയന്തരീക്ഷം.
മഹനീയചരിതരാം ജനനിമാർതൻ-
സഹജവാത്സല്യമേ! വെല്‌വുതാക.

ഞാനും എന്റെ ദൈവങ്ങളും

എം. എം. മാത്യു ബി. എ

ഞാൻ ഒരഗതി:—നിർദ്ധനൻ, പാപി. "മാൻ നീർത്തോട്ടുകൾക്കായി കാംക്ഷിക്കുന്നതു" പോലെ എന്റെ ആത്മാവു് രക്ഷയ്ക്കായി കാംക്ഷിച്ചു. ഞാൻ എന്റെ ദൈവങ്ങളുടെ അരികത്തണഞ്ഞു—അവരോടപേക്ഷിച്ചു. പക്ഷേ, അവരോ ശ്രദ്ധിച്ചില്ലാ ശ്രവിച്ചതുമില്ല.

എന്റെ ദൈവങ്ങൾ മണ്ണും മരവുംകൊണ്ടു് മനഞ്ഞെടുത്ത അചേതനവസ്തുക്കളല്ല. ജീവനും ചൈതന്യവും ഉള്ളവരാണു് അവർ. അവർക്കുമുണ്ടു് സ്വരവും ചിരിയും. പക്ഷേ എന്റെ ദീനസ്വരം അവരെ ആകർഷിക്കുന്നതിനു് പര്യാപ്തമല്ലായിരുന്നു. ജീവനുള്ള എന്റെ ദൈവങ്ങൾക്കു് എന്നെ മാറോടണച്ചാശ്വസിപ്പിക്കുന്നതിനും എനിക്കു വരപ്രസാദം നൽകുന്നതിനും കഴിയാത്തതെന്തുകൊണ്ടെന്നു ഞാൻ നിരൂപിച്ചു. എന്റെ ദൈവങ്ങളുടെ വാത്സല്യഭാജനങ്ങളായ പൗരമുഖ്യന്മാരിൽ നിന്നും എനിക്കതിനുത്തരം ലഭിച്ചു. "ഈ ദൈവങ്ങൾ നിർദ്ധനന്റെ ചെററക്കുടിലിൽ, പോകയില്ല. കല്ലുംമുള്ളും നിറഞ്ഞ പാതകൾ അവർക്കു വെറുപ്പാകുന്നു. വിസ്താരമേറിയ രാജവീഥികളിൽക്കൂടി സ്വച്ഛന്ദവിഹാരം ചെയ്യുന്നതും വില്ലീസുമെത്തകളിട്ട വാഹനങ്ങളിൽ വായുവേഗം സഞ്ചരിക്കുന്നതുമാണു് അവർക്കു ഹിതകരമായിട്ടുള്ളതു്. അങ്ങനെ പരിചയിച്ച ദൈവങ്ങൾ കുപ്പമാടത്തിൽ കാൽനടയായി എഴുന്നെള്ളുകയെന്നതു് അചിന്ത്യം. അസുഖകരമായ ഒരു അനുഭവത്തിലേക്കു് നീ അവരെ വലിച്ചിഴയ്ക്കരുതു്. അഗതികളെയും പാപികളെയും തേടി ഉഴറിനടക്കുന്നവരല്ല അവർ, ഞങ്ങളോടു കുശലം ചെയ്യുന്നതിനുപോലും അവർക്കു് സമയം മതിയാകുന്നില്ല"

ആശ്വാസത്തിനായി കാംക്ഷിച്ച എന്റെ മനസ്സു പതറി. വിശ്രമം തേടിയ എന്റെ ആത്മാവു വരണ്ടു. പലനിറമുള്ള പൂക്കളുടെ ചുററും മുരണ്ടുനടക്കുന്ന പൂമ്പാററയെപ്പോലെ വീണ്ടും ഞാനവരുടെ ശോഭയേറിയ അങ്കികളെ വലംവച്ചു. എന്റെ രക്ഷയ്ക്കു് ആസ്ഥാനമെന്നു നിരൂപിച്ച ആ ദൈവങ്ങളോടു സഹായത്തിനായി വീണ്ടും ഞാൻ കേണു. അവരോ ശ്രദ്ധിച്ചില്ല, ശ്രവിച്ചതു് പോലുമില്ല. മ്ലേച്ഛപാപിയായ ഞാനുമായി സംഭാഷിക്കുന്നതിനുപോലും തങ്ങൾ ഇഷ്ടപ്പെടുന്നില്ലെന്നു അവരുടെ മുഖഭാവം വിളിച്ചറിയിച്ചു. പൊൻപാദുകങ്ങളിൽ അവരുടെ മൃദുലപാദങ്ങൾ എന്റെ പാഴ്ക്കുടിലിൽ പതിക്കുന്നതുപോലും അസാദ്ധ്യമായി തോന്നി. ഇരുളടഞ്ഞ എന്റെ ജീവിതത്തിൽ ശോഭയേറിയ അവരുടെ കടാക്ഷം കടത്തുകയില്ല. എന്റെ ഒഴിഞ്ഞ മടിശ്ശീല അവരെ ആകർഷിക്കുന്നതിനു പര്യാപ്തവുമായില്ല.

ഞാനെന്തു ചെയ്യും? കാലം കടന്നുപോകുന്നതു എന്റെ കണ്ണിൻമുമ്പാകെ കണ്ടു. കുബേരന്മാരുടെ കനകത്താംബാളങ്ങൾ എന്റെ ദൈവങ്ങളുടെ കണ്ണുകളെ മയക്കുന്നതു ഞാൻ കണ്ടു. അന്യായമായി സമ്പാദിച്ച ധനം കണക്കുനോക്കാതെ കോഴവാങ്ങുന്നതും ഞാൻ കാണാതിരുന്നില്ല. എന്നിട്ടും ഞാനാശിച്ചു, മണിമാളികയുടെ, വാതായനത്തിലൂടെ കൈനീട്ടി അവർ എന്നെ അനുഗ്രഹിക്കുമെന്നു്. പക്ഷേ കുബേരന്മാരുടെ പുത്രകളത്രങ്ങളെയല്ലാതെ എന്നെ

അവർ കണ്ടില്ല. വീണ്ടും ഞാനപേക്ഷിച്ചു: പൂജ്യന്മാരായ എന്റെ ദൈവങ്ങളെ! നിങ്ങളിലാശവെച്ച്, എന്റെ ആയുസ്സിന്റെ പകുതിയോളം ഞാൻകഴിച്ചു. എന്നിട്ടും! എന്റെ നിലവിളി കേൾപ്പാൻ നിങ്ങൾക്കു മനസ്സില്ലെന്നോ? സ്വർണ്ണവും വെള്ളിയും എനിക്കില്ലെങ്കിലും കറപററാത്തതും ക്ലാവടയാത്തതുമായ എന്റെ സേവനം ഞാൻ നിങ്ങൾക്കുകാഴ്ചവച്ചു. എന്നിട്ടുംനിങ്ങൾ കനിയുകയില്ലെന്നോ? അതിനവർ മറുപടി പറഞ്ഞതിപ്രകാരമായിരുന്നു "ഭോഷനായ മനുഷ്യാ! തന്റെ ഒട്ടിയകവിളും കീറത്തുണിയും ഒഴിഞ്ഞ മടിശ്ശീലയും കാണുന്നതുതന്നെഞങ്ങൾക്കുവെറുപ്പാകുന്നു ലോകനീതിക്കനുയോജ്യമായ യാതൊന്നും നിന്നിൽ ഞങ്ങൾകാണുന്നില്ല. നേരേ മറിച്ച് നിന്റെ അയൽക്കാരനാകട്ടെ സമയം പാഴാക്കാതെ, അവനുകിട്ടിയ താലന്തുകളെ നൂറിരട്ടിയായി വർദ്ധിപ്പിച്ചു. ഇന്നു ലോകം അറിയുന്നതും ബഹുമാനിക്കുന്നതും അവനെയാണ് നിന്നെയല്ല. ഞങ്ങളെമാന്യമായിക്കരുതുകയും ഞങ്ങളുടെ പ്രവർത്തനങ്ങളെ പണംതന്നു പരിപോഷിക്കയും ചെയ്യുന്നതിന് അവനല്ലാതെനിനക്കുകഴിഞ്ഞിട്ടുണ്ടോ? അവന്റെദീനക്കിടക്കയിൽ അവനെഞങ്ങൾസന്ദർശിക്കുന്നതും "ക്രൂദാശകൾ" നൽകിഅവനെതൃപ്തനാക്കുന്നതും അവൻഅതിന് അർഹനായതുകൊണ്ടു മാത്രമാണ്. ഞങ്ങളുടെഅനുഗ്രഹങ്ങളുടെനിറവുകൾഅവനിലുംഅവന്റെകുടുംബത്തിലും ധാരാളമായി ചൊരിഞ്ഞുകൊണ്ടേയിരിക്കും. ധനവും മാനവും ആർജ്ജിക്കാതെ അലഞ്ഞുതിരിയുന്ന നിന്നേപ്പോലുള്ളവർക്ക് ഞങ്ങൾ ഒന്നും മാററി വച്ചിട്ടില്ല. നിനക്കു ഇവിടെ സ്ഥാനമില്ല. പോകുക- വാതലടയ്ക്കട്ടെ?"

എന്നിട്ടും ഞാൻനിരാശപ്പെട്ടില്ല. ജീവനുള്ള ഈ ദൈവങ്ങൾ യഥാർത്ഥദൈവങ്ങളാണെങ്കിൽ അവരെന്നെ നിഷ്ക്കരുണം പരിത്യജിക്കയില്ലെന്നു ഞാനാശിച്ചു. വീണ്ടും ഞാനവരോടപേക്ഷിച്ചു, 'എന്റെ ദൈവങ്ങളെ എന്നെ ഉപേക്ഷിക്കരുതെ' എന്ന്. പക്ഷേ, കോപസ്വരത്തിൽ ചീറിക്കൊണ്ട് അവർവാതിലടച്ചു പൊയ്ക്കളഞ്ഞു.

എന്റെ മനസ്സ് വികാരങ്ങൾക്കു വിധേയമായി. ഈ ദൈവങ്ങൾക്കു മനുഷ്യത്വം പോലുമില്ലേ എന്നു ഞാൻ സംശയിച്ചു. പട്ടുവസ്ത്രങ്ങൾ അണിഞ്ഞ്, പൊന്നരകെട്ടുകളും ധരിച്ച് കസവുമുടികളും ചൂടി വെള്ളിവടികളും പിടിച്ച് സ്വർണ്ണസിംഹാസനങ്ങളിലുപവിഷ്ടരായിരുന്നഎന്റെ ദൈവങ്ങൾ കേവലം മനുഷ്യജീവികളാണെന്നു എനിക്കുബോധ്യമായി. കുബേരനോടു കുശലം പറയുകയും കുചേലനോടു കയർക്കുകയും ചെയ്യുന്ന ഈ വേഷധാരികൾ മാനുഷവികാരങ്ങൾക്ക് തികച്ചും അധീനരാണെന്ന് എന്റെ കഴിഞ്ഞ അനുഭവങ്ങൾ എനിക്കു അറിയിച്ചുതന്നു.

കുനിഞ്ഞിരുന്ന എന്റെ തല ഉയർന്നു. അടഞ്ഞിരുന്ന എന്റെ കാതുകൾ തുറന്നു. ഒരു നേരിയ ശബ്ദം എന്റെചെവികളിൽ മുഴങ്ങി. എന്റെ ദൃശ്യദൈവങ്ങൾ നിന്നട്ടഹസിച്ച സ്ഥാനങ്ങൾ ഒഴിഞ്ഞുകിടന്നിരുന്നു. വീണ്ടും ഞാൻ ആ മനോഹരശബ്ദം കേട്ടു. ചുഴലിക്കാററിനിടയിൽ കൂടി കടന്നുവന്ന ആ ഇമ്പസ്വരം. അപ്പോൾഎന്റെ മുമ്പിൽ കണ്ടതു് എന്നേക്കാൾ അവശനായ ഒരുഏഴയെയായിരുന്നു. കീറത്തുണികൊണ്ട് അവൻ നഗ്നതമറച്ചിരുന്നു. അവന്റെ മുമ്പിൽ കിടന്നഎച്ചിലിലകൾക്കുവേണ്ടി കാക്കകളും പട്ടികളും അവകാശവാദം ചെയ്തു. അവരോട് അവൻ കോപിച്ചില്ല, അവരുടെ ശണ്ഠകൾ അവന്റെ ക്ഷമയെ കെടുത്തിയതുമില്ല. അവന്റെ പങ്കുപോലും അവൻ അവർക്കു വീതിച്ചു

കൊടുത്തുകൊണ്ടിരുന്നു. ആഴമേറിയ ഒരു ആനന്ദം അവന്റെ മുഖത്തു ദൃശ്യമായിരുന്നു. പട്ടിണി,- നഗ്നത,- ക്ഷീണം എന്നിവകളുടെ ദംശനത്തോടുള്ള ഒരു വെല്ലുവിളി: അതിന്റെ അർത്ഥം എന്റെ ബുദ്ധിക്കതീതമായിരുന്നു. കാക്കയ്ക്കും പട്ടിക്കും അവൻ വീതിച്ചുകൊടുത്ത ഓരോ വറ്റും അച്ഛന്റെ കണ്ണുനീരിൽമുക്കിയതായിരുന്നു.

എന്നിട്ടും അവന്റെ മുഖത്ത് അലോകസാധാരണമായ ഒരു ആനന്ദം കളിയാടി. മകനേ! എന്ന ശബ്ദം അവന്റെ അധരങ്ങളിൽകൂടി പ്രവഹിച്ചു. എനിക്കതു തേനിനെക്കാളും തേൻകട്ടയെക്കാളും മധുരമേറിയതായിത്തോന്നി. എനിക്കുത്തരംമുട്ടി. എന്റെ നാവ് അണ്ണാക്കിനോടുപറ്റിപ്പോയി. എന്റെ ഹൃദയം തുടിച്ചു. എന്റെ മുമ്പാകെ അടഞ്ഞുകിടന്ന ആ മണിമാളികയുടെ വാതിലുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവനിപ്രകാരം പറഞ്ഞു "നീ ആരെത്തേടിവന്നു? ആരെച്ചൊല്ലി നീ പ്രലപിക്കുന്നു? നിന്റെ ഭഗവാന്റെ പ്രതിപുരുഷന്മാരെയോ? ഇക്കാണുന്ന നിന്റെ ദൈവങ്ങളും ആ ഭഗവാനും തമ്മിൽ എന്തൊരു ബന്ധമാണുള്ളതു്? അവർ തമ്മിൽ ധ്രുവങ്ങൾ പോലെ അകന്നിരിക്കുന്നു. മണലാരണ്യത്തിലെ മരീചിക കണ്ടു് നീർപ്പുഴയെന്നാശിച്ചു് ഓടിക്കുഴയുന്ന മാനിനെപ്പോലെ നീയും വഞ്ചിതനായല്ലോ. നിന്റെ ഭഗവാൻ നിനക്കുവേണ്ടി എവിടെയും കാത്തുനിന്നിട്ടാണിമണിമേടകളുടെ മുമ്പിൽനിന്നു കാലം കഴിച്ചതെന്തിനു്? കല്ലിലും മുള്ളിലും കൂടി നടന്നു രോഗികളെയും പാപികളെയും അന്വേഷിക്കുന്ന ഭഗവാൻ നിന്റെ മുമ്പാകെ എപ്പോഴും ഉണ്ടായിരുന്നിട്ടും വാഹനമുള്ള രോഗികളെയും പണമുള്ള പാപികളേയും മാത്രം അന്വേഷിക്കുന്ന ദൈവങ്ങളെ നീ എന്തിനു തെരഞ്ഞു? വിശപ്പും തണുപ്പും സഹിച്ചും ഏതുതരം ഭക്ഷണംകൊണ്ടു തൃപ്തിപ്പെട്ടും ജീവിച്ച ഭഗവാനുപകരം നീ കണ്ടതു് പട്ടിണിയും പ്രയാസവും അറിയാതെ സ്വാദുഭോജനം കൊണ്ടുമാത്രം തൃപ്തരാകുന്ന ദൈവങ്ങളെയല്ലേ? നിർദ്ധനന്റെ കഷ്ടതകളെപ്പറ്റി കേൾക്കാൻ പോലും ക്ഷമയില്ലാതെ അവർ, കുബേരന്റെ മനഃപ്രയാസങ്ങളെപ്പറ്റി കേൾക്കുമ്പോൾ ഭാരപ്പെടുന്നതു് നീ കണ്ടിട്ടില്ലേ?

കുരുടനും ഭിക്ഷുവിനും പ്രവേശമില്ലാത്ത അവരുടെ പള്ളിയറകളുടെ മുമ്പിൽവച്ചു് കുബേരന്റെ കുഞ്ഞുങ്ങളെ അവർ ആശ്ലേഷിക്കുന്നില്ലേ? ധനികന്മാരുടെയും സ്ഥാനികളുടേയും കുടുംബകാര്യങ്ങളിൽപോലും ശ്രദ്ധ ചെലുത്തുകയും അവരുടെ വിവാഹഘോഷങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യുന്ന അവർ പാവപ്പെട്ടവന്റെ നിത്യകർമ്മാദികളെപ്പറ്റി അറിയുന്നുണ്ടോ, വിശന്നു മേലോട്ടുനോക്കി കരയുന്ന ആളുകൾക്കു ഭക്ഷണം കൊടുക്കാതെ, തിന്നും കുടിച്ചും ജീവിതം കഴിക്കുന്ന ഇടയന്മാരാണോ നിന്റെ ആദൽദൈവങ്ങൾ? മകനെ! യഥാർത്ഥത്തെ ആരാഞ്ഞറിയുക; അന്വേഷിച്ചുകണ്ടുപിടിക്കുക. വേഷധാരികളാൽ വഞ്ചിതനാകരുതു്" ഇത്രയും പറഞ്ഞിട്ടു ആ ഭിക്ഷു പൊയ്ക്കളഞ്ഞു.

ഞാൻ വഞ്ചിതനായെന്നു് എനിക്കു ബോദ്ധ്യം വന്നു. കഴിഞ്ഞകാലങ്ങളിൽ അനുഭവപ്പെട്ട ഓരോ സംഭവത്തിന്റെയും പൊരുൾ എനിക്കു സ്പഷ്ടമായി. എന്റെ ഭഗവാന്റെ സാക്ഷാൽ സ്വരൂപത്തിന്റെ മുമ്പിൽ ഞാൻ സേവിച്ച ദൈവങ്ങളുടെ കൃത്രിമത്വം ഞാൻ തെളിഞ്ഞു കണ്ടു. ദേവാലയത്തിന്റെ ഒഴിഞ്ഞമൂലയിൽ നിന്നുകൊണ്ടു് വിമ്മിക്കരയുന്ന സാധുവിനോടു കരളുകനിയുന്ന എന്റെ ഭഗവാനെയും, പട്ടുവസ്ത്രധാരിയായ എന്റെ അയൽക്കാരനെ നോക്കി മന്ദസ്മിതം ചെയ്യുന്ന ദൈവങ്ങളെയും ഞാൻ കണ്ടു. പരിശന്മാരേയും ശാസ്ത്രികളെയും അപഹ

സിച്ച ഭഗവാനും ലോകജ്ഞാനികളെയും വിദ്വാന്മാരെയും പ്രശംസിക്കുന്ന ദൈവങ്ങളും തമ്മിലുള്ള അന്തരം ഞാൻ ഗ്രഹിച്ചു. വഞ്ചകന്മാരേയും വഷളന്മാരേയും അവരുടെ പ്രവൃത്തികളിൽ നിന്നും വിരമിപ്പിച്ച എന്റെ ഭഗവാനും, അത്തരക്കാരുടെ ദുഷ്ടതകളെ തന്ത്രപൂരമായ മൗനംകൊണ്ടനുവദിക്കുന്ന ദൈവങ്ങളും തമ്മിലുള്ള വ്യത്യാസം എനിക്കു ബോധ്യമായി. ദേവാലയത്തിലിരുന്ന വ്യാപാരികളെ നിർദ്ദയം അടിച്ചോടിച്ച ആ ഭഗവാന്റെ ഇന്നത്തെ പ്രതിപുരുഷന്മാർ, ധനികന്മാരുടെ കൈകളിൽ നിന്നും ചൊരിയുന്ന പലിശപ്പണംകൊണ്ടു സംതൃപ്തിയടയുന്ന കാഴ്ച എനിക്കു ഓർമ്മ വന്നു. അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കുന്ന ഭഗവാനെയും അദ്ധ്വാനിക്കാതെ അന്യായധനം സമ്പാദിക്കുന്നവരെ പ്രീണിപ്പിക്കുന്നതിൽ ഉത്സുകരായ ദൈവങ്ങളെയും ഞാൻ കണ്ടു. തൊണ്ണൂറ്റൊൻപതു നീതിമാന്മാരെ വിട്ടിട്ടു ഒരൊറ്റ പാപിയെ തേടി കാടും മേടും കയറിയ ഭഗവാനു പകരം ഞാൻ കണ്ടതു്, തൊണ്ണൂറ്റൊൻപതു പാവങ്ങളെ ഉപേക്ഷിച്ചിട്ടു ഒരൊറ്റ കുബേരനെ അന്വേഷിച്ചു നടക്കുന്ന ദൈവങ്ങളെയാണു്. തലചായ്പ്പാൻ ഇടമില്ലാതെ, ലോകത്തിൽ ജീവിച്ച ഭഗവാനു പകരം ഞാൻ കണ്ടതു് വസ്തുവകകളും ഹർമ്മ്യങ്ങളും സമ്പാദിക്കുന്നതിൽ ഉത്സുകരായ കനക പൂജാരികളെയായിരുന്നു. ഏതു മഹൽ സദസ്സിലും ഉന്നതസ്ഥാനം കാംക്ഷിക്കുന്ന ഈ ആഡംബര പ്രിയന്മാർക്കു പകരം എന്റെ മുമ്പിൽ കണ്ടതു്, ന്യായാധിപന്മാരുടെ മുമ്പിൽ നിന്ദയും അടിയും സഹിച്ചു നില്ക്കുന്ന എന്റെ ഭഗവാനെയായിരുന്നു. എന്റെ ഭഗവാൻ ദുഷ്ടന്മാർക്കു അവരുടെ ദുഷ്ടതകളെ വെളിപ്പെടുത്തിക്കാണിച്ചു. വഞ്ചകനെ വഞ്ചകനെന്നു വിളിക്കുന്നതിനു തിരുമേനി മടിച്ചില്ല, പക്ഷെ ഞാൻ കണ്ട ദൈവങ്ങൾ വഞ്ചകനെ മറന്നു കളകയും കള്ളനെ കാണാതിരിക്കയും ചെയ്യുന്നു.

കാലചക്രങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. ഞാനാരാധിച്ച ദൈവങ്ങൾ മുഴങ്ങുന്ന ചെമ്പുകളും ചെലമ്പുന്ന കൈത്താളങ്ങളും മാത്രമാണെന്നു് അവരുടെ ഓരോ പ്രവൃത്തിയും എന്നെ വിളിച്ചറിയിച്ചു. അവരിലുള്ള എന്റെ വിശ്വാസം കുറഞ്ഞുവന്നു. അവരുടെ സ്വാർത്ഥതയെ ഞാൻ വെറുത്തു. എനിക്കോ എന്നെപ്പോലുള്ള അഗതികൾക്കോ അവരെക്കൊണ്ടൊരു പ്രയോജനവുമില്ലെന്നായി. ലോകവ്യാപാരങ്ങളാൽ വ്യാമോഹിതരായ അവർ ആത്മവഞ്ചനകൾക്കു വിധേയരായി. എന്റെ ട്ടുത്തു് അവരെ അറിയിക്കണമെന്നു് ഞാൻ ഇച്ഛിച്ചു. അവരെ തേടിവീണ്ടും പുറപ്പെട്ടു. ചെല്ലുന്നിടത്തെങ്ങും അവരെക്കണ്ടില്ല. പാപം പുരളാത്ത പിഞ്ചു പൈതങ്ങളുടെ കളിസ്ഥലത്തു് ഞാൻ ചെന്നു നോക്കി, അവരെക്കണ്ടില്ല. പക്ഷേ അവരുടെ ഇടയിൽ എന്റെ ഭഗവാനെ കണ്ടു. മാതാവിന്റെ കൈകളിലിരുന്നു കൊഞ്ചിക്കുഴയുന്ന ഓമനപ്പൈതലിന്റെ മധുമന്ദഹാസത്തിനിടയിലും ഞാനെന്റെ ഭഗവാന്റെ അകൃത്രിമ സൗന്ദര്യം ദർശിച്ചു. അവിടെയും അവർക്കു പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നതായറിഞ്ഞു. നടന്നു ക്ഷീണിച്ചു വലഞ്ഞ വൃദ്ധനു് കൈത്താങ്ങൽ കൊടുക്കുന്ന ഭഗവാന്റെ പിമ്പിൽ അവർ കാണുമെന്നു ഞാനാശിച്ചിരുന്നു. പക്ഷേ, അവിടെയും അവരില്ലായിരുന്നു. വഴിയരികെയിരുന്നു കൊടുവെയിലേറ്റു് പാറ പൊട്ടിക്കുന്ന കല്ലുണിക്കാരന്റെ നെറ്റിത്തടത്തിലെ വിയർപ്പുതുള്ളികൾ തുടയ്ക്കുന്ന എന്റെ ഭഗവാനെ ഞാൻ കണ്ടു. അവിടെയും അവരില്ലായിരുന്നു. നട്ടുച്ചയ്ക്കു് നിലം ഉഴുതു കഷ്ടപ്പെടുന്ന കർഷകന്റെ കലപ്പയുടെ പിമ്പിൽ എന്റെ ഭഗവാന്റെ കാല്പാടുകളെ ഞാൻ വ്യക്തമാ

യിക്കണ്ടു. അവിടെയും അവരുടെ അഭാവം തെളിവായിരുന്നു. കഠിനരോഗത്താൽ അവശതപ്പെട്ടു കരയുന്ന രോഗിയുടെ സമീപത്തിരുന്ന് എന്റെ ഭഗവാൻ അവനെ ആശ്വസിപ്പിക്കുന്നതുകണ്ടു. പക്ഷേ, ആ പ്രദേശത്തെങ്ങും അവരില്ലായിരുന്നു. തടവുകാരൻമോക്ഷം ഉപദേശിക്കുന്ന ഭഗവാന്റെ അരികത്തും അവരില്ലായിരുന്നു.

ഈ ദൈവങ്ങൾ എവിടെപ്പോയി മറഞ്ഞിരിക്കുന്നുവെന്ന് ഞാനത്ഭുതപ്പെട്ടു. അവരെക്കാണാനായി തെരഞ്ഞ സ്ഥലങ്ങളിലെങ്ങും അവരില്ലല്ലോ എന്നു ചിന്തിച്ച് ഞാൻ നിലവിട്ടുനിന്നുപോയി. ഭാരംവലിച്ചു ക്ഷീണിച്ച മൃഗങ്ങൾക്കു കൊടുക്കാനായി തൊട്ടിയിൽവെള്ളം നിറച്ചുകൊണ്ടുനിന്നിരുന്ന എന്റെ ഭഗവാൻ അപ്പോൾ തന്റെ ദിവ്യമുഖകമലം എങ്കലേയ്ക്കു തിരിച്ചു. അനിർവാച്യമായ ഒരു ആനന്ദാനുഭൂതിഎനിക്കുണ്ടായി. സ്നേഹമസൃണമായ സ്വരത്തിൽ അവിടുന്നെന്നോടിപ്രകാരം പറഞ്ഞു "നീഅവരെ തെരയുന്നു; എന്റെ ദാസന്മാരേയോ. എന്നാൽ നീ ഇപ്പോൾ അന്വേഷിക്കുന്നവർ എന്റെ ദാസന്മാരല്ല. അവർ നാമധാരികളായ എന്റെ പ്രതിപുരുഷന്മാർ മാത്രം. ഞാനുള്ളടത്ത് നീ അവരെക്കാണുകയില്ല. പ്രകാശംവരുമ്പോൾ ഇരുളൊഴിഞ്ഞു് മാറുന്നതുപോലെ എന്റെ മുമ്പിൽ നിന്നവർ ഒഴിഞ്ഞുമാറിക്കളയുന്നു. എന്റെ പ്രത്യേകസാന്നിദ്ധ്യം ഇല്ലാത്ത സ്ഥലങ്ങളിൽ മാത്രം നിനക്കവരെക്കാണാം." ഞാൻ വെമ്പലോടെ മുമ്പോട്ടുപാഞ്ഞു. എന്റെ ഭഗവാന്റെ ഈ ദൂത് അവരെ അറിയിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. പട്ടണത്തിൽ ഞാൻ പ്രവേശിച്ചപ്പോൾ അവരുടെ സാന്നിദ്ധ്യത്തെ വിളിച്ചറിയിക്കുന്ന സന്നാഹങ്ങൾ അവിടെങ്ങും പ്രത്യക്ഷമായിരുന്നു. ദേവാലയത്തിന്റെ പ്രാകാരത്തിനുള്ളിലും വിദ്വാന്മാരുടെ സദസ്സുകളിലും രാജാക്കന്മാരുടെ മണിമേടകളിലും ഉന്നതന്മാരുടെ വിരുന്നുസൽക്കാരങ്ങളിലും നീതിന്യായകോടതികളിലെ പ്രാന്തങ്ങളിലും ധനവിനിമയം നടത്തുന്ന സ്ഥാപനങ്ങളിലും അവരുടെ മൃദുല പാദങ്ങളുടെ വിന്യാസം ഞാൻ തെളിഞ്ഞുകേട്ടു. ഞാൻ സൂക്ഷിച്ചുനോക്കി. അവർ അവിടെയുണ്ടായിരുന്നു. പക്ഷേ, അവിടെയും അവർ എന്റെ ഭഗവാനെ ക്രൂശിക്കയും അവന്റെ അങ്കിക്കുവേണ്ടി ചീട്ടിടുകയുംചെയ്യുന്നകാഴ്ചയാണ് ഞാൻ കണ്ടത്

ആത്മശിക്ഷണവും സ്വാതന്ത്ര്യവും

പി. അനന്തൻപിള്ള എം. ഏ.

ആത്മസുഖം അന്വേഷിക്കുന്നതു് ഒരു അപരാധമായിത്തീരുന്നതല്ല. എന്തെന്നാൽ അതു് അനാശാസ്യങ്ങളായ മററു പല മാർഗ്ഗങ്ങളിലും സഞ്ചരിക്കുന്നതിനേക്കാൾ നല്ലതാണല്ലോ. എന്നാൽ സുഖാനുഭവത്തിലുള്ള ഉച്ചനീചത്വങ്ങൾ നോക്കാനുള്ളതാകുന്നു. സുഖാന്വേഷണത്തിലും ഈ വകതിരിവുവേണം. വിവേകമുള്ളവന് കുട്ടികൾ കളിപ്പാട്ടങ്ങൾ എന്നപോലെ വേണ്ടാത്തതു വേഗം ഉപേക്ഷിക്കുവാൻ കഴിയും.

ഉൽകൃഷ്ടമാർഗ്ഗങ്ങളിൽ കൂടിയുള്ള സുഖാനുഭവം ഈ ലോകത്തിൽ ആവശ്യവും കാംക്ഷണീയവും ആണു്. അതുതന്നെയാണു് ജന്മോദ്ദേശ്യം എന്നു വിചാരിക്കുന്നതിൽ അപാകമില്ല. എന്നാൽ ലോകകാര്യങ്ങളിലുള്ള വ്യഗ്രത നമ്മെ അലട്ടിക്കൊണ്ടിരിക്കുമ്പോൾ ഇതെങ്ങനെയാണു് സാധിക്കേണ്ടതു്? നിരന്തരമായ സൌഭാഗ്യത്തിനു നമുക്കവകാശമുണ്ടോ? ഇതൊക്കെ ആലോചിക്കുമ്പോളാണു് ആത്മശിക്ഷണം ഗണനീയമായിത്തീരുന്നതു്. എന്തെന്നാൽ ശൈശവത്തിൽ തുടങ്ങി നാം അസ്വാഭാവികങ്ങളായ വാസനകളെ നശിപ്പിക്കുകയും ശ്രേഷ്ഠങ്ങളായവയെ കൈക്കൊള്ളുകയും ചെയ്‌വാൻ പഠിച്ചില്ലെങ്കിൽ ജീവിതസുഖം പരിപൂർണ്ണമായി അനുഭവിക്കുവാൻ സാധിക്കുന്നതല്ല.

നിയമപരിധിക്കുള്ളിൽ വർത്തിക്കുകയും അതേസമയത്തു ദാസഭാവം അവലംബിക്കാതിരിക്കയും ചെയ്താൽ മാത്രമേ ഈ ഉദ്ദേശ്യം സാധിക്കയുള്ളു. സ്വാതന്ത്ര്യമാണു് സർവ്വോപരിശ്രേഷ്ഠം എന്നു ഭാവിച്ചു് മതിമറന്നു പോകരുതു്. അങ്ങനെയുള്ള മനോഗതി ആത്മശിക്ഷണത്താൽ നിയന്ത്രിക്കണം. ശിക്ഷണവും സ്വാതന്ത്ര്യവും എപ്പോഴും സമനിലയിൽ വളർത്തിക്കൊണ്ടുപോകുന്നതു നന്നായിരിക്കും. ശിശുക്കളായിരിക്കുമ്പോൾ നാം അങ്ങനെയാണല്ലോ വർത്തിച്ചിരുന്നതു്. പിന്നീടു് എന്തെല്ലാം അനാശാസ്യങ്ങളായ ഭേഗതികളാണു് നമ്മുടെ ജീവിതത്തിൽ കടന്നുകൂടീട്ടുള്ളതു്!

ഒന്നാമതായി നമുക്കുണ്ടായിരുന്ന ഏകാഗ്രബുദ്ധി എവിടെപോയി? കുട്ടിക്കാലത്തു ഗുരുജനങ്ങൾ പറഞ്ഞുതന്ന കഥകളും മററും ഇതരവ്യാപാരമുക്തമായ ശ്രദ്ധയോടുകൂടിയല്ലേ നാം കേട്ടുകൊണ്ടിരുന്നതു്? ഇങ്ങനെ ഈ ശ്രദ്ധ നിലനിർത്തിയിരുന്നു എങ്കിൽ വൈഷമ്യമേറിയ പലജീവിതപ്രശ്നങ്ങളിലും വിജയം നേടുന്നതിനും ഒടുവിൽ സകല ജീവജാലങ്ങളുടേയും ഉൽപ്പത്തിസ്ഥാനമായ പരാശക്തിയിലേയ്ക്കു മനസ്സിനെ നയിക്കുവാനും എത്ര എളുപ്പമായിരുന്നേനെ.

ഏകാഗ്രമായ ബുദ്ധിയെ ഒരു സംഗതിയിൽനിന്നു മറെറാന്നിലേയ്ക്കു സംക്രമിപ്പിക്കുവാനും ശൈശവത്തിൽ നാം പഠിച്ചിരുന്നു. പക്ഷെ അന്നു വിവേകമില്ലാതിരുന്നതിനാൽ ഏതിലാണു പ്രവേശിക്കേണ്ടതെന്നറിയാതെ അന്യാഭിപ്രായത്തിനു വിധേയരായിക്കഴിച്ചുകൂട്ടേണ്ടിവന്നു. വിദ്യാഭ്യാസംകൊണ്ടു വിവേകം വളർന്നപ്പോൾ ആണു് നമുക്കനുരൂപമായ മാർഗ്ഗത്തിലല്ല സഞ്ചരിക്കുന്നതെന്നു മനസ്സിലായതു്. പിന്നീടു നേരെയാകാൻ ഒട്ടുവളരെ പ്രയത്നം ചെയ്യേണ്ടതായിവന്നു.

നല്ല നല്ല കാര്യങ്ങളിലേക്ക് ഏകാഗ്രതയെ മാറി മാറി നയിക്കുവാൻ സാധിച്ചാൽ ലോകോത്തരമായ ശ്രേയസ്സും അലഭ്യമല്ലെന്നു സ്ഥാപിക്കുവാൻ വിഷമമില്ല.

വേറെയും നമുക്കു ശൈശവത്തിലുണ്ടായിരുന്ന നിസർഗ്ഗലളിതങ്ങളായ സ്വഭാവവിശേഷങ്ങൾ പലതും നാം കൈ വെടിഞ്ഞതു കഷ്ടമായി. അന്നതിലൊക്കെ കലർപ്പില്ലാത്ത സന്തോഷമാണ് നാം അനുഭവിച്ചിരുന്നത്. ഓട്ടം, ചാട്ടം, വെള്ളത്തിൽ നീന്തൽ, പന്തുകളി ഇതിലൊക്കെ എന്തു ഉത്സാഹമായിരുന്നു! മററുള്ളവരെ സഹായിക്കുന്നതിലും ആത്മസന്തോഷം ഒന്നുമാത്രമേ നിയാമകമായിരുന്നുള്ളു. ഏതു കാര്യത്തിലും മററുള്ളവരെ അതിശയിക്കേണ്ടതെങ്ങനെ എന്നായിരുന്നു വിചാരം.

കുട്ടിക്കാലത്തു നമുക്കു നാനാവർണ്ണങ്ങളിലുള്ള പൂക്കളോടുണ്ടായിരുന്ന പ്രതിപത്തി എവിടെപ്പോയി? അന്നു നാം അകാരണമായി പുഷ്പങ്ങൾ ശേഖരിക്കുകയും, അവയുടെ നിറപ്പകിട്ടിലും പരിമളധോരണിയിലും ആനന്ദതുന്ദിലരായി സമയം കഴിക്കയും ചെയ്തില്ലേ? അതുപോലെ അരുണോദയത്തിലുണ്ടാകാറുള്ള ആഹ്ലാദവും മററു മനോഹരങ്ങളായ പ്രകൃതിദൃശ്യാവലികൾ കാണുമ്പോൾ തോന്നുന്ന അനുഭവരസവും നിരന്തരമായി നമ്മിൽ സ്ഥിതിചെയ്തിരുന്നു എങ്കിൽ ജീവിതദുഃഖം എന്നൊന്ന് അസ്ഥാനത്താകുമായിരുന്നില്ലേ? ശൈശവപ്രായത്തിൽ നമുക്ക് മിണ്ടാപ്രാണികളോടു അകൈതവമായ സ്നേഹം ഉണ്ടായിരുന്നു. അതും കാലാന്തരത്തിൽ നാമാവശേഷമായി. ഇതിനെക്കാളുമൊക്കെ ഉപരിയായ മറെറാരു ഗുണം കുട്ടിപ്രായത്തിൽ നമുക്കുണ്ടായിരുന്ന സാമൂഹ്യസമ്മേളനപ്രതിപത്തിയാണ്. എന്തൊക്കെ അസ്വാരസ്യങ്ങളുണ്ടായിരുന്നിട്ടും ചെങ്ങാതിമാരുടെ സംഖ്യ ഒരിക്കലും കുറഞ്ഞിട്ടില്ല. ഇങ്ങനെയുള്ള സൗഹൃദങ്ങൾ വിവേകപൂർവം പരിപാലിക്കാൻ കഴിയാതെ അനേകംപേർ പശ്ചാത്തപിച്ചിട്ടുള്ളതായി ഇതെഴുതുന്നയാൾക്കറിയാം.

സമുദായത്തിലെ അംഗങ്ങളായി വളർന്നു വരുന്നു എന്നബോധം നമുക്കുണ്ടാവുമ്പോൾ, അന്യരോടുള്ള പെരുമാററത്തിൽ ചില പാഠങ്ങളെല്ലാം പഠിക്കുവാൻ നാം നിർബന്ധരായിത്തീരുന്നതുമൂലം പണ്ടത്തെ സ്വാതന്ത്ര്യത്തിനു പലവിധത്തിലും ഹാനിസംഭവിച്ചേക്കാൻ ഇടയുണ്ട്. എങ്കിലും മുകളിൽ പറഞ്ഞമാതിരിയിലുള്ള സ്വഭാവം പരാധീനത്തിൽ പാടെ നശിച്ചുപോകുകയാണെങ്കിൽ പല ജീവിതാനുഗ്രഹങ്ങളും അതോടൊന്നിച്ചു പോയി എന്നു വിചാരിച്ചുകൊള്ളാം.

യൌവനപ്രായത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന ഒരു വിഷമപ്രശ്നം പ്രേമമാണ്. പണ്ടത്തെപ്പോലെയുള്ള നൈസർഗ്ഗികവും ആത്മപ്രചോദിതവും ആയ ഒരു വികാരമല്ലഇത്. അത്യന്തം ശക്തിമത്തും പ്രലോഭനകരവും, അനിവാര്യവും, താരുണ്യസഹജവുംആയ പ്രേമശൃംഖലകൊണ്ടു വിധിനമ്മെ ബന്ധിക്കുമ്പോൾ കീഴടങ്ങുകയേനിവൃത്തിയുള്ളു. അതുവരെയുള്ള സുഖാനുഭവത്തിൻെറ തോതുതന്നെ മാറിയിരിക്കുന്നതായി കാണാം. അന്തരാത്മാവിൽ ലയിച്ചിരുന്ന ഒരു പ്രത്യേക സംസ്കാരത്തിൻെറ ഫലമായിട്ടാണു പ്രേമം ആവിർഭവിക്കുന്നതെങ്കിൽ അതിൻെറ കാരണത്തിന് ശൈശവത്തിലേക്ക് എത്തിനോക്കിട്ടുകാര്യമില്ല. അക്കാലത്തുണ്ടായ സുഖങ്ങൾ ക്ഷണികങ്ങളെങ്കിൽ പ്രേമപരിണാമമായ സുഖം നിത്യമായിട്ടുള്ളതാകുന്നു എന്നത്രേ ഭാരതീയ ചിന്തകന്മാർ അഭിപ്രായപ്പെടുന്നത്. അത് ആത്മാവിൻെറ

സംതൃപ്തിക്കുതകുന്നതാകയാലായിരിക്കണം ഈ അഭിപ്രായം ഉണ്ടായത്. ഈ ഘട്ടത്തിലാണ് മതത്തിന്റെ ആവശ്യം നമ്മക്കുണ്ടാകുന്നത്. പ്രേമവും മതവുമായുള്ള ബന്ധം എങ്ങനെ എന്ന് അടുത്തലക്കത്തിൽ പ്രതിപാദിക്കാം.

മലയാള നാടകവേദി

പുരോഗതിക്കുള്ള ചില നിർദ്ദേശങ്ങൾ

ആർ. സുകുമാരൻ ബി. എ. ബി. എൽ.

മലയാള നാടകവേദിയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള പരിവർത്തനങ്ങൾ ആശാവഹങ്ങളാണ്. എന്നാൽ കലാലോകത്തിനൊ കേരളീയർക്കൊ അഭിമാനിക്കത്തക്ക ഒരു പദവി നമ്മുടെ നാടകവേദിയ്ക്കിനിയും ലഭിച്ചിട്ടില്ല. കാലാനുസൃതങ്ങളായ പരിവർത്തനങ്ങൾ മുഖേനയും കലാകാരന്മാരുടേയും കലാപ്രണയികളുടേയും നിരന്തരവും ഏകോപിച്ചുമുള്ള ശ്രമഫലമായും മാത്രമേ അതു നേടുകയുള്ളു.

പ്രതിപാദ്യ വിഷയത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പായി നാടകശാലയെ സംബന്ധിച്ച് ഒരു സംഗതി പ്രസ്താവിക്കുവാനുണ്ട്.

നാടകശാലകൾ ഇത്ര വലിപ്പത്തിലും നിലവിലുള്ള പ്ലാനിലുമായതുകൊണ്ട് സ്റ്റേജിൽ നടക്കുന്ന സ്വാഭാവിക സ്വരത്തിലുള്ള സംഭാഷണവും സംഗീതവും കേൾക്കുന്നതിനോ സ്വാഭാവികമായ അഭിനയം കാണുന്നതിനോ പ്രേക്ഷകരിലെ പിന്നണിക്കാരായ ഭൂരിപക്ഷമാളുകൾക്കും സാധിക്കുന്നില്ല. ഈ ന്യൂനത പരിഹരിക്കുന്നതിനായി നടീനടന്മാർ നാടകവേദിയിലെ സംഭാഷണം, സംഗീതം, അഭിനയം മുതലായവയെ അങ്ങേയററംവരെ വലിച്ചു നീട്ടുന്നു. ഇതിന്റെ ഫലം കലാപരമായി നാടകാഭിനയം പരാജയപ്പെടുകയാണ്. നാടകവേദിയുടെ വിനാശകരമായ ഈ ഗതി തടയുന്നതിന് ഒരേ ഒരു മാർഗ്ഗമേ കാണുന്നുള്ളു. അത് നാടകാഭിനയം പ്രേക്ഷകർക്കെല്ലാം സൌകര്യമായി കാണുന്നതിനും കേൾക്കുന്നതിനും സഹായിക്കുന്ന രീതിയിൽ നാടകശാലകളുടെ പ്ലാനിലും അവയ്ക്കുള്ളിലെ ആസനസംവിധാനത്തിലുംവേണ്ട മാററങ്ങൾവരുത്തുകയാണ്. അതു ചെയ്യാതിരിക്കുന്നത്രയും കാലം നാടകാഭിനയം പൊതുവിൽ പരാജയപ്പെടുകതന്നെ ചെയ്യും.

മലയാള നാടകവേദിയിൽ സർവ്വസാധാരണമായികണ്ടുവരുന്ന ചില ന്യൂനതകൾ ചൂണ്ടിക്കാണിക്കുകയും അവയുടെ പരിഹാരത്തിനായ് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയുമാണ് ഈ ലേഖനംകൊണ്ടു പ്രധാനമായുദ്ദേശിക്കുന്നത്.

രംഗവിധാനം

രംഗവിധാനം പൂർണ്ണമായുള്ള നാടകവേദികൾ കേരളത്തിലില്ല. സാധാരണയുള്ള സംവിധാനം ഭാവനാരഹിതങ്ങളായ ചിത്രങ്ങളോടുകൂടിയ ചില തിരശ്ശീലകൾ (കർട്ടൻസ്) മാത്രമാണ്. ഇവ നൽകുന്ന പശ്ചാത്തലങ്ങളിലാണ് എല്ലാ നാടകങ്ങളും അഭിനയിക്കുന്നത്. പലപ്പോഴും ഇവ കഥാപ്രകൃതത്തിനു വിയോജിച്ചതുമായിരിക്കും.

ഇക്കാൎയ്യം നിസ്സാരമായ് ഗണിക്കുന്നതു മൂലം കലാപരമായി നാടകത്തിനപജയമാണുണ്ടാകുന്നതു്.

രംഗവിധാനത്തിലുള്ള ഈ ന്യൂനത മായദീപ (Magic Lantern) യന്ത്രസഹായത്താൽ നിഷ്പ്രയാസം പരിഹരിക്കാവുന്നതാണെന്നു് പരീക്ഷിക്കാവുന്നതാണു്. ഇതിന്നായി ഓരോ നാടകത്തിലേയും വിവിധരംഗസൃഷ്ടിയ്ക്കാവശ്യമായ ചിത്രങ്ങൾ ചെറിയ രൂപത്തിൽ എഴുതി ഉണ്ടാക്കേണമെന്നേയൊള്ളു. ചിത്രങ്ങൾ സ്വാഭാവിക വൎണ്ണങ്ങളോടുകൂടിയായിരുന്നാൽ കൂടുതലാകൎഷകമായിരുന്നേക്കു മെന്നുള്ള സംഗതിയും മറ്റും വിസ്മരിക്കരുതു്. കൂടാതെ ഈ ദീപത്തിന്റെ സഹായത്താൽ തന്നെ കഥാഭാഗങ്ങളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലിഖിതരൂപത്തിൽ നൽകുന്നതിനും കഴിയും. ഇങ്ങനെ ചെയ്താൽ ഏതു രംഗവും സജീവവും സ്വാഭാവികവുമാക്കുന്നതിനു സഹായിക്കുന്ന പശ്ചാത്തലം സൃഷ്ടിക്കുന്ന കാൎയ്യത്തിൽ വൈഷമ്യം നേരിടുന്നതല്ല.

ദീപസംവിധാനം

ദീപസംവിധാനത്തിലും വേണ്ടത്ര ശ്രദ്ധ പതിഞ്ഞിട്ടില്ല. വിവിധവൎണ്ണങ്ങളിലുള്ള ദീപം സന്ദൎഭോചിതമായി സ്റ്റേജിൽ നൽകുന്നതിനും, സ്തോഭങ്ങൾ പ്രകടിപ്പിക്കുമ്പോൾ നടീനടന്മാരുടെ മുഖത്തു പ്രത്യേകമായി പ്രകാശിപ്പിക്കുന്നതിനും, കഴിയണം. എന്നാൽ ഇതിലേക്കുവേണ്ടി ചെയ്യുന്ന ചില സാഹസങ്ങൾ കാണികളെ വല്ലാതെ വെരുപ്പിക്കുന്നതായും തീരുന്നുണ്ടു്.

വേഷവിധാനം

നടീനടന്മാർ പലപ്പോഴും അവരവരുടെ കഴിവും, വാസനയുമനുസരിച്ചാണു് വേഷഭൂഷാദികളണിയുന്നതു്. ഇതുമൂലം നാടകാഭിനയം പരാജയപ്പെടുക മാത്രമല്ല കലാപരമായ അവരുടെ അജ്ഞതയും വെളിപ്പെടുന്നു.

ഞാൻകണ്ട ഒരു നാടകത്തിൽ അക്ബർചക്രവൎത്തിയേയും സലിംരാജകുമാരനേയും നിഷ്പ്രഭമാക്കുന്നവേഷഭൂഷാദികളണിഞ്ഞതായിരുന്നു ഒരു രജപുത്രൻ ആദ്യാവസാനം അഭിനയിച്ചതു്. കാരണം ആ നടൻ നാടകത്തിൽ നായകനും നടന്മാരിൽ പ്രധാനിയും ആണെന്നുള്ളതാണു്. അതേസമയത്തു് സലിംരാജകുമാരനാകട്ടെ വിരൂപനും, ദരിദ്രവേഷധാരിയും പിന്നോക്കമനസ്ഥിതിക്കാരനു (Inferiority Complex)മായിട്ടാണു് കാണപ്പെട്ടതു്.

ഇതിൽനിന്നു് വ്യക്തമാകുന്നതു്, മറ്റുള്ള കഥാപാത്രങ്ങളേക്കാളും നായകനും നായികയും സൌന്ദൎയ്യമുള്ളവരും മെച്ചമായിവേഷമണിഞ്ഞവരുമായിരിക്കണമെന്നു നാടകാഭിനയക്കാർ ധരിച്ചുവശായിരിക്കുന്നുവെന്നുള്ളതാണു്. ദയാൎഹമായ ഈ ധാരണ മാറേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

സംഭാഷണം

നടീനടന്മാരുടെ സംഭാഷണങ്ങളിൽ തെളിഞ്ഞു കാണുന്ന ഒരു ന്യൂനത എല്ലാവരും നീണ്ടവാചകങ്ങളും കഠിനപദങ്ങളുമുപയോഗിക്കുന്നുവെന്നുള്ളതാണു്. ഇതുമൂലം സംഭാഷണത്തിന്റെ സ്വാഭാവികതയും ആസ്വാദ്യതയും നിശ്ശേഷം നശിക്കുന്നു. ഈ ന്യൂനത പരിഹരിക്കുന്നതിനും നടീനടന്മാർ അറിഞ്ഞും അസ്വദിച്ചും സംഭാഷണം നടത്തുന്നതിനും സാമാന്യരായ പ്രേക്ഷകൎക്കു മനസ്സിലാകുന്നതിനും, ലളിതമായ ഭാഷാശൈലി ഉപയോഗിക്കുന്നതുകൊള്ളാം. ഈ കാൎയ്യത്തിൽ വിശേഷിച്ചു നാടകകൎത്താക്കൾ കൂടുതൽ ശ്രദ്ധപതിക്കണം.

അഭിനയം

സ്വാഭാവികവും തന്മയത്വവുമായ അഭിനയമാണു് നാടകത്തിനാവശ്യമുള്ളതു്. എന്നാൽ അതുമാത്രം വളരെ വിരളമായിക്കാണുന്നു. അമിതാഭിനയവും അഭിനയമില്ലായ്മയും ധാരാള

മായിക്കാണാനുമുണ്ട്. ഈ രണ്ടുകുറവുകളും നിഷ്പ്രയാസം പരിഹരിക്കാവുന്നതുമാണ്. എന്നാൽ യഥാർത്ഥാഭിനയത്തിനു കലാവാസനയും പാടവവും, ഭാവനയും, ബുദ്ധിയും വേണ്ടതാണല്ലോ. ഇവയെല്ലാമുണ്ടായാൽമാത്രമേ അഭിനയ ഭാഗം മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനും അതിൽ ലയിച്ചഭിനയിക്കുന്നതിനും കഴിയുകയുള്ളു. ഈ ഗുണവിശേഷങ്ങളുള്ള നടീനടന്മാർ ധാരാളമായി നാടകവേദിയിൽ പ്രത്യക്ഷരാകുന്നതു മൂലമേ നാടകകലയ്ക്കു പുരോഗതിയുണ്ടാകുകയുള്ളു.

സംഗീതം

മലയാള നാടകവേദി സംഗീത സഹിതമോ സംഗീതരഹിതമോ ആയിരിക്കേണ്ടതെന്ന ചോദ്യം ഉണ്ടായിട്ടുള്ളതാണ്. ഒരു കാര്യം വ്യക്തമാണ്. ഏതാനും സംഗീത വിദ്വാന്മാരുൾപ്പെട്ടതുകൊണ്ടോ ശ്രുതിമധുരങ്ങളായ കുറേഗാനങ്ങളാലപിച്ചതുകൊണ്ടോ നാടകം വിജയിക്കുകയില്ല. അതു മററു പ്രകാരത്തിൽതന്നെ വിജയിക്കണം. അങ്ങനെവിജയിച്ചാൽ സംഗീതംമൂലം അതിന്റെ ആകർഷകത വർദ്ധിക്കുന്നതാണ്. അതു ഔചിത്യത്തോടുകൂടി പ്രകടിപ്പിച്ചാൽ മാത്രമേ ഉണ്ടാകുകയുള്ളു. അല്ലാത്തപക്ഷം നാടകദൃഷ്ട്യാ അതു വിനാശകരമായിരിക്കും.

നാടക വേദിയിലെ സംഗീതോപകരണങ്ങളിലും ചില മാററങ്ങൾ വരുത്തണം. ഹാർമ്മോണിയത്തിനും മററുപകരണങ്ങൾക്കും പകരം ആർക്കെസ്ട്രാ (Orchestra) ഏർപ്പെടുത്തുന്നതു നന്നായിരിക്കും. അതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു.

പോസസ് (നിലകൾ)

സംഭാഷണം, അഭിനയം മുതലായവ നടത്തുമ്പോൾ നടീനടന്മാർ സ്വീകരിക്കേണ്ട പോസസ്സിൽ ഇപ്പോൾ വേണ്ടത്ര ശ്രദ്ധ പതിഞ്ഞു കാണുന്നില്ല. നടീനടന്മാർ മുഖത്തോടുമുഖം നോക്കാതെ മുൻവശത്തുള്ള ശ്രോതാക്കളെ നോക്കിക്കൊണ്ട് വികാരഭരിതവും, വികാരരഹിതവുമായ സംഭാഷണങ്ങൾ നടത്തുക സാധാരണമാണ്. ഇതിന്റെ അനൌചിത്യം എത്രയും സ്പഷ്ടമാണല്ലോ?

എനിക്കു കാണുവാൻ കഴിഞ്ഞ ഒരു നാടകത്തിലെ ഒരു സംഭാഷണരംഗം വിവരിക്കാം.

സ്റ്റേജിന്റെ പിൻഭാഗത്തുമാറി ഒരു രാജ്ഞി സിംഹാസനത്തിലാവിഷ്ടയായിരിക്കുന്നു. മന്ത്രിപ്രവേശിച്ചു രാജ്ഞിയുടെ മുൻവശത്തൊരു ഭാഗത്തേയ്ക്കു മാറിനില്ക്കുന്നു. സന്ദർഭവശാൽ ഇവർ രണ്ടുപേരും ഒരുവാക്വിവാദത്തിലേർപ്പെടുന്നു. വികാരഭരിതനായി ദീർഘനേരം മന്ത്രി സംസാരിക്കുന്നു. ഹസ്താഭിപ്രകടനത്തോടുകൂടി നടത്തിയ ആ സംസാരം മുഴുവനും ശ്രോതാക്കളിൽ (പ്രേക്ഷകരിൽ) ദൃഷ്ടിപതിച്ചു കൊണ്ടാണ് നിർവ്വഹിച്ചതു്. സ്വാഭാവികമായി രാജ്ഞിയെനോക്കി അവരിൽതന്നെ ദൃഷ്ടിപതിച്ചു നിർവ്വഹിക്കേണ്ട ഒരു സംഭാഷണരംഗമായിരുന്നു അതു്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ രാജ്ഞിയുടേയും മന്ത്രിയുടേയും അനുചിതമായ പോസസ്സ് മൂലം മന്ത്രിയുടെ മുഖം പ്രേക്ഷകരിൽ നിന്നു പിന്തിരിഞ്ഞുപോകുമായിരുന്നു. അതോടുകൂടി അദ്ദേഹം പ്രദർശിപ്പിക്കുന്ന സ്തോഭങ്ങളും അവർക്കുകാണാൻ കഴിയാതെ വരുമായിരുന്നു. പ്രേക്ഷകർ കാണുന്നതിനു സഹായിക്കുന്ന നില സ്വീകരിച്ചപ്പോൾ ആ സംസാരം രാജ്ഞിയോടല്ലെന്നുതോന്നുന്ന 'പോസ്സി'ലാകുകയും അതോടുകൂടിആ രംഗത്തിന്റെ സ്വാഭാവികത്വം വിജയവും നശിക്കുകയും ചെയ്തു.

ഇതുപോലെ അസ്വാഭാവികങ്ങളായ 'പോസ്സ്' എല്ലാ നാടകങ്ങളിലും ധാരാളമായിക്കാണാം. ഇതധികവുംനാടകസ്റ്റേജിന്റെ പരിമിതികൾമൂലം സംഭവിക്കുന്നതാണ്. എന്നാൽ വേണ്ടത്ര ശ്രദ്ധി

ച്ചാൽ ഇതിന്നു കുറെയൊക്കെ പരിഹാരം കാൺവാൻ കഴിയും. മേൽവിവരിച്ച രംഗത്തിൽ രാജ്ഞിയെ സ്റ്റേജിന്റെ ഒരു വശത്തിരുത്തി) ഹാർമ്മോണിസ്റ്റു ഇരിക്കുന്നതുപോലെ) അവരുടെ മുൻവശത്തു നിന്ന് അവരെത്തന്നെ നോക്കി സംഭാഷണം നടത്തിയിരുന്നെങ്കിൽ മന്ത്രിയുടെ ആവശ്യം ഒരുപോലെ നിറവേറുമായിരുന്നു.

അഭിനയത്തിനു സ്വീകരിക്കുന്ന നാടകത്തെക്കുറിച്ചും ഒരു കാര്യം പറയാനുണ്ട്. ഈയിടെ കളിക്കുന്ന എല്ലാ നാടകങ്ങളിലെയും കഥകൾക്കും സംഭവങ്ങൾക്കും വിരസമായ ഒരു സാദൃശ്യം കാണുന്നുണ്ട്. എല്ലാം പ്രേമത്തിൽ തുടങ്ങുകയും പ്രേമപരാജയത്തിലോ വിജയത്തിലോ കലാശിക്കുകയും ചെയ്യും. പ്രേമത്തിന്റെ ഗതി സുഗമമായിരിക്കുകയില്ല. 'വില്ലനും' സഹചാരികളും, അവരുടെ ഗൂഢാലോചനകളും ചതികളും, പരാക്രമങ്ങളും എല്ലാ നാടകങ്ങളിലും കാണുന്നുണ്ട്. വാസ്തവം പറഞ്ഞാൽ ഇത്തരം നാടകങ്ങൾ കണ്ടു കണ്ണു പുളിച്ചു, മനസ്സു മടിച്ചു. ആയതിനാൽ അഭിനയത്തിനായ് സ്വീകരിക്കുന്ന നാടകങ്ങൾക്ക് കൂടുതൽ വൈവിധ്യമുണ്ടായിരിക്കുവാൻ ശ്രദ്ധിക്കണം. യഥാർത്ഥ വാസനയും പ്രതിഭയും ഉള്ളവർ എഴുതുകയും വേണം.

എല്ലാത്തിനുമുപരിയായി നമ്മുടെ നാടകവേദി തികച്ചും കേരളീയമാക്കുകയും കേരളക്കരയുടെ നേട്ടങ്ങളേയും ആവശ്യങ്ങളേയും, നീതിയേയും അനീതിയേയും, ആചാരങ്ങളേയും ദുരാചാരങ്ങളേയും, ക്ഷേമത്തേയും, കഷ്ടതയേയും, സമൃദ്ധിയേയും ദുർഭിക്ഷതയേയും കലാവൈഭവത്തോടും അനുഭൂതിയോടും പ്രദർശിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇങ്ങനെ ചെയ്താൽ മാത്രമേ കലാലോകത്തു മലയാളനാടകത്തിനു ഗണ്യമായ ഒരു സ്ഥാനം നേടുന്നതിനും നാടകാഭിനയം കൊണ്ടുദ്ദേശിക്കുന്ന പരമമായ സമുദായസേവനവും ഉന്നമനവും നിർവ്വഹിക്കുന്നതിനും സാധിക്കുകയുള്ളൂ.

നമ്മുടെ ചിത്രാലയം

ഒരു കലാകാരൻ

ആധുനിക തിരുവിതാംകൂറിന്റെ നേട്ടങ്ങളിൽ പ്രഥമസ്ഥാനത്തിനർഹമായുള്ള സ്ഥാപനമേതാണെന്ന് ഒരു വിദേശീയൻ ചോദിച്ചു എന്നിരിക്കട്ടെ. കലാകുതുകിയും സഹൃദയനുമായ ഒരു തിരുവിതാംകൂർകാരനോടാണ് ആ ചോദ്യം ഉണ്ടായതെങ്കിൽ നിസ്സന്ദേഹമായി അയാൾക്കു പറയുവാനുള്ളതു്—തിരുവനന്തപുരത്തു പബ്ലിക്ക് ഗാർഡൻസിൽ സ്ഥാനമുറപ്പിച്ചിരിക്കുന്ന ശ്രീ ചിത്രാലയം എന്നു മാത്രമായിരിക്കും. വമ്പിച്ച വൈദ്യുതീകരണ പദ്ധതികളോ ഇതര വ്യവസായങ്ങളോ ശംഖുംമുഖം കടപ്പുറത്തെ വെണ്മയേറുന്ന മണൽപ്പുറത്തു മിന്നിത്തിളങ്ങി പൊങ്ങിക്കാണുന്ന മാളികയുടെ അകത്തളങ്ങളിൽ അവിടത്തെ സ്ഫാടിക തടാകങ്ങളിൽ തത്തിക്കളിക്കുന്ന മത്സ്യസമൂഹങ്ങളോ അല്ല അയാളുടെ സ്മൃതിപഥത്തിൽ പെട്ടെന്നു തള്ളിവരുന്നതെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ലതന്നെ. എന്തെ

ന്നാൽ കണ്ണുകളിൽ കൂടി മനുഷ്യഹൃദയത്തിൽ പ്രവേശിക്കുന്ന കാവ്യ കല്ലോലങ്ങൾ സർവ്വദാ ഇളകി മറിഞ്ഞു കൊണ്ടിരിക്കുന്ന ആ കലാഹർമ്മ്യത്തിൽ നിന്നു് ഒരു നിമിഷമെങ്കിലും മാറി നിൽക്കാൻ ഒരു സഹൃദയൻെറ ഓർമ്മശക്തിക്കു സാധിച്ചു എന്നു വരുകയില്ല.

അതാ അവിടെ നൈസർഗ്ഗികതയുടെ ആ പൂങ്കാവനത്തിൽ മനുഷ്യ സംസ്കാരത്തിൻെറ മധുരമനോഹരമായ കൈകൾ ഒരു കൈനില നിർമ്മിച്ചു. അതു പതിവുപോലെ മണ്ണും മരവും കൊണ്ടുള്ളതായിരിക്കാമെങ്കിലും "പാപിട്ടുകൾക്കെമണ്ണും മരവുമാവൂ" എന്നു് രാമപുരത്തുവാര്യർ പാടിയിട്ടുള്ള ഭാഗം ഓർമ്മവന്നു പോകുന്നു.

ആ നിർമ്മല ഹർമ്മ്യത്തിൻെറ ഉത്തരപാർശ്വത്തിൽ അതാ സിംഹവ്യാഘ്രാദി വന സാമ്രാട്ടുകൾ ദിക്കുകൾ ഭേദിക്കുമാറു് ഇടയ്ക്കിടെ ഗർജ്ജനം മുഴക്കുന്നു. ദക്ഷിണഭാഗത്തോ നാനാ ജാതികളിൽപെട്ട മാൻകൂട്ടങ്ങൾ വിവിധ ചേഷ്ടകളിൽ കുതുകികളായി അങ്ങനെ ലാലസിക്കുന്നു. വൃക്ഷലതാദികളോ വർണ്ണവൈചിത്ര്യം കലർന്ന പൂച്ചെടികളോ കൊച്ചു കൊച്ചു തടാകങ്ങളോ അവയൊക്കെയും ഏതോഒന്നിൻെറ പശ്ചാത്തല സൃഷ്ടിക്കു് സ്വയം സംഭാവനകളായി പരിശോഭിക്കയും ചെയ്യുന്നു. ഈ പരിസരങ്ങളിൽ ഒരു ചിത്രാലയം സൃഷ്ടിക്കുവാൻ തോന്നിയ ഔചിത്യബുദ്ധി ഒരു മഹാ കാവ്യനിർമ്മാണത്തിനാവശ്യമുള്ള പ്രതിഭയെ പൊന്തിച്ചു കാട്ടുന്നു എന്നു് കണ്ണുള്ളവർ കാണുന്നുണ്ടായിരിക്കും. അതെന്തെങ്കിലുമായിക്കൊള്ളട്ടെ. ഒരു നിമിഷംപോലും ബാഹ്യവലയങ്ങളിൽ പെട്ടു പോകാതെ ഈ മനോഹര ഹർമ്മ്യത്തിൻെറ അകത്തേക്കു് കടന്നു് ഒന്നു ദർശിക്കുക തന്നെ.

ചിത്രങ്ങൾ- ചിത്രങ്ങൾ- ചിത്രങ്ങളുടെ ഒരു ലക്ഷദീപം മിന്നിത്തിളങ്ങുന്ന ആ മഹാക്ഷേത്രത്തിൽ; വർണ്ണവൈവിധ്യങ്ങളുടെ ഒരു സാന്ദ്രസംഗീതം—അതാണവിടെ കേൾക്കുന്നതു്; ഷേക്സ്പിയറും ഹോമറും മാത്രമല്ല, വാത്മീകിയും കാളിദാസനും ഡാൻെറയും ഷെല്ലിയും പാടിക്കൂട്ടിയ മധുരാശയങ്ങളെല്ലാം ഓരോ നിറങ്ങളായി രൂപമെടുത്തു്, ഓരോ രൂപങ്ങളായി വിഭാവന ചെയ്തു് അതാ അതിനുള്ളിൽ നൃത്തം വെയ്ക്കുന്നു. അവരുടെ ഭാവനാസൌന്ദര്യങ്ങൾ, ആശയമുകുളങ്ങൾ ഒന്നൊന്നായി വിടുർന്നു വന്നു അനന്തമായ ഒരു സൌരഭ്യവലയം നിർമ്മിക്കുന്നു- ദൃക്കിനും ദൃശ്യത്തിനും മദ്ധ്യേയാതൊന്നുമില്ലാത്ത ഒരവസ്ഥ. ആനന്ദത്തിൻെറ നേരിയ ഇഴകൾ കൊണ്ടുനിർമ്മിച്ചുഒരുപാലം. അതിൽക്കൂടെ നമുക്കു് അങ്ങോട്ടുമിങ്ങോട്ടും നീങ്ങാമെന്നുമാത്രം! വികാരങ്ങളുടെ വീചിനിരകൾ തത്തിക്കളിക്കുന്ന വർണ്ണ വൈവിധ്യങ്ങളുടെ ഈ വീണക്കമ്പികൾ എത്രയെത്ര മധുരഗാനങ്ങൾ ആലാപിച്ചുകൊണ്ടിരിക്കുന്നു എന്നസംഗതി അസ്മാദൃശന്മാർക്കറിയാൻ കെല്പില്ലതന്നെ.

കേവലം ബാഹ്യദൃഷ്ടികളെക്കൂടിസംതൃപ്തിപ്പെടുത്തുവാനായിപറയുകയാണെങ്കിൽ നമ്മുടെചിത്രാലയത്തിൽവിവിധ ശാഖകളിൽപെട്ട നവീനവും പുരാതനവുമായ ചിത്രങ്ങൾ ശേഖരിക്കപ്പെട്ടിട്ടുണ്ടു്. മുഗളും' രജപുത്രവും, കാങ്ഗ്രായും ബങ്കാളവും തഞ്ചാവൂരും ഇന്ത്യയെ പ്രതിനിധീകരിക്കുന്നവയാണെങ്കിൽ ചൈന, ജപ്പാൻ, ബാലി, ടിബററ് എന്നീ രാജ്യങ്ങളിലെ ചിത്രകലാപ്രാതിനിധ്യവും സാമാന്യമായി ഈ മന്ദിരത്തിനു സിദ്ധിച്ചിട്ടുണ്ടു്. ലോകപ്രസിദ്ധമായ അജൻറായിലേയും ചിത്താനവാസാൽ ബാഗ് എന്നീ സ്ഥലങ്ങളിലേയും ഫ്രസ്കോ ചിത്രങ്ങളും തിരുവിതാംകൂറിൽ തിരുനന്തിക്കര ക്ഷേത്രത്തിൽ നിന്നു ലഭിച്ചു ഫ്രസ്കോചിത്രങ്ങളും മുരാൾ ചിത്രങ്ങളും, സിലോണിലുള്ള പതിനൊന്നാംനൂററാണ്ടിലെ ബൌദ്ധചിത്രങ്ങളും

ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. അപൂർവ്വമായി ഇൻഡോ-ഏഷ്യൻവിഭാഗത്തിൽപ്പെട്ടവയും ഇല്ലാതില്ല. ഇതിനുംപുറമെവളരെ വിലയേറിയതും പുരാതനവർണ്ണങ്ങൾ ചേർന്നതുമായ ചിത്രങ്ങളുടെ ചില നക്കൽ പ്രതികളും ശേഖരിക്കപ്പെട്ടിരിക്കുന്നു. തിരുവിതാംകൂറിന്റെ അഭിമാനഭാജനമായ രവിവർമ്മയുടേയും അദ്ദേഹത്തിന്റെ സഹോദരി മംഗലാഭായിത്തമ്പുരാട്ടിയുടേയും സഹോദരൻ രാജരാജവർമ്മയുടേയും കലാവൈദഗ്ദ്ധ്യങ്ങളും പ്രത്യേകമായി പ്രദർശിപ്പിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ.

മുകളിലത്തെ നിലയിൽ കാണുന്ന ചിത്രങ്ങളിൽ ആനപ്പുറത്തു സഞ്ചരിക്കുന്നആ മുകിലസിംഹം അറംഗസീബ്ബിന്റെ ചിത്രം മുഗൾ ചിത്രങ്ങളിൽ നിസ്സീമമായ പ്രസിദ്ധി ആർജ്ജിച്ചിട്ടുള്ളതാണ്. അക്ബർ ചക്രവർത്തിയുടെ നിർദ്ദേശത്തിൽ വരയ്ക്കപ്പെട്ടിട്ടുള്ളതായി ഗണിച്ചുവരുന്ന ശ്രീരാമന്റെ വനയാത്രയും, രാജപുത്രകലാവൈദഗ്ധ്യത്തിന്റെ മകുടോദാഹരണമായ ദശാവതാരചിത്രങ്ങളും സവിശേഷം ദർശനീയങ്ങളായിരിക്കുന്നു. ടിബററിന്റെ വകയായ മാരവൈരിയുടേയും ശ്രീബുദ്ധന്റെപുത്രൻ രാഹുലകുമാരന്റെയും ചിത്രങ്ങൾ ഈ കലാക്ഷേത്രത്തെ അന്യാദൃശമായ ഒരു സ്ഥാനത്തേക്കുയർത്തുന്നു എന്നുപറയുന്നതിൽ അതിശയോക്തിയില്ല. എന്നുവേണ്ടസാംസ്കാരികഭാരതത്തിന്റെ പുളകോദ്ഗമകാരികളായ അഭിനവകലാകാരന്മാരിൽ അനശ്വരയശസ്വികളായ അഭീന്ദ്രനാഥനും നന്ദലാൽബോസും അസിതകുമാരനും ചൌധരിയും മുസുംദാരും പ്രമോദകുമാരനുമൊക്കെ ഒന്നിനൊന്നു തോളോടുതോൾചേർന്നുവിലസുന്നഒരു വെള്ളിത്തിരശ്ശീലയാണ് നമ്മുടെ ചിത്രകലാലയം.

എന്നാൽ ഇക്കൂട്ടത്തിൽ ഇന്നത്തെ കേരളീയരായി ആരുമില്ലേ എന്ന് ആരെങ്കിലും അന്വേഷിക്കുന്നുണ്ടെങ്കിൽ ഒട്ടും പരിഭ്രമിക്കേണ്ട, താഴത്തെ നിലയിലെ ആ തെക്കെമുറിയിലെ ഭിത്തികളിലേക്കു ഒന്നു കണ്ണോടിക്കുക! ആ നടന്നുപോകുന്ന കാലിക്കൂട്ടങ്ങളേയോ, പടന്നുനിൽക്കുന്ന മുളംകൂട്ടങ്ങളേയോ കുശലം പറയുന്നകപിദ്വയങ്ങളേയോ പോരെങ്കിൽ അതിലൊക്കെ കടന്ന്, ചിന്തിക്കുകയും പുഞ്ചിരിക്കൊള്ളുകയും ചെയ്തുകൊണ്ടുനില്ക്കുന്ന ആ താമരക്കൂട്ടത്തെയോ. ആകണ്ടും അകന്ന് സംതൃപ്തരാകുവാൻ അവകാശമുണ്ട്. ഏതോ ചില നയനരോഗങ്ങൾക്ക് താമരത്തേൻ വിധിച്ച ഭിഷഗ്വരന്മാർമനുഷ്യഹൃദയങ്ങളുടെപരിലാളനങ്ങൾക്ക് ശ്രീമാൻ മാധവമേനോന്റെ താമരക്കൂട്ടം ഒന്നു കാണുവാൻ നിർദ്ദേശിക്കുന്നു എങ്കിൽ അതിൽ അത്ര അത്ഭുതപ്പെട്ടിട്ട കാര്യമില്ലതന്നെ. പ്രകൃതിവസ്തുക്കളെ സമ്പൂർണ്ണവിശ്വാസ്യതയോടും നിഷ്കളങ്കതയോടും ചായത്തിൽ പകർത്തിയെടുക്കാൻ കെല്പുള്ള അഭിനവഭാരതീയ കലാകാരന്മാരിൽ ഈ കേരളീയൻ ഒന്നുകൊണ്ടും രണ്ടാമനല്ലെന്ന് നിർവ്വിശങ്കം പറയാവുന്നതാണ്.

ഇത്രയുമല്ല എത്രയുമൊക്കെ പറഞ്ഞാലും മതിയാകാത്ത ചിത്രാലയത്തിൽ സാംസ്കാരികമായ ചില അപൂർവ്വനിധികളുംകൂടെസൂക്ഷിച്ചിട്ടുണ്ടെന്നുള്ള സംഗതിയും ഇവിടെ അനുസ്മരണീയമായിരിക്കുന്നു. അക്ബർ ചക്രവർത്തിയുടെ ആസ്ഥാനപണ്ഡിതന്മാരിൽ പ്രമുഖനായ ഫെയിസി പേർഷ്യൻ ഭാഷയിൽ പകർത്തിയിട്ടുള്ള മഹാഭാരതം അതിൽ പ്രധാന്യം വഹിക്കുന്നു.

ഈ സാംസ്കാരികകേന്ദ്രം ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുക തന്നെ.

കർഷകചിത്രണം

(സാഹിത്യശിരോമണി പി. കെ. ഗോവിന്ദപ്പിള്ളശാസ്ത്രി.)

(കേക)

I

ലോകമാമുദ്യാനത്തിൽ മോഹനസൌന്ദര്യത്താ-
ലാകൃഷ്ടചേതസ്സായി സാനന്ദം നിനച്ചു ഞാൻ
"ആരുവാനിതിനുടെ രക്ഷകൻ? ആരാമമി-
താരുവാൻ കുശലമായ് രമ്യമായ് വളർത്തുന്നു?"
ത്യാഗമാം ഹിമാദ്രിമേൽ, കീർത്തിയാം കൈലാസത്തി-
ലാഗമപ്പൊരുളായി രാജിപ്പു മഹേശ്വരൻ
ചാമ്പലും സലിലവും വഹ്നിയുമണിഞ്ഞവൻ,
പാമ്പിനെക്കൂടിക്കൂസാതെടുത്തു ധരിച്ചവൻ,
അമൃതമന്യർക്കേകാൻ കാകോളം കുടിച്ചവൻ,
ഐശ്വര്യമന്യർക്കേകാൻ സന്യാസിയായിത്തീർന്നോൻ
ലോകഭോഗത്തിൻ ശ്മശാനത്തിങ്കൽ വസിച്ചവൻ
ആകമ്രമാത്മാനന്ദശീതാംശുകലയാർന്നോൻ
സദ്ധർമ്മവൃഷവാഹൻ വൃഷഭധ്വജനാകു-
മദ്ദേവൻ വിശ്വത്തിന്റെയാദിമകൃഷീവലൻ-
കേവലം ദിഗംബരനാകുമസ്സന്യാസിതൻ
പാവനപാദത്തിങ്കൽ നമിപ്പൂ കുബേരനും
ത്രൈലോക്യമഹേശ്വരനെങ്കിലും കാരുണ്യത്താ-
ലാലോലഹൃദയനായർത്ഥികൾക്കെല്ലാമെന്നും
സർവവും ദാനം ചെയ്തു യാചകൻപോലെ വാഴും
സർവമംഗളനാകും കർഷകൻ ജയിക്കുന്നു!
ത്യാഗമോഹനാ ഭൂതിഭൂഷണാ ശക്തീശ്വരാ
ലോകപാലകാ പൂർവകർഷകാ നമസ്കാരം!

II

അങ്ങതാ കാണാകുന്നു ജനകൻ സീരധ്വജൻ
മംഗലകൃഷീവലൻ വേദാന്തരത്നാകരം
ലോകഭോഗത്താൽ സംസാരാംബുധിനികത്തിയോൻ
ഭോഗമാം ഭസ്മം പൂശും ത്യാഗമാം കനൽക്കട്ട!

അദ്ധ്യാത്മരമ്യമാകും നൈജകർഷകഭൂമി-
യദ്ദേഹമുഴുതപ്പോ, ളുയർന്നു മഹാലക്ഷ്മി
അംഗനാരത്ന, മനന്തൈശ്വര്യമൂർത്തി, സർവ്വ-
മംഗല, മഹാദേവി, ഭൂതിദ, ജഗദ്ധാത്രി.
തനിക്കു നിരന്തരമൈശ്വര്യമേറീടുവാൻ
ജനകനർത്ഥിച്ചതില്ലാ ദേവിതന്നോടേതും
ത്യാഗിയാമക്കർഷകൻ നൈജലക്ഷ്മിയെക്കൊണ്ടു
ലോകനായകൻതന്നെയർച്ചിക്കയത്രേ ചെയ്തു!
ശ്രീരാമനീശൻ ഭവചാപമേ ഭഞ്ജിച്ചെത്തി-
യാരാലദ്ദേവിതന്നെ സ്വീകരിച്ചാനന്ദിച്ചു.
ദുഷ്ടരാക്ഷസനാശം, ലോകമംഗളം, മഹാ-
ശിഷ്ടഭൂതിദം ന്തന, മാ ബന്ധമഹോത്സവം!
നൈജലക്ഷ്മിയാലേററമീശനെയർച്ചിച്ചെഴു-
മാജന്മമഹാത്യാഗിൻ! ജനക! നമസ്കാരം!!
കൃഷിതൻലക്ഷ്മിതന്നെസ്സർവ്വാന്തര്യാമിയാകും
വിഭുവിന്നർപ്പിച്ചിട്ടു, ത്യാഗൈകനൃപാസനം
തന്നിലായ് വിളങ്ങീ ഹാ! ദേഹബോധവുമില്ലാ-
തുന്നതവിദേഹനായ് വിശ്രുതമഹായോഗി,
ജനകൻ ജീവന്മുക്തൻ—അക്കർഷകേശൻതൻറ-
യനർഘമഹാദർശം മേൽക്കുമേൽ ജയിക്കുന്നു.
സീരാങ്കപതാകകൾ—ഐശ്വര്യപതാകകൾ-
പാരാകെപ്പാറിടട്ടേ ത്യാഗൈകപതാകകൾ!!
ത്യാഗീശ! യോഗീശ! സർവ്വാദർശകൃഷീവല!
വാഗതീതമാം ഭക്ത്യാ സാഷ്ടാംഗം നമസ്കാരം!

III

കാൺകകണ്ടതാ മുമ്പിൽ സാത്ത്വികമഹാലക്ഷ്മി
പൂണമശ്രുഭ്രാംഗകൻ മററൊരു കൃഷീവലൻ.
ഭദ്രകർമ്മാവായിട്ടുമായവൻ “മഹാബല-
ഭദ്ര”നായ് വിളങ്ങുന്നു നൈജമാം തേജസ്സിനാൽ.
ദേഹമത്യന്തം സ്ഫടികാഭമാണെന്നാകിലു-
മാഹന്ത! കറുത്തമുണ്ടരയിൽ ചുററിനിൽപ്പൂ.
അന്നീലാംബരനാകും കർഷകൻതൻറെകയ്യി-
ലന്യനാശകഖഡ്ഗാദ്യായുധം കാണ്മാനില്ല.

കേവലം കലപ്പയാണുള്ളതു കരത്തിങ്ക-
ലായതൊന്നിനാലവൻ വിശ്വത്തെ ജയിക്കുന്നു
ആ മഹാനെതിരിട്ടാൽ സർവ്വർക്കും പരാജയം;
ആ മഹാൻ സഹായിച്ചാൽസർവ്വർക്കും ജയോത്സവം!
കേവലം സഹോദരർ കൌരവർ തമ്മിൽ തല്ല-
മാവിധം ദുഷ്ടതകൾ കാണുവാൻ കഴിയാതെ
തീർത്ഥയാത്രകൾ ചെയ്തു പുണ്യമേ നേടിക്കൊള്ളാൻ
മാത്രമായ് തുനിഞ്ഞിതു ശാന്തിലോലുപൻ വീരൻ
ധർമ്മത്തിൽ സ്ഥിരനിഷ്ഠനാണവൻ—അധർമ്മത്തെ
നിർമ്മായം നിഹനിക്കും നിർദ്ദയനായിട്ടവൻ;
ഉത്തമപരിഷ്കാരകേന്ദ്രമായ് വിളങ്ങിടും
ഹസ്തിനപുരത്തിലെ നായകൻ ദുര്യോധനൻ
ഒന്നല്ലം പിണങ്ങവെ, ഹാ! കലപ്പതൻശക്ത്യാ,
തന്നുഗ്രനഗരവുമിളകിമറിഞ്ഞുപോയ്!
മോഹാന്ധൻ നിപതിച്ചു ഭൂപനും—വിനീതനാ-
യാ ഹലായുധൻ തൻെറ കാലടി വണങ്ങിനാൻ.
ദുർമ്മദാന്ധമായേററം ഞെളിയും നഗരമേ!
നിർമ്മായം കലപ്പതൻ ശക്തിയെ നമിക്കുക!!
ഈ മഹാകൃഷീവലൻ വീരനാം ബലഭദ്രൻ
ഹാ! മനുഷ്യാകാരനായ് കാൺമതുണ്ടെന്നാകിലും
ഭൂവിനെത്താങ്ങീടുന്നൊരനന്തൻതന്നെയോർത്താ-
ലീവിശ്വവീരൻ—അവന്നില്ലെങ്ങും പരാജയം.
കൃഷിനാമകമാകും ശുഭ്രകായത്തിൻമീതേ
വ്യവസായാദിഭിന്നസഹസ്രശിരസ്സുകൾ
എന്നെന്നും രാജിപ്പതു,ണ്ടായവയല്ലോ നൂനം
മന്നിനെത്താങ്ങീടുന്നു നാശത്തിൽ പതിക്കാതെ.
അത്യുജ്ജ്വലബലമേറുമനന്തനാണമ്മഹാൻ
വിസ്തൃതകൃപാംബുധി വിശേഷകബലഭദ്രൻ
തന്നിലായ് നാരായണൻ ലോകൈകമഹേശ്വരൻ
തന്നെയും ധരിക്കുമക്കർഷകൻ ജയിക്കുന്നു!
നമസ്തേ സങ്കർഷണ! നമസ്തേ ബലഭദ്ര!
നമസ്തേ വിശ്വാലംബ! നമസ്തേകൃഷീവല!

മലയാളസാഹിത്യത്തിന്റെ വളർച്ച

ഗോദവർമ്മ M. A. Ph. D.

ഒരു ഭാഷയോ അതിലെ സാഹിത്യമോ എപ്പോൾ ഉണ്ടായി എന്നു് പരിച്ഛേദിക്കുക സാധ്യമല്ല. സമുദായജീവിതത്തിനു് ഒരിക്കലും ഒഴിച്ചുകൂടാത്ത ഭാഷയും വിനോദത്തിനും വിജ്ഞാനത്തിനും ആവശ്യകമായ സാഹിത്യവും അവയെ പോററിപ്പോരുന്ന ജനസമുദായത്തോളം തന്നെ പഴക്കമുള്ളതായിരിക്കും. വായ്മൊഴിയിൽ നിന്നും ഭിന്നമായി സാഹിത്യം എന്നു് എണ്ണപ്പെടത്തക്കവണ്ണം മിക്കഭാഷകളിലും ആദിമദശയിൽ ആവിർഭവിച്ചിരിക്കാവുന്നതു് കളികളോടും തൊഴിലുകളോടും ആചാരങ്ങളോടുംകൂട്ടിയിണക്കിയിട്ടുള്ള ഗാനവിശേഷങ്ങൾ ആണെന്നുള്ളതു് സാഹിത്യചരിത്രങ്ങൾ പരിശോധിച്ചാൽ വ്യക്തമാകും. അത്തരത്തിലുള്ള എല്ലാ ഗാനങ്ങളും ശാശ്വതങ്ങളായിത്തീരുവാൻ ഇടവന്നിട്ടില്ലെങ്കിലും, ഏററക്കുറച്ചിലോടുകൂടിയും നവീനസൃഷ്ടികളിൽ പൂർവമാതൃകകളെ പുലർത്തുന്നവയായും നാട്ടിന്റെ ഒരററംമുതൽ മറെറാരററംവരെ ഭാഷയുടേയും സാഹിത്യത്തിന്റേയും പ്രാചീനരൂപങ്ങളെ ഒട്ടാകെ പ്രദർശിപ്പിക്കുന്നവയായി ഉപലബ്ധങ്ങളാകുന്നുണ്ടു്.

പഴയവയോ അവയോടു് സാജാത്യമുള്ളവയോ ആയ ഗാനങ്ങളിൽ ഉത്കൃഷ്ടസാഹിത്യത്തിന്റെ കരുക്കൾ കുറവായിരിക്കാമെങ്കിലും അവയിൽ പ്രാചീനജീവിതത്തിന്റെ പ്രതിഫലനങ്ങളും കൃത്രിമത കലരാത്ത സങ്കല്പവിശേഷങ്ങളും നമുക്കു സാക്ഷാത്കരിക്കുവാൻകഴിയും. സ്ത്രീകൾ ഓണക്കാലത്തു് തുമ്പിതുള്ളലിനു് ചൊല്ലാറുള്ള

"ഒന്നാംകുന്നുമ്മേലോരടിമണ്ണിന്മേ-
ലൊന്നല്ലോ മങ്കമാർ പാലനട്ടു,
പാലയ്ക്കിലവന്നു പൂവന്നു കാവന്നു
പാലയ്ക്കു് നീർകൊട്ട പാർവതിയേ"

എന്നിങ്ങനെ പോകുന്ന ആ പാട്ടിൽ വൃക്ഷലതാദികൾ നട്ടുപിടിപ്പിക്കുക, അവയുടെ അനുക്രമമായ വളർച്ചകണ്ടു് ആമോദിക്കുക തുടങ്ങിയ മങ്കമാരുടെ കൌതുകചര്യകൾ ശ്രവണമധുരമായി പ്രതിപാദിച്ചിരിക്കുന്നതു് പ്രശംസനീയമായ സാഹിത്യോപക്രമത്തെ ലക്ഷീകരിക്കുന്നുണ്ടു്. പ്രതിഭാവിലാസത്തിന്റെ ഉജ്ജ്വലങ്ങളായ അങ്കുരണം ആവിഷ്കരിക്കുന്നതും ശബ്ദത്തിലെന്നപോലെ അർത്ഥത്തിലും സൌന്ദര്യത്തെ ആവഹിക്കുന്നതുമായ മറെറാരു ഗാനം ഉദ്ധരിക്കാം.

കരുത്തപെണ്ണേ നിന്നെ ക്കാണാഞ്ഞൊരുനാളുണ്ടു്
വരുത്തപ്പെട്ടു ഞാനൊരു വണ്ടായു് ചമഞ്ഞെനെടീ
വണ്ടായു് ചമഞ്ഞു ഞാനൊരു പള്ളിവാതുക്കൽ
[ചെന്നപ്പോൾ
പൂമാലത്തെപ്പതലെന്നപ്പൂകൊണ്ടെറിഞ്ഞല്ലോ.

വിരഹിയായ ഒരു കാമുകൻ പ്രേയസിയുടെ സംഗമത്തെക്കുറിച്ചു് ഉത്കണ്ഠിതനായി താൻ തന്നെ ഒരു വണ്ടായിത്തീർന്നു് അവളുടെ അടുക്കൽ എത്തി അഭീപ്സിതലാഭത്തിൽ സംതൃപ്തനായിത്തീരുന്നതായുള്ള ഭാവനയെ ചിത്രീകരിക്കുന്ന പ്രകൃതഗാനത്തിന്റെ സാരസ്യം സഹൃദയന്മാർക്കു് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണല്ലോ.

കൈരളിപ്പെൺകിടാവിന്റെ മഴലച്ചൊല്ലുകളുടെ സാരള്യം ആസ്വദിക്കുന്നതിനു് നാം പ്രാചീനഗാനങ്ങളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. തായ്‌വഴിക്കു് തമിൾസാഹിത്യവും കൂട്ടുകെട്ടുവഴിക്കു്

സംസ്കൃതസാഹിത്യവും നമ്മുടെ സാഹിത്യത്തിന്റെ പുഷ്ടിക്കുവേണ്ട സമ്പത്തുകളെ സമ്മാനിച്ചു. ഉത്കൃഷ്ടമായ സാഹിത്യം എന്നപേരിന് അർഹമായ ഏതൊരു കൃതിയിലും ആ രണ്ടു മഹാസാഹിത്യങ്ങളുടേയും അന്തഃപ്രവേശം ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ കാണാതിരിക്കുകയില്ല. എങ്കിലും കേരളീയത്വത്തിന്റെ കളിയാട്ടം ഉള്ള കൃതികൾക്കാണ് ഏതൊരു പ്രസ്ഥാനത്തിലും വിജയം കൈവന്നിട്ടുള്ളതു്.

പ്രകൃതിഭാഗത്തിൽ മാത്രമല്ല പ്രത്യയഭാഗത്തിൽക്കൂടി സംസ്കൃതം മേളിച്ചിട്ടുള്ള ഒരു വിലക്ഷണമായ ഭാഷാപ്രയോഗരീതി

“വെണ്ണസ്മേരമുഖീം വരുത്തുവരളും
വാർത്താകദന്തപ്ലുഡാം
ചെററാമന്മധുരക്കറിസ്സനഭരാ-
മല്ലോപദംശോദരീം
ചൊല്ലാന്നോരെരുമത്തയിർ-
ക്കടിതടാം ചിങ്ങംപഴാരുദയി-
മേനാംഭുക്തിവധൂഃ പിരിഞ്ഞയിസഖേ
ലോകഃ കഥം ജീവതി

എന്നിങ്ങനെ ഹാസ്യനിബന്ധനങ്ങളിൽ തുടങ്ങിയിരിക്കാവുന്നതു് പില്ക്കാലത്തു് നമ്മുടെ സാഹിത്യത്തിൽ ശാഖോപശാഖമായി വർദ്ധിച്ചു. ആ പ്രസ്ഥാനത്തിന്റെ അനവദ്യമായ പ്രഭാവം ലീലാതിലകകാരന്റെ മണിപ്രവാളമനുസരിച്ചുള്ള ഉണ്ണുനീലിസന്ദേശം ചന്ദ്രോത്സവം തുടങ്ങിയ കൃതികളിലും ലീലാതിലകത്തിൽ തന്നെ ഉദ്ധൃതങ്ങളായ ഉദാഹരണപദ്യങ്ങളിലും മററും നമുക്ക് ഉപലക്ഷിക്കാവുന്നതാണ്. മണിപ്രവാളകൃതികളിൽ ഒട്ടുമുക്കാലും നാരീപ്രശംസാപരങ്ങളും അതുകൊണ്ടുതന്നെ ശൃംഗാരാനുബന്ധികളും ആയിട്ടാണ് ഒരു ദശയിൽ മുഴുവൻ പ്രചാരത്തിൽ വന്നിരിക്കുന്നതു്.

‘പെണ്ഡില്ലാതോരമുത്തു പതിനാ
റാണ്ടു പുക്കോരു പദ്മാ
പൂപ്പാൻപൊന്നിൻമുകുളമുള
വാനോരു ഭ്രൂകല്പവല്ലീ
അംഭോജംകൊണ്ടണിമതിനിറം
തൂകവോടിന്ദുലേഖാ
ചിത്രാകാരാ ജയതി ചിരുതേവീതി
മേ ചിത്തനാഥാ’

എന്നു് ഒരു കവി തന്റെ പ്രാണനാഥയായ ചിരുതേവിയുടെ ചിത്രാകാരത്വം സർവോത്കർഷേണ വർത്തിക്കുന്നതായി വർണ്ണിച്ചിട്ടുള്ളതും

‘നല്ലോരുമാന്തളിർ നിറം നവയൌവനാഢ്യം
നാണിത്തളൻമഴവം നയനാഭിരാമം
നാനാവിലാസമൊരുനായരുടേ കളത്രം
നാരായണായ നമ നല്ലയിർ തീക്കുമെന്നേ’

എന്നു് വിലാസിനിയായ പരസ്ത്രീയുടെ ദർശനത്തിൽ ഒരു നമ്പൂരിദ്വിജന് മാനസാസ്വാസ്ഥ്യം ഉളവാകുന്നതായി പ്രതിപാദിച്ചിട്ടുള്ളതും ആയ ശ്ലോകങ്ങളെ മണിപ്രവാളരീതിയിലെ പ്രതിപാദ്യത്തിനും പ്രതിപാദനത്തിനും ദൃഷ്ടാന്തങ്ങളായി കരുതാം.

ചമ്പൂഗ്രന്ഥങ്ങൾ സംസ്കൃതാടോപത്തോടുകൂടിയ ഭാഷാരീതികൊണ്ടു് സാമാന്യന്മാർക്ക് പ്രായേണ അധൃഷ്യങ്ങളാണ്. ആ കൃതിയിലും പ്രകൃതിയിലും അവയിൽ ഏറിയക്രമം സംസ്കൃതത്തിലെ ചമ്പൂഗ്രന്ഥങ്ങളുടെ കരുവിൽ വാർത്തെടുക്കപ്പെട്ടിട്ടുള്ളവയാകയാൽ അവയിൽ കേരളീയജീവിതത്തിന്റെ പ്രതിഫലനത്തിനുള്ള അവസരം വളരെ കുറവായിപ്പോയതിൽ വിസ്മയിക്കുവാനില്ല. എങ്കിലും പ്രതിഭാസമ്പന്നന്മാരായ ചമ്പൂകാരന്മാർ കേരളീയജീവിതത്തെ കടാക്ഷിക്കുവാനുള്ള ഔത്സുക്യം ഇടയ്ക്കിടക്ക് പ്രദർശിപ്പിച്ചിട്ടുള്ളതു് പില്ക്കാലത്തെ ജനതതിക്ക് ചാരിതാർത്ഥ്യജനകമാണ്. വിവാഹാനന്തരമുള്ള ദമയന്തി

യുടെ ദിനചര്യയെ മഴമംഗലം നമ്പൂരി വര്‍ണ്ണിച്ചിട്ടുള്ളതു് ഒരു കേരളീയകുടുംബിനിയുടെ ജീവിതചിത്രംകൂടി മനസ്സില്‍വെച്ചുകൊണ്ടായിരിക്കണം എന്നു തോന്നിപ്പോകുന്നുണ്ടു്.

'നിത്യം പ്രത്യൂഷകാലേ മിളിതരുചികളി
ച്ചാസ്ഥയാ ദേവകൃത്യം
കൃത്വാ നത്വാ ഗുരൂണാം കഴലിണ കലി
താനന്ദമിന്ദീവരാക്ഷീ
ഭുക്ത്വാ സഞ്ചര്വ്യ താംബൂലവുമഴ
കൊടു വൃദ്ധാംഗനോക്തം പുരാണം
വൃത്താന്തം കേട്ടുമിത്ഥം മധുരമുഖി
ദിവായാപയാമാസ കാലം

പുലര്‍ച്ചയ്ക്കുതന്നെ കുളിച്ചു് തേവാരവും നടത്തി ഭര്‍ത്താവിന്റെ മാതാപിതാക്കളെ വണങ്ങി ഊണുകഴിഞ്ഞു് മോടിയോടെ മുറുക്കി മുത്തശ്ശികള്‍ ചൊല്ലുന്ന പഴംകഥകളുംകേട്ട് പകലുകഴിച്ചുകൂട്ടുന്ന ദമയന്തിയുടെ പ്രതികൃതികള്‍ ഇന്നും നമ്മുടെ നാട്ടില്‍ തീരെ ഇല്ലാതെയായിട്ടില്ല.

തെക്കന്‍ നാട്ടിലുണ്ടായിട്ടുള്ള രാമചരിതാദികളാകട്ടെ തമിഴുംമലയാളവും ഏറ്റക്കുറച്ചിലോടെ കലര്‍ന്നുള്ള ഒരു തരം മിശ്രപ്രസ്ഥാനത്തെയാണു് പ്രദര്‍ശിപ്പിക്കുന്നതു്. അവയില്‍ മലയാളത്തിനു് മണിപ്രവാളകൃതികളിലോ ചമ്പൂഗ്രന്ഥങ്ങളിലോ ഉള്ള വ്യക്തിത്വം തെളിഞ്ഞുകാണുന്നില്ല. നിരണംകൃതികള്‍ മലയാളത്തിനുള്ള പ്രാധാന്യത്തിനു് ഭംഗം വരാതെ തമിഴ്സംസ്കൃതങ്ങളെക്കൂടി സംശ്ലേഷണം ചെയ്തുള്ള ഒരുതരം ഭാഷാരീതിയില്‍നമ്മുടെ സാഹിത്യം അഭിവൃദ്ധമായിട്ടുള്ളതിനു് നിദര്‍ശനങ്ങളാണു്.

ചെറുശ്ശേരിയുടെ കഥാഗതിയില്‍ കൃഷ്ണഗാഥ ഭാഗവതം ദശമസ്കന്ധത്തെ അനുസരിക്കുന്നതാണെങ്കിലും കേരളഭാഷയുടെ സാര്‍വജനീനമായ സൌഷ്ഠവത്തെ പ്രത്യക്ഷമാക്കുന്ന ഭാഷാരീതികൊണ്ടും ദ്രാവിഡവൃത്തത്തിന്റെ അംഗീകാരംകൊണ്ടും പ്രകൃതിസൌന്ദര്യത്തെ നൂതനമായ രീതിയില്‍ അഭിവീക്ഷിച്ചു് ജീവിതാനുഭൂതിയില്‍ അതിന്റെ പ്രകടരേഖകളെ ആലേഖനം ചെയ്തുള്ള വൈഭവംകൊണ്ടും നമ്മുടെ സാഹിത്യത്തിന്റെ ഉത്കര്‍ഷത്തിനു് മറ്റേതൊരു കൃതിയെക്കാളും കൂടുതല്‍ പ്രയോജകീഭവിച്ചിട്ടുണ്ടു്. അംബികയുടെ കേശാദിപാദവര്‍ണ്ണനയില്‍

പൂഞ്ചായല്‍തന്നുടെ കാന്തിയെച്ചൊല്ലുവാന്‍
വാഞ്ഛയുണ്ടാകുന്നു കാണ്‍കെനിക്കോ
തുല്യതയില്ലാതെ തുല്യതചൊല്ലുമ്പോള്‍
വല്ലായ്മയെന്നതും വന്നുകൂടും
കണ്ടിയെന്നിങ്ങനെ കൊണ്ടാടിച്ചൊല്‍കിലോ
കൊണ്ടല്‍ തന്നുള്ളത്തിലിണ്ടലുണ്ടാം
അല്ലെന്നു ചൊല്‍കിലോ നീലത്തഴകാര്‍വ-
ന്നല്ലല്ലായെന്നങ്ങു പേശിക്കൊള്ളും
മറ്റൊന്നു ചൊല്‍കില്‍ മനമുലത്തീടുമ-
ക്കുറ്റമറ്റീടും പനങ്കുലയ്ക്കും
എന്നതുമൂലമുള്ളന്തലവം തീരാതെ
മന്ദമായ്നിന്നു മടങ്ങുന്നു ഞാന്‍

എന്നു് പ്രസിദ്ധങ്ങളായ ഉപമാനവസ്തുക്കളെ സ്മൃതിപഥത്തില്‍ ആനയിച്ചിട്ടു് അവയില്‍ ഒന്നിനും പൂര്‍ണ്ണമായ പൊരുത്തം കാണാന്‍ കഴിയുന്നില്ലെന്നു പറഞ്ഞു മടങ്ങുന്ന കവി വര്‍ണ്ണ്യമായപൂഞ്ചായലിന്റെ ലോകോത്തരത്വത്തെ സവിശേഷം വ്യഞ്ജിപ്പിക്കുകയല്ലയോ ചെയ്യുന്നതു്.

ചായലായുള്ളൊരു നായിക തന്‍ചെറ്റ
ചാപലം പൂണ്ടൊരു ബാലകന്മാര്‍
നെറ്റിയായുള്ളൊരു മുറ്റത്തിലമ്മാറു
മുറ്റുമമിണ്ണുള്ള ലീലയല്ലീ
ചിന്തിനകാന്തികലര്‍ന്നിന്നീടുമ-
ക്കുന്തളമായിട്ടുകണ്ടതിപ്പോള്‍

എന്നു് നെറ്റിയാകുന്ന മുറ്റത്തില്‍ ചായലാകുന്ന നായികയുടെ ചപലരായ ബാലകന്മാര്‍ തത്തിക്കളിക്കുന്നതായി കുറുനിരയുടെ വിലാസത്തെ ഉത്പ്രേക്ഷിച്ചിരിക്കുന്നതു് കവിയുടെ ഉത്തുംഗമായ ഭാവനാവിലാസത്തിന്റെ നിദര്‍ശനമത്രെ.

തുഞ്ചത്തെഴുത്തച്ഛന്റെ കൃതികൾ കേരളീയജനതയുടെ അധ്യാത്മബോധത്തിന് ദീപ്തിയും വികാസവും വരുത്തുവാൻ പ്രഗല്ഭങ്ങളായതുകൊണ്ട് കുടിൽമുതൽ കൊട്ടാരംവരെ പ്രചരിക്കുവാനും അവയ്ക്ക് സംസ്കൃതത്തിലെ പുരാണേതിഹാസങ്ങളോടൊപ്പം തന്നെയുള്ള മാന്യത സിദ്ധിക്കുവാനും ഇടയായി. അധുനാതനമായ ഭാഷാരീതിയുടെ മാർഗ്ഗദർശി എന്നു പറയുവാൻ പാടില്ലെങ്കിലും അർവാചീനകവികൾക്കൊക്കെയും ആദരണീയമാകുംവണ്ണം അതിന്റെ പ്രതിഷ്ഠാപകൻ ആ കവികുലഗുരു തന്നെയായിരുന്നുവെന്നുള്ളതിന് രണ്ടു പക്ഷമില്ല. പ്രൗഢമായ പ്രതിപാദ്യവിഷയത്തോടുചേർന്ന് വിശിഷ്ടമായ മണിപ്രവാളരീതി സമുല്ലസിക്കുന്നതാണ്. എഴുത്തച്ഛന്റെ കൃതികളുടെ പ്രാശസ്ത്യത്തിന് നിദാനം.

ദേശീയഗാനങ്ങളുടെ കൂട്ടത്തിൽ കേരളീയജീവിതത്തിന്റെ തനിച്ഛായയെ പ്രതിഫലിപ്പിക്കുന്ന വടക്കൻ പാട്ടുകൾക്ക് അത്യുന്നതമായ ഒരു സ്ഥാനമുണ്ട്. സ്വഭാവോക്തിമധുരങ്ങളും കേരളസംസ്കാരത്തിന്റെ മോഹനഭാവങ്ങളെ പ്രകാശിപ്പിക്കുന്നവയും ആണ് വടക്കൻ പാട്ടുകളിൽ ഏറിയഭാഗവും എന്നുപറയേണ്ടതില്ലല്ലോ. 'തച്ചോളി ഒതേനന്റെ വാൾവീശൽച്ചിററലും പാലാട്ടുകോമന്റെ പ്രേമവീർപ്പും മററും ഇന്നും ഉൾകുളുക്കുമാറ് കേൾക്കുവാൻ കഴിയുന്ന ആ വിശിഷ്ടഗാനങ്ങളുടെ അകൃത്രിമമായ സാരസ്യം അനുഭവൈകവേദ്യമാണ്.

തുള്ളൽ എന്ന നൂതനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻ നമ്പിയാർ പൌരാണികങ്ങളായ രംഗങ്ങളേയും കഥാപാത്രങ്ങളേയും വ്യാപൃതിവിശേഷങ്ങളേയും എല്ലാം കേരളീയത്വത്തിൽ വാർത്തെടുത്ത് ഒന്നാന്തരം സാമുദായികവിമർശനങ്ങൾക്ക് തന്റെ കൃതികളിൽ സ്ഥാനം നല്കിയത് നമ്മുടെ സാഹിത്യത്തിന്റെ പരിപുഷ്ടിയെ മറെറാരു തരത്തിൽ നിർവഹിക്കുവാൻ പര്യാപ്തമായിട്ടുണ്ട്.

വിശാലഹൃദയത്വത്തിന്റെയും നിരീക്ഷണപാടവത്തിന്റെയും ഫലമായ ഫലിതരസത്തിൽ സ്വതേതന്നെ ആസക്തനായിരുന്ന ആ കവിപുംഗവൻ പൊതുജനങ്ങളിൽ ഭൂരിപക്ഷത്തിന്റെ അഭിരുചിക്കും സമുദായസംസ്കരണം എന്നുള്ള തന്റെ ഉദ്ദേശ്യത്തിനും അനുഗുണമാംവണ്ണം പലർക്കും ചിരിക്കുവാനും ചിലർക്ക് ചിന്തിക്കുവാനും മറെറാരുകൂട്ടർക്ക് ലജ്ജിക്കുവാനും വകയുള്ള ചിത്രങ്ങളെ അവതരിപ്പിച്ച് സർവതോമുഖമായ വിശ്രുതി സമാർജ്ജിച്ചു. കുഞ്ചൻനമ്പ്യാരുടെ കൃതികളിലെ ഭാഷാരീതി ഭാഷകേറിവരുന്ന നല്ല മണിപ്രവാളമാണെന്ന് അദ്ദേഹം തന്നെ വിളിച്ചു പറഞ്ഞിട്ടുണ്ട്.

കേരളത്തിന്റെ കീർത്തിക്ക് മറെറതിനേയുംകാൾ കൂടുതൽ സഹായിച്ചിട്ടുള്ള ഒരു ദൃശ്യകലാപ്രസ്ഥാനമാണല്ലോ കഥകളി. ആ പ്രസ്ഥാനത്തെ അവലംബിച്ച് നമുക്ക് വിപുലമായ ഒരു സാഹിത്യസമ്പത്ത് പൂർവികന്മാർ നേടിത്തന്നിട്ടുണ്ട്. പ്രസ്ഥാനസാഹിത്യങ്ങൾക്ക് പൊതുവേ സംഭവിക്കാവുന്ന ഏകരൂപതയും സങ്കേതജടിലത്വവും കവികളുടെ വ്യക്തിത്വത്തിന്റെ ഉന്മേഷത്തിന് ഏറെക്കുറെ പ്രതിബന്ധങ്ങളാകയാൽ നമ്മുടെ കഥകളിഗ്രന്ഥങ്ങൾ സാമാന്യേന ഉത്കൃഷ്ടസാഹിത്യലക്ഷ്യങ്ങളെ നിറവേററുന്നതിന് വേണ്ടിടത്തോളം പര്യാപ്തങ്ങളായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. എങ്കിലും നളചരിതം, നിവാതകവചകാലകേയവധം, രാവണവിജയം എന്നിവയെപ്പോലെ രസഭൂയിഷ്ഠങ്ങളായ കൃതികൾ കഥകളിസാഹിത്യത്തിൽ നമുക്ക് ഉപലബ്ധങ്ങളായിട്ടുള്ളത് ഒരുവിധത്തിലും വിസ്മരിക്കാവുന്നതല്ല.

മധുരമധുരഭാഷാസംസ്കൃതാന്യോന്യസംമ്മേളനസുരഭിലമായ മണിപ്രവാളപ്രസ്ഥാനത്തിന് ഈക്കാലത്തെല്ലാം തടവുതട്ടാത്ത വളർച്ചതന്നെ ഉണ്ടായിട്ടുണ്ട്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാലമായപ്പോൾ മണിപ്രവാളപ്രസ്ഥാനത്തോടൊപ്പംതന്നെ ഭാഷാകവിതാപ്രസ്ഥാനവും പ്രാബല്യത്തിൽ വരുവാൻ ഇടയായി. കേരളകാളിദാസപ്രഭൃതികൾ മണിപ്രവാളപ്രസ്ഥാനത്തിന് താങ്ങും തണലുമായിരുന്നപ്പോൾ വെണ്മണി, കുഞ്ഞിക്കുട്ടൻ തമ്പുരാൻ മുതലായവർ ഭാഷാകവിതയുടെ സാരള്യത്തിനുവേണ്ടി മിക്കവാറും സംഭാഷണഭാഷയോടടുത്തുനില്ക്കുന്ന ഒരു പ്രതിപാദനരീതി തഴപ്പിച്ചുകൊണ്ടുവരുവാൻ നിസ്തന്ദ്രമായി പരിശ്രമിച്ചുപോന്നു.

‘വാലന്മാരുടെ വഞ്ചിയുണ്ടിവിടെ നി-
ന്നല്പം വടക്കോട്ടു പോ-
യാലന്നം കയിൽവാണിക്കൂലികുറവായ്
വന്നീടുമെന്നമ്പരം
ആലോചിച്ചൊരുവാലനോടൊരുപെരും
കേവഞ്ചിയും വൻകഴ-
ക്കോലും കൊണ്ടുവരേണമെന്നു വളരെ-
ക്ലേശിച്ചു കേഴേക്ഷണേ!

ഇത്തരം പദ്യങ്ങൾ വൃത്തബന്ധംകൊണ്ടു മാത്രമേ സംഭാഷണത്തിൽനിന്നും വ്യത്യസ്തമായിരിക്കുന്നുള്ളു. അകൃത്രിമതകൊണ്ട് ഏതാദൃശമായ ഭാഷാരീതിക്ക് ഒരു സൗന്ദര്യമുണ്ടെന്ന് സമ്മതിക്കാമെങ്കിലും പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും ത്യാജ്യഗ്രാഹ്യവിവേകത്തോടുകൂടിയ ഒരു സംസ്കരണം അത്യന്താപേക്ഷിതമായിരുന്നു. ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തുടങ്ങിയ പണ്ഡിതകവികളുടെ പ്രവർത്തനംകൊണ്ട് ആ സംസ്കരണം സമുചിതമായ രീതിയിൽ ഭാഷാകവിതയ്ക്ക് സംസിദ്ധമായി. മഹാകാവ്യങ്ങളും സംസ്കൃതനാടകങ്ങളുടെ ഭാഷാവിവർത്തനങ്ങളും മററുംഇക്കാലത്ത് സമുദായം ചെയ്തിട്ടുള്ളവയാണ്. അവയിൽ നവീനത്വവും ദേശീയസംസ്കാരത്തിന്റെ വിളയാട്ടവും കുറവാണെങ്കിൽതന്നെയും സംസ്കൃതത്തിലെ കാവ്യനാടകങ്ങളുടെ മാതൃകപിടിച്ചുള്ള അത്തരം കൃതികളും ഭാഷാസാഹിത്യത്തിന്റെവികാസത്തിന് ഒരു വിധത്തിൽ ഉതകിയിട്ടുണ്ടെന്നുള്ളതിന് സംശയമില്ല. അടുത്തകാലത്ത് ഭാരതമൊട്ടുക്ക് ദേശീയമായ ഒരു ഉദ്ബുദ്ധതസംജാതമായതും മഹാകവി രവീന്ദ്രനാഥടാഗൂറിനെപ്പോലുള്ള അനുഗൃഹീതസാഹിത്യകാരന്മാരുടെ ഭാവപ്രധാനങ്ങളായ കവനങ്ങൾക്ക് സാർവത്രികമായ പ്രചാരം ലഭിച്ചതും കേരളകവികളുടെ പ്രവർത്തനത്തെ നവീനമാർഗ്ഗത്തിൽക്കൂടി തിരിച്ചുവിടുവാൻ ശക്തിയുള്ള രണ്ടുപാധികളായിരുന്നു. സമുദായത്തിൽ ദേശീയബോധത്തെ ഉദ്ദീപിപ്പിക്കത്തക്ക കൃതികളെ ഒരു മഹാകവി പ്രണയനം ചെയ്തുവെങ്കിൽ മററൊരുമഹാകവി ജീവിതവിമർശനത്തിന് പ്രാധാന്യം കല്പിച്ചുള്ള കൃതികളുടെ രചനയിൽ ഏർപ്പെട്ടു. വേറൊരു മഹാകവിയാകട്ടെ പ്രാചീനസംസ്കാരത്തിന്റെ ഉദ്ഗാതാവായി സഹൃദയപ്രീണനം ആചരിക്കുന്നതിന് സന്നദ്ധനായി. ഇതരസാഹിത്യങ്ങളിൽ പ്രചാരംസിദ്ധിച്ചിട്ടുള്ള ഏതു പ്രസ്ഥാനത്തേയും തേടിപ്പിടിച്ച് കൈരളീദേവിക്ക് വിശിഷ്ടഭൂഷകൾ ചാർത്തുന്നതിൽ ആധുനികസാഹിത്യകാരന്മാർ കുതുകികളായിരിക്കുന്നു. ഗൂഢാത്മകവിതകൾ, ലഘുപദികൾ, ഗീതകങ്ങൾ, വിലാപകാവ്യങ്ങൾ എന്നിവ പദ്യസാഹിത്യത്തിലും ചെറുകഥകൾ, ഗദ്യനാടകങ്ങൾ, സാഹിത്യചിത്രങ്ങൾ, സങ്കല്പസംഭാഷണങ്ങൾ എന്നിവ ഗദ്യസാഹിത്യത്തിലും നാൾക്കുനാൾ പെരുകിവരുന്നുണ്ട്. ആധുനികകൃതികളിൽ മാനസികങ്ങളായ വ്യാപാരങ്ങളെ താത്ത്വികമായ രീതിയിൽ വിശകലനംചെയ്തുള്ള വിജ്ഞാനത്തിന്റെ സ്പഷ്ട

രണ്ണങ്ങൾ പ്രാചീനകൃതികളിൽ ഉള്ളവയെക്കാൾ കൂടുതലായി സാക്ഷാത്കരിക്കുവാൻ കഴിയുന്നുവെന്നുള്ളതു് സവിശേഷം പ്രസ്താവ്യതയെ അർഹിക്കുന്നു.

ജീവത്പ്രശ്നങ്ങൾക്കും ജീവിതയാഥാർത്ഥ്യങ്ങൾക്കും പ്രതിപാദ്യവിഷയത്തിൽ പ്രാധാന്യം നല്കണമെന്നുള്ള പുരോഗമനസാഹിത്യകാരന്മാരുടെ വാദത്തിൽ അടങ്ങിയിരിക്കുന്ന ഉപപത്തി ആൎക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ല. സാഹിത്യത്തിന്റെ കലാപരമായ പ്രാശസ്ത്യത്തിന് ഉടവു തട്ടിക്കണമെന്നു് പഴയ പ്രസ്ഥാനക്കാരോ പുതിയ പ്രസ്ഥാനക്കാരോ അഭിപ്രായപ്പെടുകയില്ല. സങ്കല്പലോകത്തിലും അനുഭവലോകത്തിലും മാറിമാറി വിഹരിക്കുവാൻ ഔത്സുക്യമുള്ളവൎക്കു് പഴയ പ്രസ്ഥാനവും പുതിയ പ്രസ്ഥാനവും ഒരുപോലെ സംസേവ്യങ്ങളാണ്. പദ്യകാരന്മാരാകട്ടെ, ഗദ്യകാരന്മാരാകട്ടെ നമ്മുടെ മാതൃഭാഷാസാഹിത്യത്തിന്റെ പേരും പെരുമയും പുലർത്തിക്കൊണ്ടു പോകുവാൻ മോഹിക്കുന്നവർ ഏവരും ലോകത്തിന്റെ ഒരു ഘടകമായി കേരളത്തെ അഭിവീക്ഷിക്കുകയും ദേശീയസംസ്കാരത്തിന്റെ പരിഷ്കരണത്തിലും പരിപോഷണത്തിലും കൃതമതികളാവുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ സാഹിത്യത്തിന്റെ ഭാവി സർവ്വഥാ ശോഭനമായിരിക്കും.

With the kind permission of
The Travancore Radio

ഉഷസ്സൂക്തം

പി. കെ. നാരായണപിള്ള, എം. ഏ. പി. എച്ച്. ഡി.

[ഋഗ്വേദത്തിൽ ഒന്നാം മണ്ഡലത്തിലെ നാല്പത്തിയെട്ടാമത്തെ സൂക്തത്തിലെ നാലു് ഋക്കുകളാണു് ഇവിടെ തർജ്ജിമചെയ്തിരിക്കുന്നതു്.]

സഹ വാമേന ന ഉഷോ
വ്യുച്ഛാ ദുഹിതർദിവ:
സഹദ്യുമ്നേന ബൃഹതാ
വിഭാവരി രായാ ദേവി ദാസ്വതീ

ഉഷസ്സേ സൗഭഗത്തോടുകൂടി[1] ദ്യോവിന്റെ പുത്രി വിപുലമായ യശസ്സോടുകൂടി പ്രകാശമാനയും ദാനശീലയുമായ[2] ദേവി ധനത്തോടുകൂടി ഞങ്ങൾക്കായി പ്രകാശിച്ചാലും[3].

1 വാമം, ദ്യുമ്നം, രൈ എന്നീശബ്ദങ്ങൾക്കു് ധനംഎന്ന സമാനാർത്ഥമാണു് ഭാഷ്യകാരനായ മാധവൻ പറഞ്ഞിരിക്കുന്നതു്. വാമശബ്ദത്തിനു് സ്കന്ദസ്വാമി അന്നമെന്നും ദ്യുമ്നശബ്ദത്തിനു സായണൻ അന്നമെന്നും അർത്ഥം പറഞ്ഞിരിക്കുന്നു. വേങ്കടമാധവന്റെ അഭിപ്രായത്തിൽ വാമത്തിനു് അന്നമെന്നും ധനമെന്നും അർത്ഥമാകാം. എന്നാൽ അവയുടെ സൂക്ഷ്മമായ വ്യുത്പത്തിയും പ്രകൃതവും ആസ്പദിച്ചു് ഇവിടെ സൗഭഗം, യശസ്സ്, ധനം എന്നിങ്ങിനെയഥാക്രമം തർജ്ജമ ചെയ്തിരിക്കയാണു്.

വാമാഎന്നപദത്തിനു് സംസ്കൃതത്തിൽ സുന്ദരി എന്നർത്ഥം വന്നുചേർന്നതെങ്ങനെയെന്നു് ഈ വൈദികാർത്ഥം വിശദമാക്കുന്നു. സൗഭഗവും സൗന്ദര്യവും തമ്മിലുള്ള അഭേദകല്പനയാണു് ഇതിനുകാരണം. ശ്രീ എന്ന വാക്കിനു ധനമെന്നും സൗന്ദര്യമെന്നും അർത്ഥമുള്ളതു നോക്കുക.

2. ദ്യോവിൻെറ പുത്രിയുടെയശോവൈശാല്യവും ദാനശീലയുടെ ധനാധിപത്യവും ഔചിത്യഭാസുരമായിരിക്കുന്നു. ധനത്തിൻെറ പര്യായമായ "രൈ" ശബ്ദത്തിൻെറ ധാതു 'രാ' (കൊടുക്കുക) എന്നാണെന്നുള്ളതും ഈ ഋക്കിൻെറ ചമത്കാരത്തെ ആവിഷ്കരിക്കുന്ന വസ്തുതയാണ്.

3 ഉഷസ്സ് എന്ന നാമവും വ്യുച്ഛ എന്ന ക്രിയയും വസ് (പ്രകാശിക്കുക) എന്ന ധാതുവിൽ നിന്നും നിഷ്പാദിപ്പിക്കാവുന്നവയാണ്. ഇങ്ങനെനൈരുക്തികരസികതയുള്ള പ്രയോഗങ്ങൾ ഋഗ്വേദത്തിൽ പലപ്പോഴും കാണാം.

അശ്വാവതീർഗോമതീർവിശ്വസുവിദോ
ഭൂരിച്യവന്ത വസ്തവേ
ഉദീരയപ്രതിമാ സൂനൃതാ
ഉഷശ്ചോദ രാധോമഘോനാം

ധാരാളം അശ്വങ്ങളും ഗോക്കളും ഉള്ളവരും എല്ലാം ലഭിക്കുന്നവരുമായ[1] (ഉഷസ്സുകൾ) പ്രകാശിക്കാനായി[2] വന്നുകഴിഞ്ഞു. ഉഷസ്സേ എനിക്കായിദാനങ്ങൾ[3] അയച്ചാലും; ദാതാക്കളുടെ [4] ഔദാര്യത്തെ പ്രേരിപ്പിച്ചാലും.

1. വിശ്വസുവിദഃ എന്നതിന് എല്ലാഭൂതജാതത്തേയും അറിയിപ്പിക്കുന്നവർ എന്ന അർത്ഥം സ്കന്ദസ്വാമി പറയുന്നു. എല്ലാ ധനവും അറിയിപ്പിക്കുന്നവർ എന്ന് വേങ്കടമാധവൻ പറയുന്നു. എല്ലാത്തിനേയും പ്രകാശിപ്പിക്കുന്നവർ എന്നു സാരം. എല്ലാ ധനത്തിനേയും ലഭിപ്പിക്കുന്നവർ എന്നു സായണൻ അർത്ഥം പറയുന്നു. ഈ വ്യാഖ്യാനങ്ങളിലെ പ്രയോജകം സാധുവാണോ എന്നു സംശയമാണ്. അതുകൊണ്ടു് "വിശ്വം വിന്ദതി" എന്ന ഋജുവായ വ്യാഖ്യാനം ഇവിടെ സ്വീകരിച്ചിരിക്കുന്നു.

2. "വസ ആച്ഛാദനേ" എന്ന ധാതുവിൽനിന്നും ഈ വാക്കു് സ്കന്ദസ്വാമി നിഷ്പാദിപ്പിക്കുന്നു. ജ്യോതിസ്സുകൊണ്ടു ഇരുട്ടിനെ ആച്ഛാദനം ചെയ്യുവാൻ എന്നർത്ഥം. ദിവസകരണത്തിനായി എന്നു് വേങ്കടമാധവൻ. പ്രജകളുടെ നിവാസത്തിനായി എന്നു് സായണൻ. വസ് (പ്രകാശിക്കുക). എന്ന ധാതുവിൽ നിന്നു് ഇതിനെ നിഷ്പാദിപ്പിക്കുന്നതായിരിക്കും ഉപപന്നം. ഇതനുസരിച്ചാണ് തർജ്ജമ.

3. സൂനൃതാ എന്ന വാക്കിന് ഭാരതീയ ഭാഷ്യകാരന്മാർ സൂനൃതകളായ വാക്കുകൾ എന്നാണ് അർത്ഥമെടുക്കുന്നതു്. സ്കന്ദസ്വാമിമാത്രം ഇതു് ഉഷസ്സിൻെറ പര്യായമാണെന്നും അഭിപ്രായപ്പെടുന്നു. ഗെൽഡ്നർതുടങ്ങിയ പാശ്ചാത്യപണ്ഡിതന്മാരുടെ ഗവേഷണത്തിൻെറ ഫലമായി ഇതിന് ദക്ഷിണ എന്നുകൂടി അർത്ഥമുണ്ടെന്നു കണ്ടുപിടിക്കപ്പെട്ടു. പ്രകൃതത്തിനു പററിയ അർത്ഥം ഇതാണെന്ന് തോന്നിയതുനിമിത്തം തർജ്ജമയിൽ സ്വീകരിച്ചിരിക്കുന്നു.

4. മഘോനാം എന്നതിന് ധനവാന്മാരുടെ എന്ന അർത്ഥമാണ് ഭാഷ്യകാരന്മാർ പൊതുവേ സ്വീകരിച്ചുകാണുന്നതു്.

"മഹ് പൂജായാം" എന്ന ധാതുവിൽ നിന്നും നിഷ്പന്നമായ മഘവൻ എന്ന ഈ പദത്തിനു ഉദാരൻ എന്ന അർത്ഥമാണ് തർജ്ജമയിൽ സ്വീകരിച്ചിരിക്കുന്നതു്.

III. ഉവാസോഷാ ഉച്ഛാച്ച നു
ദേവീ ജീരാ രഥാനാം
യേ അസ്യാ ആചരണേഷു
ദധ്രിരേ സമുദ്രേ ന ശ്രവസ്യവഃ

ഉഷസ്സ് മുൻപ് പ്രകാശിച്ചു; ഇനിയും പ്രകാശിക്കട്ടെ; രഥങ്ങളെ പ്രേരിപ്പിക്കുന്നദേവി—യാതൊരു രഥങ്ങൾ ഇവളുടെ ആഗമനത്തിൽ സജ്ജങ്ങളാകുന്നു[2]—സമുദ്രത്തിൽ യശസ്കാമന്മാരെന്നപോലെ.

1. ഉഷസ്, ഉവാസ, ഉച്ഛാത് ഇതെല്ലാം വസ്ധാതുവിൻെറ രൂപഭേദങ്ങളാണ്.

2. "ധൃഞ് ധരണേ" എന്ന ധാതുവിൽ നിന്നു നിഷ്പാദിപ്പിച്ചിട്ടുള്ള രൂപമാണ് ദധ്രിരേ. നില്ക്കുന്നു എന്ന് ഇതിന് അർത്ഥം പറഞ്ഞാൽ മതിയെങ്കിലും സന്ദർഭം നോക്കുമ്പോൾ "സജ്ജമാകുന്നു" എന്ന അർത്ഥം കല്പിക്കേണ്ടിയിരിക്കുന്നു.

3. "ശ്രു" എന്നതാണ് ശ്രവസ്യവഃ എന്ന വാക്കിന്റെ ധാതു. യശസ്സിൽ ആഗ്രഹമുള്ളവർ എന്നാണ് ധാത്വർത്ഥം. അതിന്റെ വിജയത്തിനുവേണ്ടി മത്സരിക്കുന്നവർ എന്നും മറ്റും അർത്ഥാന്തരം വരാവുന്നതാണ്. ഭാഷ്യകാരന്മാരും ചില പാശ്ചാത്യപണ്ഡിതന്മാരും ഇതിനു ധനകാമന്മാർ എന്നാണ് അർത്ഥം പറഞ്ഞുകാണുന്നതു്.

അവസാനപാദത്തിലെ ഉപമാലങ്കാരം ഭാഷ്യകാരന്മാരുടെ അഭിപ്രായത്തിൽ "—സമുദ്രത്തിൽ ധനകാമന്മാർ നൗകകൾ എന്നപോലെ" എന്നാണ്. ഈ ഉപമാലങ്കാരപൂരണമായിരിക്കാം ശ്രവസ്യവഃ എന്നതിന് ധനകാമന്മാർ എന്ന് അർത്ഥം കല്പിക്കുവാൻ സംഗതിയാക്കിയതു്.

IV

ഉഷോ യേ തേ പ്ര യാമേഷു
യുഞ്ജതേ മനോ ദാനായ സൂരയഃ
അത്രാഹ തത് കണ്വ ഏഷാം
കണ്വതമോ നാമ ഗൃണാതി നൃണാം.

ഉഷസ്സേ, നിന്റെ ആഗമനങ്ങളിൽ യാതൊരു മഹാന്മാരാണോ ദാനത്തിൽ മനസ്സിനെ നിയോഗിക്കുന്നതു്—ഈ നരന്മാരുടെ ആ നാമം കണ്വവംശത്തിലെ ശ്രേഷ്ഠതമനായ കണ്വൻതന്നെ ഇവിടെ സ്തോത്രം ചെയ്യുന്നു.

1. യാമം എന്നതിന് സ്കന്ദസ്വാമി യജ്ഞം എന്ന് അർത്ഥം പറയുന്നു. മറ്റു ഭാഷ്യകാരന്മാർ ഗമനം എന്നും ആഗമനം എന്നും ഗത്യർത്ഥകമായാണ് അതിനെ വ്യാഖ്യാനിച്ചിരിക്കുന്നതു്.

2. സൂരി എന്ന പദത്തിന് സ്തോതാവ് എന്ന് സ്കന്ദസ്വാമിയും, പ്രാജ്ഞനെന്ന് വേങ്കടമാധവനും, ഉദാരനെന്നു മാധവനും, വിദ്വാനെന്നു സായണനും അർത്ഥം പറയുന്നു. സൂരി എന്നുള്ളതു് ദേവതകളുടെ ഒരു സാധാരണവിശേഷണമാണ്. സൂരികൾ കവികളുടെ രക്ഷാധികാരികളാണ്. അവർ വളരെ ഉദാരന്മാരാണ്.

വില്ലടിച്ചാൻപാട്ട്

ശൂരനാട്ടു കുഞ്ഞൻപിള്ള, എം. എ.

തമിഴ് നാട്ടിൽ ചിലപ്രദേശങ്ങളിലും തെക്കൻ തിരുവിതാംകൂറിലും വളരെ പ്രചാരത്തിലിരിക്കുന്ന ഒരു വിനോദവിദ്യയാണ് വില്ലടിച്ചാൻപാട്ട്. ദേവതാപ്രീതിക്കുവേണ്ടിയോ വീരപ്രശംസയെ പുരസ്കരിച്ചോ നാട്ടുകാർ നിർമ്മിച്ചിട്ടുള്ള ഇത്തരം പാട്ടുകൾ ദക്ഷിണതിരുവിതാംകൂറിലെന്നതുപോലെ തിരുനൽവേലിയിലും മററും പ്രശസ്തമായിരിക്കുന്നു എന്ന വിവരം ഇവിടെ പലർക്കും അറിവില്ലായിരിക്കാം. ഒരു പക്ഷേ തെക്കൻ തിരുവിതാംകൂറിലുള്ള ഈ വിനോദഗാനകലയ്ക്കു വേണ്ടത്ര പ്രചാരം വടക്കോട്ടു കിട്ടിക്കാണാത്തത് അത്തരം ഗാനങ്ങൾ ഉൽപത്തികൊണ്ടെന്നപോലെ പ്രയോഗസമ്പ്രദായങ്ങൾകൊണ്ടും തമിഴ്നാട്ടിനോടു കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടായിരിക്കാം. എന്നാൽ, ഒരു വിനോദവിദ്യയെന്ന നിലയ്ക്ക് അതിനുള്ള ബന്ധങ്ങൾ ഏതു വിധമിരുന്നാലും, കേരളത്തിലെ ജനകീയസാഹിത്യപ്രസ്ഥാനത്തിന്റെ ചരിത്രം പഠിക്കുന്നവർക്ക് ഈ ഇനത്തിലുൾപ്പെടുന്ന അനേകം ഗാനങ്ങളെപ്പററി മുഖ്യമായി പരിഗണിക്കേണ്ടതുണ്ട്. കേരളീയജനകീയഗാനസമ്പത്തുകളെപ്പററി ഇതുവരെ ആരാഞ്ഞിട്ടുള്ള അധികം പണ്ഡിതന്മാരും വടക്കൻ പാട്ടുകളെപ്പററി പഠിച്ച് ആസ്വദിച്ചു വിരമിച്ചിട്ടുള്ളതു് തെക്കൻപാട്ടുകളുടെ രസികതയും, വ്യാപ്തിയും മററും പൊതുവെ അറിയാൻ ഇടവന്നിട്ടില്ലാത്തതുകൊണ്ടാണ്. നിഷ്കൃഷ്ടമായിപ്പറയുമ്പോൾ വടക്കൻ പാട്ടുകളാണ് കേരളീയതയുടെ പ്രകടമായ പ്രാതിനിധ്യം വഹിക്കുന്നതെങ്കിലും, തെക്കൻ പാട്ടുകളെപ്പററി ശരിയായി മനസ്സിലാക്കാതെ മലയാള സാഹിത്യചരിത്രത്തെക്കുറിച്ചുള്ള അറിവു പൂർണ്ണമാകയില്ലെന്നു നിശ്ചയമായി കരുതാവുന്നതാണ്. തിരുവിതാംകൂറിന്റെ തെക്കേഭാഗം ഉത്തരകേരളംപോലെതന്നെ ചരിത്രപ്രാമാണ്യം വഹിക്കുന്നുണ്ട്. തമിഴ്നാടും മലയാളവും ചേരുന്ന സ്ഥലം എന്നുമാത്രമല്ല, പലകാലത്തും ബാഹ്യശക്തികളുടെ പ്രേരണകൾക്കു വിധേയമായും വേണാടിന്റെ വിജയസ്ഥാനമായും ആ ഭാഗങ്ങൾ ഇരുന്നിട്ടുണ്ട്. ആ നാട്ടുകാരുടെ ആചാരങ്ങളും, പാരമ്പര്യങ്ങളും, വിശ്വാസങ്ങളും, ചടങ്ങുകളും ചരിത്രജിജ്ഞാസയെ പൂരിപ്പിക്കുമെന്നുമാത്രമല്ല, കൗതുകത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. വടക്കൻ പാട്ടുകൾക്കു തച്ചോളിത്തേനൻ തുടങ്ങിയുള്ള മഹാവീരന്മാരുടെ അപദാനങ്ങൾ ശോഭാഹേതുക്കളാണെങ്കിൽ, ഇരവിക്കുട്ടിപ്പിള്ളപ്പടത്തലവൻ തുടങ്ങിയുള്ളവരുടെ പൗരുഷചരിതങ്ങൾ തെക്കൻ പാട്ടുകളെയും സമുജ്ജ്വലമാക്കുന്നുണ്ട്. വടക്കൻ പാട്ടുകളുടെ രീതിയിലല്ലെങ്കിലും തെക്കൻപാട്ടുകളും രസസമ്പുഷ്ടങ്ങളാണെന്നു നിശ്ചയമായി പറയാം. ഇങ്ങനെ എല്ലാപ്രകാരത്തിലും നമ്മുടെ ശ്രദ്ധയെ അർഹിക്കുന്ന ഇത്തരം പാട്ടുകളെപ്പററി സാമാന്യം ചില വിവരങ്ങളാണ് ഇവിടെ പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നതു്.

തെക്കൻ പാട്ടുകളിൽ ഏററിയകൂറും വിൽപ്രയോഗത്തോടുകൂടി പാടുന്നതുകൊണ്ടാണ് ഇവയ്ക്കു 'വില്ലടിച്ചാൻപാട്ട്' എന്നു പേരു കിട്ടിയിട്ടുള്ളതു്. എങ്ങനെ

യാണ് വില്ല് പാട്ടിന് ഉപകരണമാക്കിതീക്കുന്നത് എന്നു വിവരിക്കുന്നതിന്നു മുൻപായി അല്പം ചില വിവരങ്ങൾ കൂടി പറയാനുണ്ട്. ഈ പാട്ടുകൾ നടത്തുന്നത് സാധാരണ രാത്രികാലങ്ങളിലാണ്. തെക്കൻ തിരുവിതാംകൂറിൽ ധാരാളമുള്ള ശാസ്താം കോവിലുകളിലും അമ്മൻകോവിലുകളിലും ഇവ ഉപാസനാഗാനങ്ങളായി ആണ്ടുതോറും നടത്തിവരുന്നു. ശാസ്താം പാട്ടുകളും ഭദ്രകാളിപ്പാട്ടുകളും കേരളത്തിന്റെ മററുഭാഗങ്ങളിലും മററുപ്രകാരത്തിൽ നടത്താറുണ്ടെന്നുള്ളതും ഇവിടെ സ്മരിക്കാവുന്നതാണ്. തെക്കൻതിരുവിതാംകൂറിലെ അമ്മൻകോവിലുകളിൽ മുത്താരമ്മൻ കോവിൽ എന്നു പറയുന്ന ക്ഷേത്രങ്ങളാണ് പ്രധാനം. മുക്താഹാരം (മുത്തുമാല) അണിഞ്ഞ ദേവിയെയാണ് ഉപാസിക്കുന്നത്. അമ്മൻ കോവിലുകളിൽ പാടുന്ന പാട്ടുകളിൽ സങ്കല്പിച്ചിട്ടുള്ളത് അമ്മൻ, ഉച്ചിനിമാകാളി എന്നാണ്. ഉജ്ജയിനിയിൽ വിക്രമാദിത്യൻ പൂജിച്ചുപോന്ന ദേവിയെ ആവാഹിച്ച് ഇവിടെ പ്രതിഷ്ഠിച്ചു പൂജിക്കുന്നതുകൊണ്ടാണ് ഉജ്ജയിനിയിലെ മഹാകാളി എന്ന അർത്ഥത്തിൽ ഉച്ചിനിമാകാളി എന്നു പറഞ്ഞുപോരുന്നത്. ദേവിയെപ്പററി പ്രസിദ്ധമായ പല പാട്ടുകളും കുമ്മികളുമുണ്ട്. പുലിയൂർക്കുറിച്ചിയിൽ വിശ്വനാഥൻ കുമാരൻ എന്നൊരു പുലവനാണ് ഇതിൽ പ്രസിദ്ധമായ ഒരു കുമ്മിയുടെ കർത്താവെന്ന് ആ കുമ്മിതന്നെ തെളിയിക്കുന്നു.

വാഴ് പുലിയൂർക്കുറിച്ചി വളരുവിശ്വനാഥൻ
കുമാരൻ ചൊൽ കുമ്മിതന്നെ
നേർപത്തിരകാളിമേൽ പാടിനതാൽ വിളൈ
കുറേറാർകൾ തമ്പദം കാപ്പുമെ....
....
വിക്കിരമാതിത്തൻ മുന്നാളിൽ
മേതിനിതന്നെ അരശാണ്ടു.
ഉർപ്പ്വമാകവെ ഉച്ചിനിമാകാളി
ഉക്കിരമാകവേ വീത്തിരുന്താൾ.

ചീർപെരും വടദേശത്തിൽ ഉച്ചിനിമാകാളി
ചിറന്തവിക്കിരമേന്തിരൻ ഇവിപോററി ചെയ്ത [ദേവി
പാർപുകഴ്ം കലിയുഗത്തിലെഴുന്ത കഥപാട
വൻപുപെറും തന്തിമുഖൻ ഐങ്കരൻ
വന്തുളവായ്-

ഇത്യാദി.

ചമ്പുത്തുര എന്ന ഒരു സായ്പ്പ് കാളീക്ഷേത്രത്തെ അശുദ്ധമാക്കാൻ ചെന്നപ്പോൾ കോവിലിന്റെ കതക് തനിയെ അടഞ്ഞതായും, അതു കണ്ടു കതകു പൂജാരി അടച്ചതാണെന്നു ശങ്കിച്ച് സായ്പ്പ് അയാളെ വെട്ടാൻ ചെന്നപ്പോൾ മായ കൊണ്ടു ദേവി ഭൂതങ്ങളെ സൃഷ്ടിച്ചുസായ്പിനെ തുരത്തിയതായും മററുമാണ് കഥ. ആ കഥാഭാഗത്തെ പരാമർശിക്കുന്ന ഏതാനും വരികൾ താഴെ ഉദ്ധരിക്കാം.

വാംപലരുടെ പെട്ടിതെൻറ ചൊല്ലിഉച്ചിനി
മാകാളികോവിലിൽ പൂചാരിയെ
ആചലായ് വെട്ടുവേനെൻറ ചൊല്ലിതട-
ന്തോടിവന്താരെ ചമ്പുത്തുരെ.
എന്നെനീ വെട്ടാതെ ചമ്പുത്തുരെഉന്തൻ
ഏകാപരൻ മേലെ ആണയിട്ടേൻ.
ഉന്നെവരവേണ്ടാമെൻറചൊല്ലികത-
കൊൻറായടച്ചിതെ ചമ്പുത്തുരെ
....
ഒൻറാകെപ്പതവേതാളങ്കളെക്ഷണം
ഓംകാരിസൃഷ്ടിച്ചാൾ പാതംകോടി
ആതാളിയംകവെകൾകൊണ്ടെറിന്തിട
ആറാംമലെ അന്തചമ്പുത്തുരെ

നീലികഥ തുടങ്ങിയുള്ള മററു പല പാട്ടുകളും അമ്മൻ കോവിലുകളിൽ പാടാറുണ്ട്. വടക്കോട്ടുള്ള ഭദ്രകാളീ ക്ഷേത്രങ്ങളിലെ പാട്ടുകളിലെ വിഷയങ്ങളും തെക്കൻ തിരുവിതാംകൂറിലെ ഈ പാട്ടുകളുമായിട്ടുള്ള വ്യത്യാസം പ്രകടമാണല്ലോ.

ശാസ്താം കോവിലുകളിലെ പാട്ടുകളിലും ഇത്തരം വ്യത്യാസങ്ങളുണ്ടെങ്കിലും തെക്കും വടക്കുമായി ഒന്നുകൂടെഗാഢമായ ബന്ധമുണ്ട്. ശാസ്താവിന്റെ ജനനം തൊട്ടുള്ള കഥയാണ് തെക്കൻപാട്ടുകൾക്കും

വിഷയം. സൂക്ഷ്മാംശങ്ങളിൽ വ്യത്യാസങ്ങൾ പലതുമുണ്ടെങ്കിലും ശാസ്താവു പുലിപ്പാൽ കൊണ്ടുവരാൻപോകുന്ന കഥകളെത്തന്നെ ഈ പാട്ടുകളിലും മുഖ്യമായി പ്രതിപാദിച്ചു കാണുന്നു.

> എടുത്താരെ മാറാച്ചൻവൻപുലിക്കുട്ടിയെ
> ഇടയനെപ്പോലിട്ടുക്കിൽ—

എന്നിത്യാദി ഭാഗങ്ങൾ ശ്രദ്ധേയമാണു്.

കോവിലുകളിൽ പാട്ടു നടത്താറുള്ളതു് സാധാരണയായി ആണ്ടുതോറും വൃശ്ചികമാസത്തിൽ കൊണ്ടാടാറുള്ള ഉത്സവാവസരങ്ങളിലാണു്. വെള്ളിയും ചൊവ്വായും ആണു് പാട്ടു നടത്താൻ പ്രധാനമായിവച്ചിട്ടുള്ള ദിവസങ്ങൾ. വൃശ്ചികമാസം ഒന്നാം തീയതിതുടങ്ങി ഒരു മണ്ഡലകാലത്തേക്കു് അമ്പലത്തിൽ തുടർച്ചയായി പാട്ടു നടത്തുന്നവരുമുണ്ടു്. ദേവിയെപ്പററിയും ശാസ്താവിനെപ്പററിയുമുള്ള പാട്ടുകൾ പാടുന്നതിനിടയ്ക്കുതന്നെ രംഗവാസികളുടെ ആഗ്രഹപ്രകാരം മററു പാട്ടുകളും പാടേണ്ടിയിരിക്കും. ഈ വഴിക്കാണു ദേവതകളെക്കുറിച്ചല്ലാതുള്ള പല പാട്ടുകളും തെക്കൻ തിരുവിതാംകൂറിലുണ്ടായിട്ടുള്ളതു്.

ഇനിയും പാട്ടു നടത്തുന്ന പ്രകാരം എങ്ങനെ എന്നു നോക്കാം. ഒരാൾ തനിച്ചിരുന്നല്ല, സംഘമായിചേർന്നാണു് വില്ലടിച്ചാൻ പാട്ടു നടത്തുന്നതു്. ഒരു സംഘത്തിൽ നാലോ അഞ്ചോ പേർ വീതം വരുന്ന രണ്ടുകക്ഷികളുണ്ടായിരിക്കും. കോവിലിൽ വിഗ്രഹത്തിന്റെ മുൻഭാഗത്തുള്ള മുററത്തിനു വെളിക്കു പാട്ടു ചാവടി കെട്ടിയുണ്ടാക്കി അതിലിരുന്നാണു പാടുന്നതു്. ചാവടിയിൽ നിലത്തു് ഇരിക്കാനായി മെടഞ്ഞ ഓലക്കീറുകളോ പായോ ഇട്ടിരിക്കും. വില്ലു് ചാവടിയിൽ കുറുകെവച്ചു പാട്ടുകാർ വില്ലിന്റെ പിൻവശത്തു വിഗ്രഹത്തിനഭിമുഖമായിരിക്കും. പാട്ടിനു് ഉപയോഗിക്കുന്ന വില്ലു് യുദ്ധത്തിനു് ഉപയോഗിക്കുന്ന വില്ലിനെക്കാൾ വലുതാണു്. അതിനു പതിനഞ്ചു അടിയോളം നീളം വരും. വില്ലു വയ്ക്കുന്നതു് ഞാൺ മുകളിൽ വരുന്ന പ്രകാരത്തിലാണു്. മലത്തി അല്പം ചരിച്ചു വച്ചിട്ടുള്ള ഒരു മൺകുടത്തിന്റെ കഴുത്തിൽ വില്ലിന്റെ മദ്ധ്യഭാഗം വച്ചു് ഒരു പാട്ടുകാരൻ അതിൽ പിടിച്ചു കൊള്ളും. മററു പാട്ടുകാരും ഇടത്തു കൈകൊണ്ടു വില്ലിൽപിടിച്ചിരിക്കും. പ്രധാന പുലവൻ ഇരിക്കുന്നതു് വലത്തേ അററത്താണു്. വില്ലിന്റെ അററത്തു കെട്ടിയിട്ടുള്ള കയറു് അയാൾ തന്റെ വലത്തു കാലിന്റെ പെരുവിരലിൽ തൊടുത്തി പിടിച്ചുകൊള്ളും. വില്ലിന്റെ ദണ്ഡിൽ നെടുനീളത്തിൽവലിയ ഉരുള മണികൾ ബന്ധിച്ചിട്ടുണ്ടു്. പ്രധാനപുലവൻ മാത്രം മദ്ധ്യ ഭാഗത്തിൽ കിലുങ്ങുന്ന തരിവളകെട്ടിയിട്ടുള്ള കമ്പുകൊണ്ടു ഞാണിൽ താളം പിടിച്ചുകൊണ്ടിരിക്കും. ഈ കമ്പിനു 'വീയൽ' എന്നാണു പേർ. താളം അടിക്കുന്നതിൽ പ്രത്യേകം അംഗക്രിയകളും ചടങ്ങുകളും ഉണ്ടു്. പാട്ടുകാർക്കു പ്രത്യേകമായ വേഷങ്ങളൊന്നുമില്ലെങ്കിലും മേൽമുണ്ടു് എടുത്തു തലയിൽ കെട്ടുക പതിവാണു്. കുടം തട്ടുന്ന ആളും വലത്തെ അററത്തിരിക്കുന്ന പ്രധാന പുലവനും എന്തായാലും തലയിൽ കെട്ടുക നിർബന്ധമാണെന്നുതന്നെ പറയാം.

വില്ലിന്റെ രണ്ടു ഭാഗത്തുമിരിക്കുന്നവർ രണ്ടു കക്ഷി എന്നാണു് സങ്കല്പം. പാട്ടുതുടങ്ങുന്നതിന്റെ നാന്ദിയായി ഗണപതിസ്തുതി പാടും. പ്രധാനപ്പെട്ട പുലവൻ പാടുന്ന പാട്ടു് അയാളുടെ വശത്തിരിക്കുന്ന പിൻപാട്ടുകാർ ഏററു ഗാനം ചെയ്യും. അപ്പോൾ മററുള്ളവർ താളം പിടിച്ചു കൊണ്ടിരിക്കയേയുള്ളു. കുടത്തിന്റെ അടുത്തിരിക്കുന്ന പാട്ടുകാരൻ കുടത്തിന്റെ മുഖത്തു താളം പിടിക്കാനായി പാളകൊണ്ടു തട്ടിക്കൊള്ളും. ആ കക്ഷി

പാടി തീരുമ്പോൾ മറുപുറത്തുള്ളവർ അതിനു പകരം പാട്ട് അതേ രാഗത്തിലും താളത്തിലും പാടണമെന്നും, അങ്ങനെ പാടാൻ വയ്യാതെ വന്നാൽ തോററുപോയെന്നുമാണ് വയ്പ്. ഇതുകൊണ്ടാണു സാധാരണ പാട്ടുകളിലെല്ലാം ഒരേ ഭാഗത്തെപ്പററി ഒന്നിൽക്കൂടുതൽ പാഠങ്ങൾ കാണുന്നത്. ഒരു ഭാഗക്കാർ പാടുന്നതിനു തുല്യമായി മറുഭാഗത്തിരിക്കുന്ന പുലവന്മാർ പാടുമ്പോൾ രംഗവാസികൾ ഗുണതാരതമ്യമനുസരിച്ചു സമ്മാനദാനം ചെയ്തും കൈകൊട്ടിയും പ്രീതിപ്രദർശിപ്പിക്കും. രണ്ടുകക്ഷിക്കാരും വാശിയേറി പലപ്പോഴും ഒരേകഥാഭാഗത്തെപ്പററി വിചിത്രമായ രീതിയിൽ പാടിരംഗവാസികളെ രസിപ്പിക്കാൻ ശ്രമിക്കും. ചിലപ്പോൾ പാട്ടിലുള്ള വാശി മുഴുത്തു കഥാഭാഗം മറന്ന് എവിടെയെങ്കിലുമുള്ള പാട്ടുകൾ പ്രകൃതത്തിനുയോജിക്കുന്ന രാഗത്തിലും താളത്തിലും പാടി "ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനംകാണിക്കുന്നവിദ്യ" പ്രയോഗിക്കുന്നതും ചുരുക്കമല്ല. ഇതിലും കൂടുതലായി അപ്രകൃതഗാനങ്ങൾ പ്രയോഗിക്കാൻ വേറൊരുപ്രേരണയും ഉണ്ടായിരുന്നു. മുൻപുപറഞ്ഞിട്ടുള്ളതുപോലെ, അമ്മനെപ്പററിയോ ശാസ്താവിനെപ്പററിയോ ഉള്ള പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ ഇരവിക്കുട്ടിപ്പിള്ളയെപ്പററിയും മററുമുള്ള പാട്ടുപാടാൻ രംഗവാസികൾ ആവശ്യപ്പെടുന്നതു സാധാരണമാണ്. പ്രചാരത്തിലുള്ള എല്ലാപാട്ടുകളും പാട്ടുകാർ അഭ്യസിച്ചിരിക്കണമെന്ന് ഉണ്ടായിരുന്നതുകൊണ്ട് രംഗവാസികൾ ആവശ്യപ്പെടുന്ന പാട്ടുപാടിയേമതിയാവൂ എന്നും സമ്മതിച്ചിരുന്നു. എന്നാൽ അപ്രകൃതമായിവന്നു ചേരുന്ന പാട്ടുകൾ നീണ്ടുപോകാതെയും, ക്ലിപ്തസമയത്തിനുള്ളിൽ പാട്ടുപാടിനിർത്താനും പാട്ടുകാർ മനസ്സുവച്ചിരുന്നു എന്നും പറയണം.

ഈ ഗാനങ്ങളുടെ ഇന്നത്തെ സ്ഥിതി മാത്രമറിയാവുന്നവർക്ക് ഇവയുടെ പൂർവ്വചരിത്രമറിയുന്നതു കൗതുകകരമായിരിക്കും. മുൻകാലങ്ങളിൽ തെക്കൻതിരുവിതാംകൂറിൽ എല്ലാദേശങ്ങളിലുംതന്നെ ഈ പാട്ടുകൾ രചിക്കുന്നതിലും പ്രയോഗിക്കുന്നതിലും അസാമാന്യമായ സാമർത്ഥ്യമുണ്ടായിരുന്ന പുലവന്മാർ ധാരാളമായി ജീവിച്ചിരുന്നു. പാട്ടു തൊഴിലായി അഭ്യസിക്കാത്തവർക്കുപോലും പല പാട്ടുകളുടേയും മിക്കഭാഗങ്ങളും കാണാതെ തോന്നുമായിരുന്നു. പഴയ പുലവന്മാരുടെ കൂട്ടത്തിൽ ഏതാനും പ്രധാനപ്പെട്ടവരുടെ പേരുകൾ ഇവിടെപ്പറയാം. ക്ലാത്തൂർ മാതേവൻപിള്ള, ആതങ്കോട്ടുപിണ്ണി, പൂവങ്കോട്ടുകുമാരൻ, പൂട്ടാററുമാതുനായർ, പൂട്ടേററികൊച്ചൻ, കൊററാമംശങ്കരുട്ടി, വെള്ളംകോട്ടുകൊച്ചുനായർ, തൃപ്പരപ്പു ഇരവിപ്പുലവൻ, ആററൂർകടതാണുവൻ, കണ്ണനൂർ കേശവപിള്ളയും പരപ്പൻപിള്ളയും, കണ്ണനൂർ ശങ്കരപ്പിള്ള, വേമ്പനൂർ കൊച്ചപ്പൻപിള്ള തുടങ്ങിയുള്ളവർ പ്രശസ്തന്മാരായ പാട്ടുകാരായിരുന്നു. പാട്ടെഴുത്തുകാരിൽ പലരുടേയും പേരുകൾ വിസ്മൃതിയിലാണ്ടുപോയെങ്കിലും ചിലരെ എല്ലാം തെക്കൻ തിരുവിതാംകൂറിലെ വൃദ്ധന്മാർ ഇന്നും ഓർമ്മിക്കുന്നുണ്ട്. ആററങ്കര കുമാരപിള്ള, തെങ്ങുംകുഴി ചിതംബരതാണുപിള്ള, വാവറഅപ്പിപ്പിള്ള, ഇട്ടുകവേലിനാരായണൻ മുതലായവർ പാട്ടെഴുത്തുകാരിൽ പ്രമുഖന്മാരായിരുന്നു. സാധാരണലോകം കേട്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത ഈ നാടൻ പാട്ടുകാരുടെ പേരുകൾ ബഹുമാനപൂർവ്വമായ പ്രസ്താവത്തെ എങ്ങനെ അർഹിക്കുന്നു എന്നു ചിലർ ശങ്കിച്ചേക്കാം. അതിനു സമാധാനം കുചേലവൃത്തം വഞ്ചിപ്പാട്ടിൽ ഗോപസ്ത്രീകളെപ്പററിവർണ്ണിച്ചതിനു ഹേതുവായി മഹാകവിയായ രാമപുരത്തു വാര്യർ പറയുന്നതുപോലെയാണ്.

"പാട്ടിലിന്നിക്കഥയെല്ലാം
പറയാതെ കണ്ടൊഴിച്ചാൽ
പാപവും ഗോപസ്ത്രീകൾതൻ
ശാപവുമുണ്ടാം
പാട്ടിലുള്ള കലവിദ്യകൊണ്ടു
പരമാത്മാവിൻെറ
പാദം പണിഞ്ഞതക്കൂട്ടരെത്ത
മറന്നെന്നാമോ?"

ഇതു തന്നെയാണ് ഇവിടെയുമുള്ള യുക്തി.

കാളിദാസൻെറയും, വാല്മീകിയുടേയും മററും മഹത്തായ കാവ്യപ്രബന്ധങ്ങൾ അഭ്യസിക്കാൻ ഭാഗ്യമില്ലാതിരുന്നനമ്മുടെ പൂർവ്വന്മാൎക്ക് വിനോദത്തിനും വിജ്ഞാനത്തിനുമായി മധുരങ്ങളായ ഗാനങ്ങളെ നിർമ്മിച്ചവരേയും അതു പ്രയോഗിച്ചു സാഫല്യം നേടിയവരേയും എന്തുകൊണ്ടു ബഹുമാനിച്ചുകൂടാ? അവരും ലോകസേവനം അനുഷ്ഠിച്ചവരായിരുന്നു. അവരെയും കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ, ഇന്നും പാട്ട് ഉണ്ടാക്കുന്നതിലും പ്രയോഗിക്കുന്നതിലും സാമർത്ഥ്യമുള്ള പലരും ലോകപ്രശസ്തി കാംക്ഷിക്കാതെയും സിദ്ധിക്കാതെയും തെക്കൻ തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലും ഉണ്ടെന്നും രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

ഈ ചിന്ത നില്ക്കട്ടെ. പരിഷ്കാരഗതിയിൽ പഴയപലകലകൾക്കും തട്ടിയ ഇടിവ് ഈ വിനോദകലയ്ക്കും സംഭവിച്ചു. ആ വിധത്തിൽ ഇവയ്ക്ക് ഇന്നു പ്രചാരവും പ്രശസ്തിയും കുറഞ്ഞിരിക്കയാണ്. എങ്കിലും, വെറും ചരിത്രാന്വേഷികളുടെ പ്രയത്നത്തെ സാഫല്യമാക്കാൻവേണ്ടി മാത്രമേ ഈ പാട്ടുകളിലുള്ളൂ എന്നു പറയാവുന്നതല്ല. ദേശീയമായിട്ടുള്ള സംസ്കാരത്തിൻെറ വളൎച്ച അന്വേഷിക്കുന്നവൎക്കും വളരെ പ്രയാസം കൂടാതെ ഉദ്ധരിക്കാവുന്ന പ്രയോജനപൂർണ്ണമായ ഒരു വിദ്യയെ സേവിക്കാൻ ആഗ്രഹിക്കുന്നവൎക്കും ഇവയുടെ പഠനം ആശാസ്യമാണ്. സഹൃദയന്മാരുടെ പ്രത്യേകശ്രദ്ധ ഈ പാട്ടുകളിൽ പതിയണമെന്നേ ഇവിടെ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ.

നാളികേരപ്രശ്നം

ആർ. പരമേശ്വരൻനായർ ബി. ഏ.

യുദ്ധത്തിന്റെ പുറകിൽനിന്നുകൊണ്ട് കേരളീയരായ നമ്മെ തുറിച്ചു നോക്കുന്ന അനവധി പ്രശ്നങ്ങളുണ്ട്. അവയിൽവെച്ച് ഏററവും പ്രാധാന്യം അർഹിക്കുന്നത് നമ്മുടെ തെങ്ങുകൃഷിയുടെ ഭാവിയെപ്പററിയുള്ള പ്രശ്നം തന്നെയാണ്.

1939ൽ യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പ് നമ്മുടെ നാളികേരവ്യവസായം നാശഗത്തത്തിന്റെ അരികിൽ എത്തിക്കഴിഞ്ഞിരുന്നു. സമരംകൊണ്ടുണ്ടായ സാമ്പത്തികശക്തികളുടെ ഫലമായി ആ ആപൽസന്ധി ഒന്നുമാറിക്കിട്ടി. എന്നാൽ യുദ്ധത്തിന്റെ കരാളയവനികകൾ നീങ്ങി സമാധാനത്തിന്റെ മന്ദരശ്മികൾ ദൃശ്യമാകാൻ തുടങ്ങുന്നതോടുകൂടി വിധിവൈപരീത്യംകൊണ്ടെന്നോണം നമ്മെ പൂർവ്വകാലങ്ങളിൽ വിഷമിപ്പിച്ചിരുന്ന പ്രശ്നങ്ങൾ പതിന്മടങ്ങു ശക്തിയോടുകൂടി അലട്ടുവാൻ തുടങ്ങിയിരിക്കുകയാണ്.

നാളികേരപ്രശ്നത്തെ സംബന്ധിച്ച് ഒരു വ്യത്യാസമുണ്ട്. അന്ന് മനോഹരമായ കേരവൃക്ഷത്തിനും അതിനെ ആശ്രയിച്ചു കഴിയുന്ന മനുഷ്യർക്കും വന്നുകൂടിയ അത്യാഹിതത്തെപ്പററി വൈസ്റോയിമന്ദിരത്തിലുംഅസംബ്ലിചേംബറിലും മററു അധികാരകേന്ദ്രങ്ങളിലും പരാതികെട്ടുകളുമായി നടക്കുവാൻ ഒരു ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയേ ഉണ്ടായിരുന്നുള്ളൂ. ഇന്നാകട്ടെ ബ്രിട്ടീഷ് ഗവണ്മെൻറും, നാളികേരപ്രശ്നത്തിൽ താല്പര്യമുള്ള നാട്ടുരാജ്യഗവണ്മെൻറുകളും പ്രത്യേകനിയമങ്ങൾ കൊണ്ട് അംഗീകരിച്ചിട്ടുള്ള ഒരു നാളികേരബോർഡ് രൂപവൽക്കരിച്ചിട്ടുണ്ട്. ഈ ബോർഡ് അതിന്റെ കർത്തവ്യംവഴിയാംവണ്ണം നിർവ്വഹിക്കുമെങ്കിൽ തെങ്ങുകൃഷിക്കാരന് ആശയ്ക്കു ധാരാളംവഴിയുണ്ട്.

ചങ്ങനാശ്ശേരിയുടെ നേതൃത്വത്തിൽ കേരകർഷകസംഘം നടത്തിയ പ്രക്ഷോഭണത്തിന്റെ ഫലമായാണ് നാളികേരബോർഡ് രൂപവല്ക്കരിച്ചതെന്നുള്ളതിൽ സംശയമില്ല. അധികൃതമായ ഒരു നാളികേരബോർഡും, ഒരു ഗവേഷണസമിതിയും സംഘടിപ്പിക്കണമെന്നുള്ളതായിരുന്നു കേരകർഷകസംഘത്തിന്റെ പ്രധാനമായ ചില അപേക്ഷകൾ. ഗവണ്മെൻറു കാര്യങ്ങളിൽ വരാവുന്ന കാലതാമസത്തിനു വിധേയമായി ഈ അപേക്ഷകൾ സ്വീകരിക്കപ്പെട്ടിരിക്കുകയാണ്. കേരകർഷകസംഘത്തിന്റെ പ്രവർത്തനങ്ങൾ കൊണ്ട് എന്തു പ്രയോജനമുണ്ടായിഎന്നു കാര്യമായി ചോദിക്കുന്ന ചില യോഗ്യന്മാരുണ്ട്. ആ ചോദ്യത്തിന് ഉത്തരം ഇപ്പോൾ അവർക്കു വ്യക്തമായിരിക്കുമെന്ന് കരുതുന്നു. ഇപ്പോൾ രൂപവൽക്കരിച്ചിരിക്കുന്ന നാളികേരബോർഡിന്റെ പ്രവർത്തനങ്ങൾ നായർസർവീസ് സൊസൈററിയുടെ ഇതുപര്യന്തമുള്ള പ്രവർത്തനങ്ങളെക്കാൾ നായന്മാരുടേയും കേരളത്തിന്റെ പൊതുവേയും ഉള്ള സാമ്പത്തികോൽക്കർഷത്തിന് എത്രത്തോളം പ്രയോജനപ്പെടുമെന്നുള്ള ചിന്തയുടെ സാംഗത്യത്തെപ്പററി അഭിപ്രായഭിന്നതയുണ്ടാകുവാൻ ഇടയുള്ളതിനാൽ അതിനു മുതിരുന്നില്ല.

നാളികേരത്തിന് ന്യായമായ വില കിട്ടുക എന്നുള്ളത് കേരളത്തിന്റെ സാമ്പത്തികസമനിലയ്ക്ക് ഒഴിച്ചുകൂട്ടുവാൻ നിവൃത്തിയില്ലാത്ത ഉപാധിയാണ്. സിലോണിലും മലയായിലും മററും നിന്ന്

കുറഞ്ഞ വിലയ്ക്ക് നാളികേരോല്പന്നങ്ങൾ ഇറക്കുമതി ചെയ്തിരുന്നതാണ് ഇടക്കാലത്ത് ഇവിടെ ആ സാധനങ്ങൾക്കുള്ള വിലയിടിവിനു കാരണം. അതിനാൽ ഇറക്കുമതിചെയ്തിരുന്ന കൊപ്രായ്ക്ക് ഒരു സംരക്ഷണനികുതി ഏർപ്പെടുത്തണമെന്ന് ഇവിടത്തെ തെങ്ങുകൃഷിക്കാർ വാദിച്ചു.

സമരപരിതഃസ്ഥിതികളിൽ വളർന്നുവന്നിട്ടുള്ള നാനാമുഖങ്ങളായ വാണിജ്യനിയന്ത്രണങ്ങൾ നിവൃത്തലാക്കി സ്വതന്ത്രമായ കയറ്റുമതിയും ഇറക്കുമതിയും നടപ്പിൽ വരുമ്പോൾ നാളികേരോല്പന്നങ്ങളുടെ വിലവളരെ കുറയുകയും നമ്മുടെ തെങ്ങ്കൃഷി അത്യന്തം ആപൽക്കരമായ ഒരുഭാവിയെ നേരിടേണ്ടതായിവരുകയും ചെയ്യും. ഈ വൈഷമ്യംനേരിടാതിരിക്കുന്നതിന് ഉടൻതന്നെ വേണ്ടതു ചെയ്യേണ്ടതായിരിക്കുന്നു.

യുദ്ധവുംതൽസംബന്ധമായുണ്ടായ വ്യാവസായികവും വാണിജ്യപരവുമായ നിയന്ത്രണങ്ങളും നമുക്ക് നൂതനമായ പലപാഠങ്ങളും നൽകിയിട്ടുണ്ട്. അനിയന്ത്രിതവും ലാഭത്തെമാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ളതുമായ വാണിജ്യവ്യവസായാദികൾ ഇനി ഉയർന്നെഴുന്നേൽക്കുവാൻ പ്രയാസമാണ്. ജനസാമാന്യത്തിന്റെ ജീവിതതോത് ഉയർത്തുക എന്നുള്ള സാമാന്യലക്ഷ്യത്തെ മുൻനിർത്തി വ്യവസായങ്ങളേയും വാണിജ്യത്തേയും ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുകയായിരിക്കും ഇനിയത്തെ ലോകത്തിന്റെ സാമ്പത്തികനയം. "പ്ലാനിംഗ്" സാർവ്വത്രികമായ ഒരാശയമായിത്തീർന്നിട്ടുണ്ട്.

നാളികേര വ്യവസായത്തെ സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിന് ആവശ്യകമായ ഒരു "പ്ലാൻ" ഉടൻതന്നെ രൂപവൽക്കരിക്കണം. ഈ "പ്ലാൻ" രാജ്യത്തിന്റെ സാമ്പത്തിക പുനസ്സംഘടനയുടെ "പ്ലാനി"ന്റെ അവിഭാജ്യമായ ഘടകമായിരിക്കുകയും വേണം. നാളികേര ബോർഡിന്റെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞുകാണുമെന്നും ഇല്ലെങ്കിൽ ഇവിടത്തെ പ്രതിനിധികൾ അതിലേക്കു വേണ്ടതു ചെയ്യുമെന്നും നമുക്ക് ആശിക്കാം.

ഇൻഡ്യയിലെ നാളികേര വിപണികൾ ഇവിടത്തെ നാളികേരകൃഷിക്കായി സംരക്ഷിക്കുകയും, നാളികേരോല്പന്നങ്ങളുടെ ആവശ്യം വർദ്ധിക്കുന്നതിനോടൊപ്പം കൃഷിയും ഉൽപന്നങ്ങളും വർദ്ധിപ്പിക്കുകയും ശാസ്ത്രീയമായ കാർഷികപദ്ധതികൾ നടപ്പിൽവരുത്തി ഉൽപാദനചിലവ് ലോകത്തിലെ ഇതരഭാഗങ്ങളിലുള്ളതിനുതുല്യമായി കുറയ്ക്കുകയും ആയിരിക്കണം "പ്ലാനിംഗി"ന്റെ ലക്ഷ്യം. വിശദമായ സ്ഥിതിവിവര കണക്കുകളും, ശാസ്ത്രീയഗവേഷണവും അനുസ്യൂതമായ പ്രചരണവും, ചിലപ്പോൾ പ്രത്യേകമായ നിയമനിർമ്മാണവും ഇതിന് ആവശ്യമായിവരും.

മുകളിൽ ഒരിടത്ത് സൂചിപ്പിച്ചതുപോലെ നമ്മുടെ ഏറ്റവും അടിയന്തിരമായ പ്രശ്നം തെങ്ങുകൃഷിയെ, തുറിച്ചുനോക്കിനിൽക്കുന്ന നാശത്തിൽനിന്നും അതിനെ രക്ഷിക്കുകയാണ്. നാളികേര ബോർഡിന്റെ ആദ്യത്തെ യോഗത്തിൽ കൊപ്രായുടെ വില നിയന്ത്രണം ചെയ്യണമെന്നുള്ള നിർദ്ദേശത്തെ നമ്മുടെ ദിവാൻജി അവർകൾ ശക്തിയുക്തം എതിർത്തു. 1939-നു മുമ്പ് തെങ്ങുകൃഷിക്കാരനു കിട്ടിയിരുന്ന ഉൽപന്നങ്ങളുടെ വില കൃഷിയുടെ നടപ്പിന് ഒട്ടും മതിയായിരുന്നില്ല. കേരകർഷകസംഘം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പല ലഘുലേഖകളിലും ഗവണ്മെന്റിനു സമർപ്പിച്ചിട്ടുള്ള പല നിവേദനങ്ങളിലും ഇതുവ്യക്തമാക്കിയിട്ടുണ്ടായിരുന്നു. യുദ്ധാരംഭത്തിനുശേഷം ഉണ്ടായിട്ടു

ഉള്ള നാണയവർദ്ധനവിനെയും മററുസാധനങ്ങൾക്കുണ്ടായിട്ടുള്ള വിലക്കൂടുതലിനെയും മററും പരിഗണിച്ച് ന്യായമായ വിധത്തിൽ കൊപ്രായ്ക്ക് ഒരു വില നിശ്ചയിക്കുകയാണെങ്കിൽ ആയത് യുദ്ധകാലത്ത് നമുക്ക് കിട്ടിയിരുന്ന കമ്പോളവിലയെ അപേക്ഷിച്ച് കുറവാകുവാൻ ന്യായംകാണുന്നില്ല. എന്നാൽ കൊപ്രായുടെവില കമ്പോളനിലവാരത്തെ അപേക്ഷിച്ച് കുറയ്ക്കുവാനായിരുന്നു വിലനിയന്ത്രണനിർദ്ദേശത്തിന്റെ ഉദ്ദേശമെങ്കിൽ അതിനെ എതിർക്കുന്നതിനേക്കാൾ മഹത്തായ ജനസേവനം തിരുവിതാംകൂറിൽ ഇപ്പോൾ ചെയ്യാനില്ല.

ഏതായാലും യുദ്ധാനന്തരകാലങ്ങളിൽ തെങ്ങുകൃഷി ഈ നാട്ടിൽ ശേഷിക്കണമെങ്കിൽ കൊപ്രായുടെ വിലനിയന്ത്രണം ആവശ്യമായ് വരും. ഏററവും കൂടിയ വിലയെഅല്ല ഏററവും കുറഞ്ഞ വിലയെയാണ് നിയന്ത്രിക്കുവാനുള്ളത്. ഈ നാട്ടിലെ തെങ്ങുകൃഷിയുടെ സാമ്പത്തികവശത്തെപററി വേണ്ട അന്വേഷണംനടത്തി കൊപ്രായുടെ ഏററവും കുറഞ്ഞ വില ക്ലിപ്തപ്പെടുത്തുകയും ആ വിലയ്ക്ക് കൊപ്രാമുഴുവനും വാങ്ങുന്നതിനു നാളികേരബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു പർച്ചേസിംഗ് ഏജൻസി സംഘടിപ്പിക്കുകയും വേണം. അതിനാവശ്യമുള്ള മൂലധനം ഗവൺമെൻറിൽ നിന്നു തന്നെ നൽകുകയോ ഒരു കമ്പനിയുണ്ടാക്കി പൊതുജനങ്ങളിൽ നിന്നു പിരിച്ചെടുക്കുകയോ ചെയ്യേണ്ടതാണ്. നാളികേരപ്രശ്നത്തിൽ താല്പര്യമുള്ള ഗവൺമെൻറുകൾതന്നെ ഈ മൂലധനം നൽകുകയായിരിക്കും ഉത്തമം. എന്തെന്നാൽ ഈപർച്ചേസിംഗ് ഏജൻസി യാതൊരു കാരണത്താലും ലാഭമുണ്ടാക്കുന്നതിനുള്ള സ്ഥാപനമായി തീരുവാൻ പാടുള്ളതല്ല.

യുദ്ധത്തിനു മുമ്പ് ഇപ്രകാരം ഒരു പർച്ചേസിംഗ് ഏജൻസിയേർപ്പെടുത്തണമെന്നുപറഞ്ഞാൽ നമ്മുടെ ഭരണ വിദഗ്ദ്ധന്മാരും സാമ്പത്തിക ധുരന്ധരന്മാരും മൂക്കിൽ വിരൽ വെയ്ക്കുമായിരുന്നു. എന്നാൽ ഭക്ഷണധാന്യ സംഭരണം, മരച്ചീനിമാവു നിയന്ത്രണം, മുതലായ കാര്യങ്ങളിൽ ഗവൺമെൻറു അംഗീകരിച്ച പ്രവർത്തനമാർഗ്ഗങ്ങളും, അന്തർ രാഷ്ട്രീയ വ്യാപാരത്തിൽ യുണൈററഡ് കിംഗ്ഡം കമേഴ്സ്യൽ കോർപറേഷന്റെ പ്രവർത്തനങ്ങളും നമ്മെ വ്യത്യസ്തമായ ഒരു പാഠം പഠിപ്പിച്ചു. യുദ്ധാരംഭത്തിനു ശേഷം സിലോണിലെ കേരോല്പന്നങ്ങളാകമാനം അവിടത്തെ ഗവൺമെൻറാണു വാങ്ങിവരുന്നതെന്നുള്ള കാര്യം സ്മരണീയമാണ്.

മുൻവിവരിച്ച രീതിയിൽ ഒരു പർച്ചേസിംഗ് ഏജൻസി സംഘടിപ്പിച്ചതിനുശേഷം ഇൻഡ്യയിലെ സ്വകാര്യ നാളികേരോൽപന്ന വ്യാപാരത്തെ തടയേണ്ടതായി വരികയില്ലെങ്കിലും വിദേശത്തിൽ നിന്നുള്ള നാളികേരോല്പന്നങ്ങളുടെ ഇറക്കുമതി പൂർണ്ണമായും ഈ ഏജൻസി മുഖാന്തരം നിർവ്വഹിക്കേണ്ടതായിവരും. ഇൻഡ്യയുടെ ആവശ്യത്തിനു ഇവിടെയുണ്ടാകുന്നതിൽ കൂടുതൽ നാളികേരോല്പന്നങ്ങൾ ആവശ്യമുണ്ടെന്നു കാണുന്നപക്ഷം ഒരു ക്വോട്ടാ നമ്മുടെ അയൽ രാജ്യമായ സിലോണിനു നൽകാവുന്നതും അതനുസരിച്ചുള്ള ചരക്ക് പർച്ചേസിംഗ് ഏജൻസിയിൽനിന്നും നേരിട്ടുഇറക്കുമതി ചെയ്ത് ഇവിടെ തിട്ടപ്പെടുത്തിയിട്ടുള്ള ഏററവും കുറഞ്ഞ വിലയിൽ ഒട്ടും കുറവില്ലാത്ത നിരക്കിന് ആവശ്യക്കാർക്ക് കൊടുക്കുകയും ചെയ്യേണ്ടതാണ്. ഈ ഏർപ്പാടുകൊണ്ട് പർച്ചേസിംഗ് ഏജൻസിക്ക് മററു പ്രയോജനകരങ്ങളായ പ്രവർത്തനങ്ങൾക്ക് ഉതകത്തക്കവിധത്തിൽ ഗണ്യമായ ആദായം കിട്ടിയെന്നു വരും. അഥവാ വൈദേശിക കമ്പോളത്തിലെ വില കൂടുതലാ

ണെങ്കിൽ ഇവിടത്തെ തെങ്ങുകൃഷിക്കാരന് ആദായകരമായ വിധത്തിൽ ഇവിടത്തെ ഏററവും കുറഞ്ഞ വിലയെ പുനഃ പരിശോധനചെയ്കയും ചെയ്യാം.

ഇൻഡ്യയിലെ നാളികേരവിപണിയിലെ നിരക്കുകളെ അന്തർദ്ദേശീയവിപണിയിലെ നിലവാരത്തെക്കാൾ ശാശ്വതമായി കൃത്രിമമാർഗ്ഗങ്ങളിൽക്കൂടെ ഉയർത്തിവച്ചുകൊണ്ടിരിക്കുകയാണു് വേണ്ടതെന്നു് ആർക്കും അഭിപ്രായമില്ല. ഇൻഡ്യയിലെ നാളികേരവ്യവസായം ഇവിടത്തെ ഗണ്യമായ ഒരു ജനവിഭാഗത്തിന്റെ ഏകജീവിതമാർഗ്ഗമായതിനാൽ അതർഹിക്കുന്ന സംരക്ഷണം അതിനു നൽകണമെന്നു മാത്രമാണു ഇവിടത്തെ വാദം. അശാസ്ത്രീയമായ കൃഷി, സാമ്പത്തിക ദൃഷ്ട്യാസാധൂകരിക്കാൻ നിവൃത്തിയില്ലാത്ത വിധത്തിലുള്ള പുരയിടങ്ങളുടെ ശിഥിലീകരണം, ദുർവ്വഹമായ നികുതിഭാരം, എന്നിങ്ങനെപല കാരണങ്ങൾകൊണ്ടു നമ്മുടെ തെങ്ങുകൃഷിക്കു് അന്തർദ്ദേശീയ വിപണികളിൽ സ്വതന്ത്രമായി മത്സരിക്കുവാൻ നിവൃത്തിയില്ലാതായി തീർന്നിട്ടുണ്ടു്. സൂക്ഷ്മവും വിശദവുമായ പഠനവും, ആലോചനാപൂർവ്വമായപ്ലാനിങ്ങും അവധാനപൂർവ്വമായ പ്രവർത്തനങ്ങളും കൊണ്ടു മാത്രമേ കേരളത്തിലെ നാളികേര കൃഷിയെ ഫിലിപ്പൈൻസിലേയും മലയായിലേയും സിലോണിലേയുംസംഘടിതവും ശാസ്ത്രീയവുമായതെങ്ങുകൃഷിയുമായി മത്സരിക്കുവാൻ പര്യാപ്തമാക്കുകയുള്ളു. അതിലേക്കായാണ് നാളികേര ബോർഡു് സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. അഥവാ അതായിരിക്കണം നാളികേരബോർഡിന്റെ ആദർശം. എന്നാൽഇതു കാലാന്തരത്തിൽ മാത്രം പ്രാപിക്കുവാൻ സാധിക്കുന്ന ഒരാദർശമാണു്. ആ ആദർശപ്രാപ്തിവരെ ദേശീയ വിപണി നമ്മുടെ നാളികേരവ്യവസായത്തിനായി സംരക്ഷിക്കുകയും തെങ്ങുകൃഷിയേയും കൃഷിക്കാരനേയും സമീപിച്ചുവരുന്ന ആപത്തിൽനിന്നു രക്ഷിക്കുകയും ചെയ്യേണ്ടതു് അടിയന്തിരമായ ആവശ്യമാണു്. ഈ ലേഖനത്തിൽ പ്രതിപാദിച്ചിട്ടുള്ളപ്രൈസിംഗ് ഏജൻസിരൂപവൽക്കരണം അധികൃതരുടേയും, നാളികേരബോർഡു് മെമ്പർമാരുടേയും ചിന്തയ്ക്കു് വിഷയമാകുമെന്നു് ആശിക്കുന്നു.

നായർ എങ്ങോട്ടേയ്ക്ക്

(കൊല്ലൂർ എൻ ചന്ദ്രശേഖരപിള്ള B. A. L. T.)

I

നായർസമുദായത്തിന്റെസ്ഥിതിപ്രോത്സാഹജനകമല്ലാതായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ചിന്താശീലരായ നായർ വ്യക്തികൾക്കു അതിനെപ്പററി ചിന്തിക്കാതിരിക്കുവാൻ നിവൃത്തിയില്ല. പിന്നോക്ക സമുദായങ്ങൾ മുന്നോട്ടു കുതികൊള്ളുമ്പോൾ, മുന്നോക്കസമുദായമായ നായർ പിന്നോട്ടുപതുക്കെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നിരവധി പ്രബലസമുദായങ്ങളും രാഷ്ട്രങ്ങളും അധഃപതിച്ചതിന്റെ ചിത്രങ്ങൾ ചരിത്രഗ്രന്ഥങ്ങളിൽ നാം കാണുന്നുണ്ടു്. നായർ സമുദായത്തിന്റെ അധഃപതനാഖ്യാനം വായിക്കുവാൻ നായർ ആഗ്രഹിക്കുന്നില്ല. നായരുടെ ക്ഷയോന്മുഖാവസ്ഥ കഷ്ടിച്ചു ആരംഭിച്ചിട്ടേയുള്ളു. അതിനാൽ അവന്റെ പിന്നോട്ടേയ്ക്കുള്ള പ്രയാണം തടഞ്ഞു്, അവനെ—ആ സമുദായത്തെ— പുരോഗമിപ്പിക്കാൻ ഇനിയും സാധിക്കുന്നതാണു്. അതിനുള്ള മാർഗ്ഗമെന്തെന്നാണു ഇവിടെ അറിയേണ്ടതു്.

നായർ സമുദായത്തിന്റെ ക്ഷയോന്മുഖാവസ്ഥയ്ക്കു വഴിതെളിക്കുന്ന പ്രധാനവിഷബീജങ്ങളെ ആരാഞ്ഞറിഞ്ഞു് അവയെ നശിപ്പിച്ചതിനുശേഷം തത്സ്ഥാനങ്ങളിൽ അഭിവൃദ്ധിപ്രദായകങ്ങളായ നൽവിത്തുകൾ വിതയ്ക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ ഒരു സമുദായജീവിയാണു്. സമുദായത്തെവിട്ടുപിരിഞ്ഞു ഏകാന്തവാസംചെയ്തു തൃപ്തിയടയുവാൻ സാമാന്യജനങ്ങൾക്കു സാധ്യമല്ല. ഈ വിധമുള്ള മനുഷ്യപ്രകൃതിയത്രെ. സമുദായത്തിന്റെപ്രഭവസ്ഥാനം. അതിനാൽ വ്യക്തിസംതൃപ്തിക്കും സൗഭാഗ്യത്തിനുംനിദാനമായിനിൽക്കുന്നതു് സമുദായവും, സമുദായാഭിവൃദ്ധിയുമാണു്. സമുദായത്തിന്റെ ഭാവുകം വ്യക്തിയുടെ ഭാഗ്യസോപാനമാകുന്നു. വ്യക്തികൾ സമുദായത്തോടുഅത്യന്തംകടപ്പാടുള്ളവരാണു്. ഈ കടപ്പാടുനിറവേററുന്ന ശക്തിവിശേഷത്തിനാണു് സമുദായസ്നേഹമെന്നു പറയുന്നതു്. വ്യക്തികൾ വേണ്ടവിധത്തിൽ സമുദായസ്നേഹം പുലർത്തുന്നുവെങ്കിൽ സമുദായത്തിനു് അഭിവൃദ്ധി ഉത്തരോത്തരം സിദ്ധിച്ചുകൊണ്ടിരിക്കും. മറിച്ചായാൽ സമുദായം അധഃപ്പതിക്കുന്നു. നായർസമുദായംക്ഷയോന്മുഖാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നതു് വ്യക്തികളുടെ യഥാർത്ഥമായ സമുദായബോധവും, സമുദായസ്നേഹവും, ശിഥിലമായിത്തീർന്നതുകൊണ്ടത്രെ. വ്യക്തികൾ സ്വാർത്ഥത്തിൽ മുഴുകുന്നു. അതിരററ സ്വാർത്ഥത്തിന്റെ അടിമകളായിഭവിക്കുന്നു. നഗ്നമായസ്വാർത്ഥലാഭം യഥാർത്ഥമായ അഭിവൃദ്ധിയാണെന്നു തെററിദ്ധരിക്കുന്നു. സമുദായത്തെ അവഗണിക്കുന്നു: സ്വാർത്ഥലാഭത്തിനു് സമുദായത്തെ ഒരു ആയുധമാക്കി ഉപയോഗിക്കുന്നു. സമുദായശ്രേയസ്സിനെ ആഹുതിചെയ്തു സ്വാർത്ഥലാഭം നേടുന്നു. അപ്പോൾ സമുദായം അധഃപ്പതിക്കാനാരംഭിക്കുന്നു.

നായർക്കു് സമുദായസ്നേഹമില്ലേ? എന്നൊരു ചോദ്യം ഈ അവസരത്തിൽ പൊന്തുന്നുണ്ടു്. ഈ ചോദ്യത്തിനു ഉത്തരംപറയേണ്ടതു് നായന്മാരുടെചരിത്രമത്രെ. മലനാടു ഭരിക്കുവാൻവിദേശങ്ങളിൽനിന്നും തളിയാതിരിമാരേയും, പെരുമാക്കന്മാരേയുംക്ഷണിച്ചുകൊണ്ടുവന്നു് പ്രതിഷ്ഠിച്ചതു് പെരുംകാര്യന്മാരായ നായർപ്രഭുക്കന്മാരായിരുന്നു. നാട്ടിനെ സ്വതന്ത്രമാക്കി മാലോകരുടെ സംരക്ഷണത്തിനു് മുതിർന്നഏതാനുംനായർ പ്രഭുക്കന്മാരെ അടിച്ചമർത്തിയഉജ്ജശക്തിനാ

യരുടേതുതന്നെആയിരുന്നു. നായന്മാരുടെകളരിയും, കളരിപ്പയററും, നായർ സമുദായശക്തിയെ പോഷിപ്പിക്കുകയല്ലാ ശോഷിപ്പിക്കുകയാണു് ചെയ്തതെന്നു് പൂർവ്വചരിത്രം സൂക്ഷിച്ചുവായിക്കുന്നവർക്കു് മനസ്സിലാക്കുവാൻകഴിയും. പൂർവ്വചരിത്രത്തെ തല്ക്കാലം വിസ്മരിച്ചേക്കാം. ഇന്നത്തെ ചരിത്രം നോക്കുക. "സമുദായബോധം, സമുദായസ്നേഹം ഇവ അടിസ്ഥാനമാക്കി ദൈനംദിനജീവിതം നയിക്കുന്ന ഒരു നായരാണോ ഞാൻ?" എന്നു ഓരോ നായരും അവനവനോടു ഒരു ചോദ്യം ചോദിച്ചു് ആത്മപരിശോധനനടത്തിയതിനുശേഷം ആത്മവഞ്ചനകൂടാതെ ഉത്തരംപറയട്ടെ. ഈ ഋജുവായചോദ്യത്തിനു് ഉത്തരം പറയുവാൻ പ്രയാസം തോന്നുമ്പോൾ ആ വിധത്തിൽ ജീവിക്കേണ്ട ആവശ്യമില്ല; സർവ്വസമുദായ ബോധത്തോടുകൂടി ജീവിക്കുന്നതാണു് ശ്രേഷ്ഠതരമെന്നു ചിലർപറയുമായിരിക്കാം. സർവ്വസമുദായബോധം, സ്നേഹം, ഇവ ലാക്കാക്കിയുള്ള ജീവിതരീതിക്കു ലേഖകൻ എതിരല്ല. എന്നാൽ ചുററുപാടുമുള്ള സഹോദര സമുദായങ്ങൾ വർഗ്ഗീയമായ സമുദായബോധത്തോടുകൂടി ജീവിക്കുമ്പോൾ നായർമാത്രം വിശാലസമുദായപ്രണയിയായി വേഷംകെട്ടിയിറങ്ങിയാൽ അവൻ ജീവിതപ്രവാഹത്തിൽമുങ്ങിത്തുലഞ്ഞുപോകും. സ്വന്തംഭാരംതാങ്ങാൻ കഴിയാത്തവൻ, അന്യന്റെഭാരംകൂടിതാങ്ങാൻ പുറപ്പെട്ടാൽവെറും പരിഹാസ്യനായിതീരും. "തന്നെക്കാൾ, അയൽവാസി മോശക്കാരനായിരിക്കണം." എന്നു വിചാരമില്ലാത്ത നായന്മാർ എത്രപേരുണ്ടു്? പാവപ്പെട്ടബന്ധുക്കളെ പുച്ഛിക്കുകയും, അവഗണിക്കുകയും, കൈവെടിയുകയും ചെയ്യാത്ത നായന്മാർ എത്രപേരുണ്ടു്? നായർ ഉദ്യോഗസ്ഥന്മാർ എല്ലാനായന്മാരെകാണുമ്പോൾ പ്രദർശിപ്പിക്കുന്ന വമ്പും, പ്രതാപവും കണ്ടാൽ ഇന്ദ്രനും അസൂയതോന്നിപ്പോകും. നായരുടെ ജീവിതസമ്പ്രദായങ്ങൾ പരിശോധിച്ചാൽ ശ്രേയോന്മുഖമായ സമുദായസ്നേഹം അവനില്ലെന്നു വെളിപ്പെടും. സമുദായസ്നേഹം വിജൃംഭിക്കുവാൻപര്യാപ്തമായ ജീവിതരീതികൾ നായർക്കു വിരളമത്രെ.

പരസ്പരം തോളോടു തോളുരസിക്കൊണ്ടുള്ള സമുദായജീവിതത്തിൽനിന്നുമാത്രമേ ദൃഢമായസമുദായസ്നേഹം അങ്കുരിക്കുകയുള്ളൂ. അപ്രകാരമുള്ള സമുദായസ്നേഹമുദിക്കുവാൻ നായർക്കു അവസരം നൽകുന്ന സന്ദർഭങ്ങൾ എത്രയുണ്ടു്? യഥാർത്ഥമായ സാമൂഹ്യജീവിതം നയിക്കുവാൻ നായർ ഒരുമിച്ചു കൂടുന്നഅവസരങ്ങൾ എന്തെല്ലാമാണു്? വിവാഹം, മരണം മുതലായ സംഭവങ്ങൾ അടിസ്ഥാനമാക്കിയാണു് നായർ ഒത്തൊരുമിച്ചുകൂടുന്നതു്. തദവസരങ്ങളിൽ നായരെ സംഘമായി കാണാം. ഈവക സംഘാവസരങ്ങളിലെ നടപടികൾ വിചിത്രങ്ങളാണു്. വിവാഹാവസരമാണെങ്കിൽ ക്ഷണക്കത്തിൽ തന്നെ ഭക്ഷണസമയം എൻ. ബിയിട്ടു പ്രത്യേകം കാണിച്ചിരിക്കും. ഓർമ്മയെല്ലാം ആമുഹൂർത്തത്തെപ്പററിയാണു്. പന്തിയിൽ മുൻഗണന ലഭിക്കുവാൻ നായർവീരന്മാർ നടത്തുന്ന ഉന്തും തള്ളും നെട്ടോട്ടവും രസാവഹമാണു്. വിവാഹം പകലാണെങ്കിൽ കച്ചേരിക്കാർക്കു് പററിയവിധത്തിൽ ഭക്ഷണസമയം ക്ലിപ്തപ്പെടുത്തുന്നു. ഊണുകഴിഞ്ഞു ആളുകൾ തുരുതുരെ പാഞ്ഞുപോകുന്നു. ആയിരംപേർ ഉണ്ണാനുണ്ടായിരുന്നു എങ്കിൽ വിവാഹസമയത്തു കഷ്ടിച്ചു നൂറുപേർ കണ്ടേയ്ക്കാം. മരണാവസരങ്ങളിൽ കൂടുന്ന സംഘക്കാർ ചെറുസംഘങ്ങളായി പിരിഞ്ഞു് അവിടവിടെ നിന്നു കാടൻതത്വശാസ്ത്രങ്ങളും രണകളും പറഞ്ഞു സമയംപോക്കുന്നതുകാണാം. വ്യക്തികൾസംഘമായിച്ചേരുന്ന ഈ ദശാവസരങ്ങളിൽ പോലും സമുദായബോധവും, സ്നേഹവും ജനിക്കുവാൻ പററിയ വിധത്തിലുള്ളസ

ഘടിതമായ പരിപാടികൾ ഏർപ്പെടുത്തിയിട്ടില്ല.

സമുദായസ്നേഹവും ബോധവും ജനിക്കുവാൻ ബുദ്ധിസ്ഥങ്ങളായ സമുദായസംവിധാനങ്ങൾ നായക്കെത്രയുണ്ട്? സമുദായജീവിതത്തിലെ അത്യന്താതാണപടിയിലുള്ള നിത്യാവശ്യങ്ങൾ നിറവേറുന്നതിനുള്ള ഏതാനും സമുദായച്ചട്ടങ്ങുകളല്ലാതെ സമുദായസ്നേഹത്തെ ഉത്തേജിപ്പിച്ചു പ്രബുദ്ധമാക്കി ദൃഢതരമാക്കുന്ന സമുദായസ്ഥാപനങ്ങൾ ഇന്നത്തെ നായർസമുദായമാമൂലുകളിൽ കാണ്മാനില്ല. തൽഫലമായി അനാശാസ്യമായ വ്യക്തിത്വം നായക്ക് വന്നുചേന്നിരിക്കുന്നു. നായരുടെ ഗൃഹജീവിതത്തിലെ പരസ്പരമുള്ള പെരുമാററം കണ്ടാൽ ഓരോനായർ ഭവനവും ദുർഗ്ഗമമായ ഓരോ കോട്ടയാണെന്നു തോന്നിപ്പോകും. യജമാനഭാവവും, ദാസഭാവവും തമ്മിൽ നടത്തുന്ന കഥകളി നായർസമുദായജീവിതത്തിൽ കാണുന്നതുപോലെ കേരളത്തിലെ മറെറാരു സമുദായത്തിലും കാണാവുന്നതല്ല. പാവപ്പെട്ട അയൽപക്കക്കാരനായ നായരെ സമുദ്ധരിക്കുവാൻ ഔത്സുക്യമുള്ള കൈകൾ പേറുന്ന നായന്മാർ എത്രപേരുണ്ട്? അഭിലഷണീയമല്ലാത്തതും ഔദ്ധത്യസംപൂർണ്ണവുമായ ഒരുതരം വ്യക്തിത്വമാണ് നായരിൽ ഇന്നു കാണുന്നതു്. ഈ വ്യാധി സ്ത്രീജനങ്ങളിൽപോലും വ്യാപിച്ചിരിക്കുന്നു. ഇന്നലത്തെ നായർസ്ത്രീകളിൽ കാണ്മാനുണ്ടായിരുന്ന ലളിതമധുരമായ ഗുണധോരണികൾ ഇന്നത്തെ സ്ത്രീകളിൽ അത്രയ്ക്കുണ്ടോ എന്നു സന്ദേഹം ജനിച്ചുപോകുന്നു.

ആര്യന്മാരുടെ ചാതുർവ്വർണ്ണ്യം നായരുടെ മേൽ കെട്ടിവെച്ചു ശൂദ്രത്വം നായന്മാർ സ്വീകരിച്ചു. മേൽവർണ്ണക്കാരുടെ ദാസരാണെന്നു നായർ വിചാരിച്ചുപോയി; അഥവാ വിശ്വസിച്ചുപോയി. അതോടുകൂടി നായക്കു അടിമ മനോഭാവം ഏർപ്പെട്ടു. ഇന്നും ആ ഭാവം പോയിട്ടില്ല. നായർ ആര്യമതം സ്വീകരിച്ചതോടുകൂടി പുരോഹിതരായ ബ്രാഹ്മണരുടെ ദാസനായിത്തീന്നു. ബ്രാഹ്മണരുടേയും, ക്ഷത്രിയരുടേയും ആയുധമായി നായർ ഊഴിയം നിർവഹിച്ചു. അധഃപ്പതനശൃംഖലവിജയപ്പൂമാലയായി തെററിദ്ധരിച്ച് അതു് അണിഞ്ഞു. നായർ ഞെളിഞ്ഞു. ഈ വകഅന്ധവിശ്വാസങ്ങളും വിചാരങ്ങളും ഇന്നും നായർ പുലർത്തിപ്പോരുന്നു.

പടപൊരുതി, മലനാട്ട് അന്യരുടെ ഭരണത്തിൻ കീഴിലാക്കി, അവരുടെ ഭരണത്തെ പുലർത്തുക, എന്നുള്ളതായിരുന്നു പുരാതനകാലങ്ങളിൽ നായരുടെ പ്രധാനമായ തൊഴിൽ. തൽഫലമായി നായക്ക് പലസൌജന്യങ്ങളും ഭരണാധികാരികളിൽ നിന്നും ലഭിച്ചു. സൈനികശക്തിയായിരുന്ന നായരെ ഭരണാധികാരികൾ സമ്മാനദാനങ്ങൾ കൊണ്ടു സംതൃപ്തരാക്കി. സ്ഥാനമാനങ്ങൾ നൽകി ആനന്ദഭരിതരാക്കി. കാലം പിന്നേയും കഴിഞ്ഞു. ഇംഗ്ലീഷുകാർ ഭാരതം കൈവശമാക്കി. കാലസ്ഥിതികൾ മാറി. സൈനികശക്തിക്കു പ്രവർത്തനാവസരങ്ങൾ അത്യന്തം പരിമിതമായി. ആയുധങ്ങൾ തുരുമ്പുപിടിച്ചുതുടങ്ങി. പുതിയൊരു പരിഷ്കാരപ്രവാഹം ലോകമെങ്ങും പാഞ്ഞുതുടങ്ങി. ആയുധമുപേക്ഷിച്ച് നായർ പുസ്തകവും പേനയും കൈയ്യിലെടുത്തു. കേരളത്തിലെമററുസമുദായങ്ങളും ഈ പുതിയ പരിഷ്കാരപ്രവാഹത്തിൽ പ്രവേശിച്ചു നീന്തിത്തുടങ്ങി. കൃഷി, വാണിജ്യം, വ്യവസായം ഇവ ഇതര സമുദായങ്ങൾ സംവരിച്ചു. വിദ്യാഭ്യാസം പിന്നോക്കസമുദായക്കാർ നുകന്നു. അവർ പേനയേന്തുവാൻ മുതിന്നു മുന്നോട്ടണഞ്ഞു, മുറവിളി കൂട്ടിത്തുടങ്ങി. ഈ കാലഘട്ടത്തിൽ നായരുടെ സ്ഥിതി എന്തായിരുന്നു! അവർ കൃഷികാര്യങ്ങളിൽ

അനാസ്ഥരായികഴിഞ്ഞിരുന്നു. വാണിജ്യം, വ്യവസായം, ഇവ നായരുടെ ജാതകത്തിൽ പറഞ്ഞിട്ടില്ല. നായരുടെ സുഖനിദ്രയ്ക്കു ഭീതിജനകമായ വിച്ഛേദം സംഭവിച്ചു. കാലപ്രവാഹത്തിന് കേരളത്തിലെ ഭരണാധികാരികൾ തലകുനിച്ചു. ഭൂതകാലചരിത്രത്തിന്റെ പോക്കനുസരിച്ചു നായർക്കു കരഗതമായിരുന്ന സ്ഥിതിഗതികൾക്കു ഭീമവ്യത്യാസം സംഭവിച്ചാൽ നായർക്കു നിന്നുപിഴക്കുവാനുള്ള ഉപാധികളുടെ സാധ്യതകളെത്രയുണ്ടെന്നുള്ളതിനെപ്പറ്റി ഭരണാധികാരികൾ അത്ര ശ്രദ്ധവയ്ക്കുകയുണ്ടായില്ല. ഈ വകസംഗതികളെപ്പറ്റി പ്രധാനമായി ചിന്തിക്കുവാനുള്ള ചുമതലയുണ്ടായിരുന്നതു് നായർ സമുദായത്തിനു തന്നെയായിരുന്നു. അവർ ആവിഷയത്തെപ്പറ്റി ഒട്ടും ചിന്തിക്കാതിരുന്നില്ല. ചില സമുദായ സംഘടനകൾ അവർ ഏർപ്പെടുത്തി. മരുമക്കത്തായ സമ്പ്രദായത്തെ ഏതാണ്ടൊരു മക്കത്തായ സമ്പ്രദായമാക്കിത്തീർത്തു. വിചാരങ്ങളിലും, വിശ്വാസങ്ങളിലും, മാമൂലുകളിലും, ആചാരങ്ങളിലും, ഒട്ടൊട്ടു പരിഷ്കാരങ്ങൾ വരുത്തി. നായർ സമുദായത്തിനുള്ളിലുള്ള ജാതിപ്പിശാചിനെ ഹോമിച്ചൊടുക്കിയില്ലെങ്കിലും ബന്ധനസ്ഥനാക്കിത്തീർത്തു. എന്നാൽ ഈവക പരിഷ്കാരങ്ങളുടെ ഗമനശീഘ്രതയെ അതിശയിപ്പിച്ചു കൊണ്ടായിരുന്നു പുതിയ പരിഷ്കാരത്തിന്റെ പോക്ക്. നായർ ഓടിനോക്കി എത്തപ്പെട്ടില്ല. ഇങ്ങനെയുള്ള ഒരു ദശാസന്ധിയിലാണു നായർ ഇന്നു എത്തിച്ചേർന്നിരിക്കുന്നതു്. നിരാശപ്പെടുവാൻ കാലമായിട്ടില്ല. വേണ്ടവിധത്തിൽ പ്രവർത്തിച്ചാൽ നായർക്കിനിയും കേരളത്തെ ന്യായമായി നയിക്കാം. നായരുടെ ന്യായമായ നേതൃത്വം മററുസമുദായങ്ങൾ സ്വീകരിക്കയും ചെയ്യും.

ഒരു സൈന്യത്തിനെന്നപോലെ ഒരുസമുദായത്തിനും ശേഷിമാനായ ഒരുനായകൻകൂടിയേകഴിയൂ. ഭടന്മാർ വീര്യശൌര്യപരാക്രമികളായിരുന്നാൽപോലും, സമരാങ്കണത്തിൽ വിജയശ്രീലാളിതരാകുന്നതിനു് സമർത്ഥനായ സേനാനിയുടെ നേതൃത്വം അത്യാവശ്യമത്രെ. നായന്മാരുടെ ചരിത്രത്തിന്റെ സർവ്വഥാ ആരാധ്യനായ ഒരുസമുദായനായകനെ കണ്ടുപിടിക്കുന്നതു അത്ര എളുപ്പമല്ല. നായരിൽ ഓരോവ്യക്തിയും ഒരു നായകനാണെന്നു പറഞ്ഞു നായകാഭാവത്തെ ചിലർ പരിഹരിക്കാറുണ്ടു്. നാട്ടിൽ അടിയുറച്ചനിലയുള്ളവരും വിദ്യാസമ്പന്നരും ചിന്താശീലരും സ്വതന്ത്രജീവിതേച്ഛുക്കളും അനാശാസ്യമായ വ്യക്തിത്വത്തിന് വശംവദരുമായ അംഗങ്ങൾ ധാരാളമുള്ള ഒരു സമുദായത്തെ നയിക്കുക എന്നുള്ളതു് അത്രഎളുപ്പമല്ല. ജന്മസിദ്ധമായ നേതൃത്വം വിദ്യാഭ്യാസപൌരുഷ്കല്യലബ്ധമായനിസ്വാർത്ഥത നയം, ധൈര്യം, സമുദായസ്നേഹം, ക്ലേശാരിഷ്ടതകൾ സഹിക്കുവാനുള്ള സന്നദ്ധത—മുതലായ ഗുണങ്ങൾകൊണ്ടു അഭിഷിക്തരായിട്ടുള്ളവർക്കു മാത്രമേ നായർസമുദായത്തെ വേണ്ടവിധത്തിൽ നയിക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങിനെയുള്ള ഒരുനായകൻ നായർസമുദായത്തിനു ഇല്ലാതായിട്ടു കാലമേറെക്കഴിഞ്ഞിരിക്കുന്നു. നായരുടെ മുൻഗതിക്കു പ്രധാനമായ തടസ്സം നായകാഭാവമാണ്. സേവനം, ത്യാഗം, സംസ്കാരം—ഈവക സൽഗുണങ്ങൾ തികഞ്ഞ ഒരു നായകൻ സമുദായത്തിനു ലഭിക്കണമെന്നു നായന്മാർമനസ്സുരുകി ആഗ്രഹിച്ചാൽ ഒരുയഥാർത്ഥനായകൻ നായർവംശത്തിൽ പ്രത്യക്ഷനാകാതിരിക്കയില്ല. അടിമമനോഭാവവും അതിരററതൻകാര്യപ്രസക്തിയും വച്ചുപുലർത്തുന്ന ഒരു സമുദായത്തിനു് അതിനൊത്ത വിധത്തിലുള്ള നായകന്മാർ മാത്രമേ ലഭിക്കുകയുള്ളൂ. ഇന്നത്തെ നായകന്മാരുടെ 'സേവാരതി'' ഉദ്ധരണികൾക്കുള്ളിൽ ഇടത്തക്കവിധത്തിൽ വിശേഷാർത്ഥത്തോടുകൂടിയതാണു്. സമുദായത്തെ കോവിൽ

കാളയുടെ വേഷംകെട്ടിച്ചു, കൊണ്ടുനടന്നു് തൻകാര്യം നേടുന്നവർ സമുദായപ്രമാണികളാകുമ്പോൾ ആ സമുദായം അധഃപ്പതിക്കയല്ലാതെ ഗത്യന്തരമുണ്ടോ? നായകം മാന്യന്മാരെ തിരിച്ചറിഞ്ഞു അവരെ പുറംതള്ളുവാൻ സമുദായത്തിനു കെല്പുണ്ടാകണം. സമുദായത്തിലെ പാവങ്ങളുടെ അളവററ നിത്യസങ്കടങ്ങൾ നേരിട്ടറിഞ്ഞു് അവരോടു ഐക്യഭാവം ശീലിച്ചു്, അനുകമ്പാകൊണ്ടു ഹൃദയമുരുകി, സമുദായസ്നേഹം മൂർത്തീകരിച്ചു്, ജീവിക്കുന്ന കർമ്മധീരനായ ഒരു നായകൻ നായർസമുദായത്തെ നയിക്കുവാൻ പ്രത്യക്ഷനാകേണ്ട കാലം അത്യാസന്നമായിരിക്കുന്നു.

മറുപുറം

എൻ. ജെ. പ്രദീപം, കടമ്പനാട്ട്.

അതല്ലങ്കി,—ലസൂയയെ വെന്നൊടുക്കുവോർക്കെന്തെ
ന്തല്ലലും പ്രയാസവും നേരിടേണ്ടതായ് വരും?

പുറമേപാടെങ്ങും മിഥ്യാ ബോധത്താ ലോരോവിധം
തെററുകൾ സമർപ്പിപ്പൂ നിഷ്കളങ്കരിൽ പോലും

എന്നല്ല, പരോൽക്കർഷം കാണുവാൻ കണ്ണില്ലാത്ത
ദുർന്നയം വ്യാപിച്ചതാ,ണുലകം തമോമയം!

നീതിയെന്നുരയ്ക്കുന്ന നിയമങ്ങളാൽ,—സ്വന്തം
മാതൃഹത്യയും,—ലോക മത്രമേൽ ദുഷിച്ചുപോയ്

മധ്യാഹ്ന, മിരുട്ടിൻെറ ക്രൂത്തരങ്ങളെന്നോതുന്ന
സുസ്ഥിരാഭിപ്രായത്തിന്നറവേ, വിശ്വംഭരേ!

വിണ്ടലാരാമത്തിങ്കൽ നില്ക്കുമത്താരപ്പൂക്കൾ
കൊണ്ടല്ലാൽ മറ, ച്ചെന്തിന്നഭിമാനിക്കുന്നു നീ?

നിന്നിലീ പ്രപഞ്ചത്തിൻ സാരസൗന്ദര്യം ലയി
ച്ചെന്നിനി, സംതൃപ്തയായ് മരുവാനിരിക്കുന്നു?

II

പുലരിക്കൈക്കൊമ്പിൽ പുളകച്ചാർത്തേകുന്ന
മലരിൻ മന്ദസ്മിതം മറയുന്നെന്തോ വേഗം?

അഴകാൽ പ്രപഞ്ചത്തെമുഴുവൻ മയക്കുന്ന
മഴവി,ല്ലയേ, വേഗം വിളറുന്നെന്തോ വന്നു?

കരിനീർ മുകിൽക്കൂട്ടംനിറഞ്ഞോരാകാശത്തിൽ
വിരിമാറിങ്കൽ മിന്നിത്തിളങ്ങും ദീപാങ്കുരം

ക്ഷണമാത്രയിൽ തന്നേമറയുന്നിരുട്ടിന്റെ
രണവേദിയിൽ സ്വയംവിലയം പ്രാപിക്കുന്നു

ഒരുനാളും പോലുംമന്നിൽ സ്ഥിരമായ് നിൽക്കാതുള്ള
മറിമായമോ, ഹാഹാ! ലോകസൗകര്യങ്ങൾ?

രമണീയതയെല്ലാം പുറകിൽ, ക്ലേശത്തിന്റെ
മരുഭൂ, വല്ലീകാണ്മൂ, ശൂന്യതയ്ക്കാവാസമായ്?

ജഗത്തേ, നിനക്കാത്മപ്രശംസയ്ക്കവകാശം
തികച്ചും സൃഷ്ടിക്കുവാൻ മാത്രമായിതോ സർവ്വം?

ഗാന്ധിജി

രവീന്ദ്രനാഥടാഗൂർ.

ഏതാനും മാസങ്ങളിലെ യൂറോപ്പുപര്യടനത്തിനു ശേഷം ഇൻഡ്യയിൽ ഞാൻ മടങ്ങിവന്നപ്പോൾ, രാജ്യം മുഴുവൻ ഉടനടി ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിക്കാൻ പോകുന്നുവെന്നുള്ള ആശയിൽ മുഴുകിയിരിക്കുന്നതായി കണ്ടു. പ്രത്യക്ഷത്തിൽ തന്നെ നിസ്സാരങ്ങളും ഉപരിപ്ലവങ്ങളുമായ ചില വ്യവസ്ഥകൾ നാം നിറവേററുന്നെങ്കിൽ ഒരു കൊല്ലത്തിനകം നമുക്കു സ്വാതന്ത്ര്യം ലഭിക്കുമെന്ന് ഗാന്ധിജി ജനങ്ങളെ ധരിപ്പിച്ചിരുന്നു.

ഗാന്ധിജിയെപ്പോലുള്ള ഒരു മഹാപുരുഷനിൽ നിന്നും ലഭിക്കുന്ന ഇത്തരം വാഗ്ദാനങ്ങൾ പരിണതപ്രജ്ഞന്മാരായ നേതാക്കന്മാരെപ്പോലും വിശ്വസിപ്പിക്കുന്നതിനു പര്യാപ്തങ്ങളാണ്. ആ വിശ്വാസത്തിന്റെ ദാർഢ്യത്തിൽ പലരും അന്നു് എന്നോടുവികാരനിർഭരമായ ഭാഷയിൽ വാഗ്വാദത്തിനൊരുങ്ങി. യുക്തിക്കുവിഷയമാക്കേണ്ട ഒരു കാര്യമല്ലഇതെന്നും, ദൈവികമായ ഒരു അമാനുഷപ്രവൃത്തിയായി ഇതിനെ പരിഗണിച്ചാൽ മതിയെന്നും അവർ വാദിച്ചു. എന്നാൽ ഈ വാഗ്ദാനം ഗാന്ധിജിയുടെ പ്രായോഗിക ബുദ്ധിയിൽ എന്നെ സംശയാലുവാക്കിത്തീർക്കുകയാണു ചെയ്തതു്. ഇൻഡ്യയുടെ രാഷ്ട്രീയജീവിതത്തിന്റെ വളരെക്കാലത്തെ പരാജയത്തിനു കാരണഭൂതമായ ഒരു സ്വഭാവക്ഷീണത്തെ ഉണർത്തിവിട്ടു് അതുകൊണ്ടൊരു മഹാകാര്യം നേടുക എന്നനയം അത്രസഫലമാണെന്നെനിക്കുതോന്നിയില്ല.

യുക്തിയുടെ സ്ഥാനത്ത് വിശ്വാസത്തെ പ്രതിഷ്ഠിച്ച്, ദൈവികം എന്ന് അതിൻ പേരുകൊടുത്ത് ഞെളിയുന്ന നാം പലപ്പോഴും ആമോത്തരത്തിന്റെ ഫലം അനുഭവിക്കാറുണ്ട്. നമ്മുടെ ജനങ്ങളിൽ അടിയുറച്ചു കിടക്കുന്ന ഈ അന്ധവിശ്വാസത്തെ ഉണർത്തിവിട്ടതിൽ ഞാൻ മഹാത്മജിയെ ശക്തിയായി പഴിച്ചു. ആ ഉണർവിന് താൽക്കാലികമായ ചില നേട്ടങ്ങൾ ലഭിച്ചെങ്കിലും, ഉറപ്പില്ലാത്ത ഒരു സ്ഥിവാരം ഒന്നു കൂടി ഇളക്കുകയാണു ചെയ്തത്. എങ്കിലും ഭാരതീയരുടെ നേതാവെന്ന നിലയിൽ ഗാന്ധിജിയെപ്പററിയുള്ള മതിപ്പ് അന്നുമുതൽ എനിക്കുണ്ടായിത്തുടങ്ങി. എന്നാൽ അതവിടെ അവസാനിച്ചില്ലെന്നുള്ളത് എന്റെ ഭാഗ്യം തന്നേ.

പ്രതിഭാശാലികളായ മററു മഹാപുരുഷന്മാരെപ്പോലെ, ഗാന്ധിജിക്കും അസാധാരണമായ തന്റെ സൃഷ്ടിശക്തിയുടെ വർത്തനങ്ങൾക്ക് വിപുലമായ ഒരു ക്ഷേത്രം വേണ്ടിയിരുന്നു. വളരെക്കാലത്തെ നിരന്തരമായ പരാജയത്തിലും നിശ്ചലതയിലും പെട്ടു മരവിച്ചുകിടക്കുന്ന ഒരു മഹാരാഷ്ട്രത്തെ, അനേകായിരം സാമുദായിക ഗർത്തങ്ങളിലും ദുർഗ്ഗങ്ങളിലും കൂടി ലക്ഷ്യത്തിലേക്കു നയിച്ചുകൊണ്ടുപോകുക എന്ന ചുമതല അദ്ദേഹം ഏറെറടുത്തതോടു കൂടി ആ മഹാക്ഷേത്രത്തിന്റെ വിസ്തൃതി ക്രമാധികം വർദ്ധിച്ചു. ആ ശ്രമം അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ കൂടുതൽ പരിപൂർണ്ണവും പരിണതവുമാക്കിത്തീർക്കുകയും ചെയ്തു. അതോടെ ഗാന്ധിജിയുടെ യഥാർത്ഥ മഹത്വം എന്താണെന്നുള്ളത് വ്യക്തമായി. അന്നുമുതൽ ഞാൻ അദ്ദേഹത്തെ കൂടുതൽ മനസ്സിലാക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. ഗാന്ധിജിയുടെ സിദ്ധാന്തങ്ങളേയും വിശ്വാസ പ്രമാണങ്ങളേയുംകാൾ ഒരു കലാകാരൻ എന്ന നിലയിൽ, ഞാൻ കൂടുതൽ ശ്രദ്ധിച്ചത് അദ്ദേഹത്തിന്റെ പ്രായോഗികമായ ജീവിതരീതിയെപ്പററിയായിരുന്നു. മഹാത്മജിയുടെ ഹൃദയത്തിന്റെ പ്രത്യേക വൈശിഷ്ട്യം അവിടെയാണു സ്ഥിതിചെയ്യുന്നത്. ആ വീക്ഷണകോണത്തിൽ നിന്നുകൊണ്ടു മനസ്സിലാക്കുന്തോറും, അദ്ദേഹത്തിന്റെ ഔന്നത്യത്തിലും ഔദാര്യത്തിലും എനിക്കു അസാധാരണമായ അത്ഭുതം തോന്നിപ്പോകുന്നു.

യോഗീശ്വരനായ ആ മഹാത്മാവ് അന്യരുടെ ഇഷ്ടാനിഷ്ടങ്ങളിൽ ആകൃഷ്ടനാകാതെ, അവരുടെ സുഖസൗകര്യങ്ങൾക്കു വേണ്ടി ദിവാനിശം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദാരിദ്ര്യദേവതയെ സ്വയം വരിച്ചിരിക്കുന്ന ആ മഹാപുരുഷനോളം ഇൻഡ്യയിലെ മൂക ലക്ഷങ്ങളുടെ ഭൗതികാവശ്യങ്ങൾക്കു വേണ്ടി പണിപ്പെട്ടിട്ടുള്ള വ്യക്തികൾ ആരും തന്നെ ഇല്ല. ഒരു മിഷ്യനറിയുടെ വികാര നിർഭരതയോടു കൂടിയ ആ സമുദായ പരിഷ്കാരി, പൊതുജനങ്ങളിൽ വികാരങ്ങൾ ഉണർത്തിവിട്ടിട്ട് അവയ്ക്ക് അസാമാന്യമായ ആത്മനിയന്ത്രണം ആവശ്യപ്പെടുന്നു. യാഥാസ്ഥിതികനായ ഒരു വിഗ്രഹാരാധകനെപ്പോലെ പുരാതന ദൈവങ്ങളെ അദ്ദേഹം അവരുടെ ജീർണ്ണിച്ച ദേവാലയങ്ങളിൽ വച്ച് ആരാധിക്കുന്നു. എന്നാൽ ആ അർച്ചനകളെല്ലാം ശ്രേഷ്ഠവും അത്യുത്തമവുമായ കാര്യങ്ങൾക്കു വേണ്ടിയാണുപയോഗിക്കുന്നത്. വർണ്ണവ്യവസ്ഥകളോടുള്ള തന്റെ ആനുകൂല്യം പ്രകടിപ്പിക്കുന്നതോടൊപ്പം അതിന്റെ ദൂഷ്യഭാഗങ്ങളെ അദ്ദേഹം ശക്തിമത്തായി എതിർക്കുകയും ചെയ്യുന്നു. എന്നാൽ അക്കാര്യത്തിൽ പൊതുജനനിന്ദയ്ക്കു ഗാന്ധിജി പാത്രമായിട്ടില്ല. നേരെ മറിച്ച്, തന്റെ പരിശ്രമങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കാൻ ശക്തിയില്ലാത്ത ഒരുവൻ ഇത്തരം കാര്യങ്ങളിൽ ഇത്ര ധൈര്യമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ, അയാൾ തീർച്ചയായും

അപകടത്തിൽ പെട്ടുപോകുമായിരുന്നു.

അനിയന്ത്രിതമായ സ്ത്രീ ചാപലത്വം ഗാന്ധിജി ശക്തിപൂർവ്വം എതിർക്കുന്നു. അത്തരം ജീവിതം മനുഷ്യരുടെ സാമുദായികാഭിവൃദ്ധിക്കു തടസ്സമാണ്. എന്നാൽ ടോൾസ്റ്റോയിയെപ്പോലെ സ്ത്രീകളെ അദ്ദേഹം വെറുക്കുന്നില്ല. ഗാന്ധിജിക്കു സ്ത്രീകളോടുള്ള പ്രത്യേക കാരുണ്യം അദ്ദേഹത്തിന്റെ അത്യുത്തമമായ ഒരു സ്വഭാവഗുണമായി ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ സമരാങ്കണത്തിൽ നേതൃത്വം വഹിക്കുന്നവരിൽ ചിലർ സ്ത്രീകളെന്നുള്ള വസ്തുതയും ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമത്രേ.

കുററം ചെയ്യുന്നവനെ വെറുക്കാതെ കുററത്തെ വെറുക്കാൻ പഠിക്കുന്നതിന് ഗാന്ധിജി ശിഷ്യരെ ഉപദേശിക്കുന്നു. അതു് അപ്രായോഗികമായ ഒരുപദേശമായി ചിലർക്കു തോന്നിയേക്കാം. എന്നാൽ അദ്ദേഹം അതു് തന്റെ ജീവിതത്തിൽ ഏററവും പ്രായോഗികമാക്കിത്തീർത്തിരിക്കുന്നു. കാൺഗ്രസ്സിന്റെ അഭിപ്രായഗതികൾക്കു വിപരീതമായി പ്രവർത്തിച്ചതുമൂലം അവിടെ നിന്നും ബഹിഷ്കൃതനായ ഒരു നേതാവുമായി മഹാത്മജി അഭിമുഖസംഭാഷണം നടത്തുന്ന ഒരവസരത്തിൽ ഞാനും സന്നിഹിതനായിരുന്നു. മററാരെങ്കിലുമായിരുന്നെങ്കിൽ ആ അവസരത്തിൽ അയാളോടു പുഛരസത്തോടുകൂടിയേ സംസാരിക്കുമായിരുന്നുള്ളു. എന്നാൽ ഗാന്ധിജിയാകട്ടെ, വളരെ ശ്രദ്ധയോടും പ്രതിപക്ഷബഹുമാനത്തോടും കൂടി അയാളുടെ സംഭാഷണം കേട്ടുകൊണ്ടിരുന്നു. തനിക്കു ഒരു ഹീനത്വം സംഭവിച്ചുവെന്നോ താൻ അല്പനാണെന്നോ ഉള്ള ക്ഷീണവിചാരത്തിന് അദ്ദേഹം ഒരിക്കലും അയാൾക്കു് അവസരം നൽകിയില്ല. ആ മഹാത്മാവിന്റെ മഹത്വം അന്ന് എനിക്കു പ്രത്യക്ഷമായി കാണാൻ കഴിഞ്ഞു. കാൺഗ്രസ്സിനേയോ അതുൾക്കൊള്ളുന്ന ആദർശങ്ങളേയോ കാൾ എത്രയോ മടങ്ങ് മഹത്വമേറിയ ആളാണ് ഗാന്ധിജി എന്നു് അന്നു ഞാൻ തീർച്ചപ്പെടുത്തി.

ഗാന്ധിജിയുടെ വേറൊരു മഹത്വം ഇതാണ്. അഭിവന്ദ്യനായ ഒരു നേതാവ്, ബുദ്ധിശാലിയായ ഒരു രാഷ്ട്രീയചിന്തകൻ, വിശാലഹൃദയനായ ഒരു സമുദായ പരിഷ്കർത്താവ് എന്നീ നിലകളേക്കാൾ ശ്രേഷ്ഠതരമായതു് അദ്ദേഹം അത്യുത്തമനായ ഒരു മനുഷ്യൻ എന്നുള്ളതാകുന്നു. എന്തെന്നാൽ മുൻപറഞ്ഞ യാതൊരു പ്രവൃത്തിപരിധികൾക്കും മഹാത്മജിയുടെ സമ്പൂർണ്ണമായ മനുഷ്യത്വത്തെ മലിനപ്പെടുത്താൻ സാധിക്കുന്നില്ല. എന്നുമാത്രമല്ല ഈ പ്രവർത്തനങ്ങളുടെയെല്ലാം പ്രേരണ മനുഷ്യത്വത്തിന്റെ പൂർണ്ണബോധത്തിൽ നിന്നുണ്ടായതുമാണ്. ഒരുവിട വ്യതിചലിക്കാത്ത ഒരാദർശവാദിയാണെങ്കിലും ഗാന്ധിജിയെപ്പോലെ മനുഷ്യസമുദായത്തെ സ്നേഹിക്കുന്ന ഒരു മഹാപുരുഷൻ ഈ അടുത്തകാലത്തു ഭൂമിയിൽ ജീവിച്ചിട്ടില്ല. പരീക്ഷണത്തിനു വേണ്ടി അദ്ദേഹം രാജ്യത്തിനു നൽകുന്ന സകലകാര്യപരിപാടികളും സ്വയം പരീക്ഷിച്ചു സംതൃപ്തി നേടിയവയത്രേ. ഒരു മഹാത്യാഗത്തിന് രാജ്യത്തെ ആഹ്വാനം ചെയ്യുമ്പോൾ അതിന്റെ ദുരന്തഫലങ്ങൾ മുമ്പേക്കൂട്ടി നല്ലപോലെ അദ്ദേഹം മനസ്സിലാക്കിയിരിക്കും. ഇന്നത്തെ സ്ഥിതിസമത്വവാദികൾ അവരവരുടെ സുഖസൗകര്യങ്ങൾ സ്വയം പരിത്യജിക്കുന്നതിനു മുമ്പ് അന്യരുടെ സുഖസൗകര്യങ്ങൾ അപഹരിക്കണമെന്നാഗ്രഹിക്കുന്നു. ഗാന്ധിജിയാകട്ടെ, ഏതിലും സ്വയം പ്രവർത്തിച്ചുകാണിച്ചിട്ടേ അന്യരെ ആ വഴി സഞ്ചരിക്കുന്നതിനു ക്ഷണിക്കുകയുള്ളൂ.

മഹാത്മജിയോടൊപ്പം സ്വരാജ്യത്തിനു വേണ്ടി ത്യാഗങ്ങൾ സഹിച്ചിട്ടുള്ള നേതാക്കന്മാർ നമ്മുടെ നാട്ടിൽ ധാരാളമുണ്ടാവാം.

ചിലക്ക് കൂടുതൽ കഠിനമായ ക്ലേശങ്ങൾ സഹിക്കേണ്ടതായും വന്നിട്ടുണ്ടാവാം. എന്നാൽ അവരെല്ലാം രാജ്യത്തിനുവേണ്ടി ക്ലേശം സഹിച്ച നേതാക്കന്മാർ മാത്രം. നേരെ മറിച്ച് ഗാന്ധിജിയാകട്ടെ തന്റെ ആദർശങ്ങളേയും ഉപദേശങ്ങളെയും കാൾ എത്രയോമടങ്ങ് മാഹാത്മ്യമേറിയ ഒരു മഹാപുരുഷൻ.

മഹാത്മജി നേതൃത്വം നൽകി നടത്തിപ്പോരുന്ന സമുദായപരിഷ്കാരങ്ങൾ പലതും അദ്ദേഹത്തിന്റെ സൃഷ്ടികളല്ല, അവയിലധികവും തന്റെ മുൻഗാമികളോ സമകാലികരോ തുടങ്ങിവിട്ടവയാണ്. ഗ്രാമപുനരുദ്ധാരണപരിപാടി കാൺഗ്രസ്സ് അംഗീകരിക്കുന്നതിന് എത്രയോ മുമ്പുതന്നേ ഞാൻ അതിനെപ്പററി വാദിക്കുകയും എഴുതുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നേ, അയിത്തോച്ചാടനം, കുടിൽവ്യവസായം ഇവയും എന്റെ പ്രവൎത്തനപരിപാടിയിൽ പെടുന്നു. എങ്കിലും ഇത്തരം പ്രവൎത്തനങ്ങൾക്കൊന്നിനും ശരിയായ ഒരുണൎവ്വ് ഇതേവരെ ഉണ്ടായിരുന്നില്ല. ഗാന്ധിജി എന്നാണോ അതേറെറടുത്തു അന്നുമുതൽ ആ പരിപാടികൾക്ക് ഒരു നവജീവൻ ലഭിച്ചു. പരിപൂൎണ്ണതസിദ്ധിച്ച ആ യഥാൎത്ഥമനുഷ്യൻ തന്റെ ഉപദേശങ്ങൾക്കും പ്രവൎത്തനങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവും കല്പിക്കുന്നില്ല. ഗാന്ധിജിയുടെ കല്പനാശക്തി മുഴുവൻ സ്വജീവിതവുമായി അത്യന്തം ബന്ധപ്പെട്ടവയാണ്.

കാൎയ്യസിദ്ധിക്കുവേണ്ടി നാം സ്വീകരിക്കുന്ന ഉപായങ്ങളുടെ സത്യസ്വഭാവത്തിലും നിൎമ്മലതയിലും മഹാത്മജിയ്ക്കു വലിയ നിൎബ്ബന്ധമുണ്ട്. അതിൽനിന്നാണ് അക്രമരാഹിത്യസിദ്ധാന്തത്തിന്റെ ഉദയം. അതു് അത്യഗാധമായ ഔദാൎയ്യത്തിന്റേയും അത്യുന്നതമായ മഹത്വത്തിന്റേയും ഒരു ലക്ഷണമാകുന്നു. വ്യക്തികളുടേയോ സമുദായങ്ങളുടേയോ അവകാശസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സമരം ഒരിക്കലും മനുഷ്യത്വം നശിപ്പിക്കുന്നവയാകരുതെന്നു ഗാന്ധിജി ആഗ്രഹിക്കുന്നു. വ്യക്തികൾക്കും സമുദായങ്ങൾക്കും പരസ്പരബഹുമാനം അത്യാവശ്യമാണെന്നുള്ള ധൎമ്മം നാം മറന്നുപോയി. അവകാശങ്ങൾ ഇതേവരെ ബലപ്രയോഗം കൊണ്ടാണു സാധിച്ചിട്ടുള്ളതെന്നും അവ പരിരക്ഷിച്ചുകൊണ്ടു പോകുന്നതും ബലപ്രയോഗം കൊണ്ടാണെന്നും പ്രബലമായ ഒരു വാദമുണ്ട്. ആ വാദം ഒരിക്കലും ഒടുങ്ങാത്ത മൃഗീയത്വത്തിലാണ് മാനവസമുദായത്തെ നിലനിറുത്തുന്നത്. നിലവിലിരിക്കുന്ന എല്ലാ നിയമങ്ങളോടും ആചാരങ്ങളോടും വെറുപ്പും വൈപരീത്യവുമുള്ള ജനങ്ങൾ ഏതു സമുദായത്തിലും എപ്പോഴും കാണാം. തങ്ങളുടെ ഉദ്ദിഷ്ടസിദ്ധിക്കുവേണ്ടി എന്തു മഹാപാപവും പ്രവൎത്തിക്കുന്നതിനും ഏതു സന്മാൎഗ്ഗനിയമങ്ങളേയും ലംഘിക്കുന്നതിനും അവർ സന്നദ്ധരാകുന്നു. എന്നാൽ മനുഷ്യത്വത്തെ നശിപ്പിക്കുന്നതും, മാനവസംസ്കാരത്തിന്റെ അനേകായിരം തലമുറകളിലെ സകലപ്രയത്നങ്ങളേയും അവഹേളിക്കുന്നതുമായ ദുഷിച്ച ഈ സമുദായ ശൃംഖല എന്നെങ്കിലും ഒന്നു പൊടിക്കേണ്ടിയിരിക്കുന്നു. അതാദ്യമായി പൊട്ടിച്ചെറിഞ്ഞു എന്ന പെരുമ തന്റെ രാജ്യത്തിനിരിക്കട്ടെ എന്നാണ് ഗാന്ധിജിയുടെ ആഗ്രഹം. ഒരു പക്ഷേ അതിൽ അദ്ദേഹം വിജയി ആയില്ലെന്നു വരാം. മനുഷ്യസമുദായത്തെ അപൂൎണ്ണതയിലും മൃഗീയത്വത്തിലും നിന്ന് പരിരക്ഷിക്കാൻ ശ്രമിച്ച ശ്രീ ബുദ്ധനേയും ക്രിസ്തുഭഗവാനേയും പോലെ ഗാന്ധിജിയും പരാജയമടയാം. എങ്കിലും, സ്വന്തജീവിതം മററുള്ളവൎക്കു മാതൃകയായി കാണിച്ച ഒരു മഹാൻ എന്നനിലയിൽ അദ്ദേഹത്തിന്റെ നാമധേയം ലോകാവസാനംവരെ ഏവൎക്കും സ്മരിക്കത്തക്കതായിരിക്കും എന്നുള്ളതിനു സംശയമില്ല.

(മഹാകവി 1938-ൽ ഗാന്ധിജിയെപ്പററി എഴുതിയ ഒരു ലേഖനത്തിന്റെ സംഗ്രഹം)

ഒരു ഭയങ്കരരാത്രി.

ടി. എൻ. ഗോപിനാഥൻനായർ ബി. ഏ.

ഒരു കൊലപ്പുള്ളിയുടെ ചിന്താമണ്ഡലം പോലെ ആ രാത്രി ഭയങ്കരമായിരുന്നു. ഒരു ദാരുണമരണം നടന്ന ഭവനത്തിൽ നിന്നു ഞാൻ വീട്ടിലേക്കു മടങ്ങുകയാണ്. ഒരു സ്നേഹിതന്റെ അകാലമരണം. എന്റെ മനസ്സിൽ തണുത്തവിഷാദം പടരുന്നുണ്ടായിരുന്നു. വേർപാട് ആരെയും വേദനിപ്പിക്കും. ഇനി എനിക്കയാളെ കാൺമാനൊക്കുകയില്ല. ഞങ്ങൾ പരിചയമായദിവസം മുതൽ അവസാനദിവസംവരെയുള്ള അനേകം സംഭവങ്ങൾ എന്റെ ഉള്ളിലെ വേദനിപ്പിക്കുന്ന വിഷാദത്തിൽക്കൂടി ഉയരുകയും ലയിക്കുകയും ചെയ്തിരുന്നു

അല്പമകലെയാണ് എന്റെവീട്. ഒരു മഷിക്കുപ്പിയുടെ അകംപോലെ അന്തരീക്ഷം ഇരുണ്ടിരുന്നു. എന്തുമാതിരി ഇരുട്ട്. ഊടുവഴികളിൽക്കൂടി ഒരു പരിചയത്തെ ലംബമാക്കിനടന്നിരുന്നുവെന്നേയുള്ളു. അല്പം കഴിഞ്ഞപ്പോൾ മഴയുംതുടങ്ങി. എന്റെ കുട കാററത്തു തകർന്നു പോകാത്തതു ഭാഗ്യം.

ആ മരണം നടന്ന ഭവനത്തിലെ നിലവിളിയും, ഞരക്കവും, കരച്ചിലും എന്റെ ചുററും ആവർത്തിയ്ക്കുന്നതുപോലെതോന്നി. ആ മൃതദേഹം എന്റെ കൺ മുൻപിൽത്തന്നെ നില്ക്കുന്നു, ആ വികൃതമായമുഖഭാവം ആ കണ്ണുകളുടെനിജ്ജീവസന്ദേശം! അവയവങ്ങളുടെ അചഞ്ചലാവസ്ഥ—ഉററബന്ധുക്കളുടെ ഒച്ചപ്പാട് —എല്ലാവരുടെമുഖത്തും മ്ലാനത—അസഹ്യമായ അന്തരീക്ഷം തന്നെ.

മരിച്ചവരുടെ ആത്മാവ് വീണ്ടും ഉണരുമോ? എനിക്ക് പിശാചിനേയും യക്ഷിയേയും മററും വിശ്വാസമില്ല. ഭയവുമില്ല. പക്ഷേ ആ രാത്രി ഒരു നിർദ്ദയഭയത്തിന് ഞാനടിമയായി. മരണമടഞ്ഞ ആ സ്നേഹിതൻ എന്റെ പിന്നാലെ വരുന്നുണ്ടെന്ന് എങ്ങിനെയോ ഒരു സങ്കല്പം ഉള്ളിൽ സ്ഥലം പിടിച്ചു. മഴനനഞ്ഞുകൊണ്ട് ആ പാവം എന്റെ പിന്നാലെനടന്നുവരുന്നുണ്ടെന്ന് ഒരു തോന്നൽ. ഞാൻപെട്ടെന്ന് വേറെ പലതും ചിന്തിയ്ക്കാൻ ശ്രമിച്ചു പെൺകുട്ടികൾ, സിനിമാ, ചീട്ടുകളി, പരീക്ഷ ഇങ്ങിനെ പലതും ഓർമ്മിച്ചു- എന്റെ ചുററും ഏകാന്തതയും ഇരുട്ടും. തണുത്തകാററ് എന്റെ കുടപിടിച്ചുകുലുക്കുന്നു. മഴച്ചാററലിൽ എന്റെ കുപ്പായം നനയുന്നുണ്ട്. പുറകിൽ ഒരുപട്ടിമോങ്ങുന്നു. ആ പഴയ ചിന്തഎന്നെ വീണ്ടുംപിടികൂടി. അവൻ പിൻതുടരുന്നുണ്ടോ? എന്റെനടപ്പിന് വേഗതകൂടി ഒരു ചുള്ളചുള്ളത്തകാററ് സീൽക്കാരത്തോടെ അടുത്തുള്ള മുളം കാട്ടിലേക്ക് കയറിപ്പോയി. എനിക്കല്പം ഭയംതോന്നി. അവൻവന്നാൽത്തന്നെഎന്ത്? അവനെന്നെ ഇഷ്ടമാണ്. ഉപദ്രവിക്കുകയില്ല. പക്ഷെ മരിച്ചുകഴിഞ്ഞാൽ മനസ്സുമാറുമോ? പിന്നിൽ പടപടാന്ന് ശബ്ദംകേൾക്കാം. ഞാൻ ഓടിത്തുടങ്ങി. ഒരു കരച്ചിലെന്നെ പിൻതുടരുന്നു.

ആവു ഒരുവിധം വീട്ടിലെത്തി. ഞാൻ തനിച്ചാണ് താമസം. മുറിതുറന്നു. അകത്തുനിന്നും സാക്ഷയിട്ടിട്ട് ഞാൻ മുകളിലേക്ക് പോയി. ഇരുട്ടത്തുംഎന്റെ വീട്ടി

ലെ വഴിനന്നായറിയാം. വിഡ്ഢിത്തം നിറഞ്ഞ എന്റെ വിചാരഗതിയെ കുറിച്ച് മനസാ ചിരിച്ചുകൊണ്ടാണ് തീപ്പെട്ടി കൈയിലെടുത്തത്. "ഇത് ജന്നലിൽ വന്നുലയ്ക്കുന്ന കാററ് എന്റെ സ്നേഹിതന്റെ ആത്മാവാണെന്ന് ഞാൻ ഇപ്പോഴും വിചാരിക്കും" ചിരിച്ചുകൊണ്ട് ആത്മഗതം ചെയ്തു. തീപ്പെട്ടിയുരച്ചു. അത് കത്തിപ്പിടിയ്ക്കും മുൻപ് ഒരു വികൃതിക്കാററുവന്ന് ഊതികെടുത്തി. 'ഛീ!' ഞാൻ വീണ്ടും ഒരു കൊള്ളി ഉരച്ചു. ഇരുട്ട് മുറിവിട്ട് ഓടുകയാണ്. ഞാൻ അകത്തേക്ക് കണ്ണോടിച്ചു. അയ്യോ- എന്റെ മേശപ്പുറത്ത്— എന്താണ്! ആ കൊള്ളി കത്തേണ്ടതില്ലായിരുന്നുവെന്ന് തോന്നി. എന്താണ് ഞാനു കണ്ടത്! അതിഭയങ്കരം! ഞാൻ നടുങ്ങിപ്പോയി. ഒരമന്ന ശബ്ദം എന്റെ അനുവാദമില്ലാതെതന്നെ ഉള്ളിൽ നിന്നും ഉയർന്നു. ഞാൻകോണിപ്പടിയിലേക്ക് കുതിച്ചു. ഞാനെന്തുതന്നെ ചെയ്തില്ല!

ഒരു ശവപ്പെട്ടി എന്റെ മേശപ്പുറത്തിരിക്കുന്നു. ഞാൻ വ്യക്തമായികണ്ടു. അതിന്റെ അടപ്പിൽ ചിത്രവേലകൾ ചെയ്തിട്ടുണ്ട്. നിമിഷാർദ്ധത്തിനുള്ളിൽ അതിന്റെ വിശദാംശങ്ങൾ കൂടി എന്റെ ഉള്ളിൽ പതിഞ്ഞുകഴിഞ്ഞു. വിലകൂടിയ ഒരു ശവപ്പെട്ടി. അതിന്റെ ഉള്ളിൽ മൃതശരീരമുണ്ടോ? ആവോ!

ഞാൻ കോവണിപടിയിൽ നിന്നും താഴെ വീണ് തലപൊട്ടാത്തത് ആരുടെ ഭാഗ്യമോ! റോഡരികിലുള്ള ഒരു വിളക്കിന്റെ ചോട്ടിൽ വന്നുനിന്നു. എന്റെ ഹൃദയം അതിദ്രുതം ത്രസിയ്ക്കുന്നുണ്ടായിരുന്നു.

എന്റെഭവനം അഗ്നിയ്ക്കിരയായാൽ പോലും ഇത്രയ്ക്ക് അന്ധാളിക്കുമായിരുന്നില്ല. ഒരുതസ്കരൻ പതുങ്ങി നിൽക്കുന്നത് മനസ്സിലാക്കാം. ഒരുപേപ്പട്ടിയെകണ്ടാലുംവേണ്ടില്ല, ചുമരുകൾ പെട്ടെന്ന് നിലം പതിച്ചുകൊള്ളട്ടെ. ഇതെല്ലാം ഒരമ്പരപ്പും കൂടാതെ ഗ്രഹിക്കാൻ കഴിയും. പക്ഷേ ഒരു ശവപ്പെട്ടി എങ്ങിനെ എന്റെ മുറിയിൽ കടന്നു കൂടി: എവിടെനിന്നുവന്നു? ഒരു ധനവാന്റെ മൃതദേഹം വഹിയ്ക്കാനുള്ള ഒരു ശവപ്പെട്ടി! അതിനുള്ളിൽ ആളുണ്ടായിരുന്നോ? തീർത്തുപറയാൻവയ്യാ

ഊഹാപോഹങ്ങളുടെ കടും കെട്ടുകൾ ഞാൻ ഓരോന്നോരോന്നായി അഴിയ്ക്കാൻ ശ്രമിച്ചു. ഞാൻ വീടുവിട്ടപ്പോൾ കതക് ഭദ്രമായി അടച്ചിരുന്നു. അതിന്റെതാക്കോൽ വെയ്ക്കുന്ന സ്ഥലം എന്റെ ഏററവും അടുത്ത സ്നേഹിതന്മാർക്ക് അറിയാവുന്നതാണ്. എന്റെ സ്നേഹിതന്മാർ അതവിടെ കൊണ്ടുവെയ്ക്കേണ്ടകാര്യമില്ല .... ഇനി വല്ലവരും ആജ്ഞാപിച്ചതനുസരിച്ച് വീടുമാറി കൊണ്ടുവെച്ചതാവാമോ? പക്ഷേ അങ്ങിനെയാണെങ്കിൽ കൂലിവാങ്ങാൻ ആരെങ്കിലും കാത്തുനിൽക്കാതിരിക്കുമോ? ......എന്റെ മരണത്തെ സൂചിപ്പിക്കുന്ന വല്ല ദുശ്ശകുനവുമാണോ അത്?. ഏതൊരു അടിയുറച്ചതത്വചിന്തകനേയും ഒന്നുലയ്ക്കുന്ന സംഭവംതന്നെ.

ഞാനൊരു ഭീരുവാണെന്ന തീർപ്പിൽ എത്തിച്ചേർന്നു. കണ്ണുകൾക്കുവന്ന ഒരു പ്രമാദം— അല്ലാതൊന്നുമല്ലെന്നുറച്ചു. വിഷാദവും ഭയവും അനുഭവിച്ച ഒരുമനസ്സിന്റെ വികൃതപ്രേരണ സമ്മാനിച്ച ഒരനുഭവമാണെന്ന് ഒടുവിൽ സമാധാനിച്ചു. കണ്ണുകൾക്കു പററിയ പ്രമാദം! അല്ലാതെന്താണ്?

എന്തായാലും തിരിച്ചുമുറിയിലേക്കു കയറിപ്പോകാൻ സാദ്ധ്യമല്ല. മററാരും അരികിലില്ലെങ്കിൽ ഉറങ്ങാൻ പററുകയില്ല. വിളക്കുമരത്തിന്റെ ചോട്ടിലിരുന്ന് നേരം വെളുപ്പിക്കാനും വയ്യ. അല്പനേരത്തേയ്ക്ക് അടങ്ങി നിന്നിരുന്ന മഴ വീണ്ടും

[?]രുന്ന [?]രവവും കേൾക്കാം. വീട്ടിൽ വീണ്ടും കയറി[?] കടന്നുകൂടാനുള്ള ധൈര്യവുമില്ല. എന്റെ [?] ചങ്ങാതിയുടെ വീട്ടിൽ ചെന്നു കിടക്കാൻ [?]റച്ച് ധിറുതിയിൽ നടന്നു. വഴിയരികി[?]ലാണ് അവന്റെയും താമസം. പകുതി വഴി മഴനനഞ്ഞു. കതകു മുട്ടി. ഓ—അവൻ വന്നു ചേർന്നിട്ടില്ല. പക്ഷേ താക്കോലിന്റെ ഇരുപ്പിടമെനിക്കറിയാം. ഒരു മൂളിപ്പാട്ടോടുകൂടി കതകു തുറന്നു. ഇരുട്ടുതന്നെ. അവന്റെ സോഫാ കിടക്കുന്ന സ്ഥലമെനിക്കറിയാം. ഒരിടത്തും മുട്ടാതെയും തട്ടാതെയും ഞാനതിൽ ചെന്നിരുന്നു. നനഞ്ഞ കുപ്പായങ്ങൾ ആ ഇരുട്ടത്തെവിടെയോ ഇട്ടു. തണുത്ത കാററ് ജന്നല്ലൂൽ വന്ന് ഒരു കാസരോഗിയെപ്പോലെ തേങ്ങുകയാണ്. ക്രിസ്തുമസ്സിന്റെ ആഗമനത്തെ കുറിക്കുന്ന മണിയൊച്ച അല്ലാരാത്രി [?] പള്ളികളിൽ നിന്നും മുഴങ്ങുന്നു. ഞാനെന്റെ തീപ്പെട്ടിയിലെ ഒരു കോലുരയ്ക്കാൻ ശ്രമിച്ചു. അതു നനഞ്ഞതുകൊണ്ട് കത്തിക്കാനല്പം പാടുപെട്ടു. ആ വെളിച്ചം എന്റെ മനസ്സിലെ മൂടൽമഞ്ഞ് മാററുകയല്ല ചെയ്തത്— ആ തീപ്പെട്ടിക്കൊള്ളിയുടെ ചെറിയ വെളിച്ചം എന്റെ ഉള്ളിൽ ഒരു വെടിമരുന്നുകോട്ടയ്ക്ക് തീപാററിക്കയാണുണ്ടായത്. എന്താണ്—എന്തുകണ്ടു? പൈശാചികം! ഞാനൊരുവിധത്തിൽ ആ മുറിയ്ക്കു വെളിയിൽ ചാടി.

എന്റെ മുറിയിൽ കണ്ടതുപോലത്തെ അതിലല്പം കൂടിവലിയ ഒരു ശവപ്പെട്ടി അവിടെ മേശപ്പുറത്തും ഇരിയ്ക്കുന്നു.

എല്ലാ മുറിയിലും ശവപ്പെട്ടിയോ? എന്നെ മിഴുങ്ങാൻ അതു് എന്നെ പിൻതുടരുകയാണോ? അതെങ്ങിനെ ഈ മുറിയ്ക്കകത്തും വന്നു. എന്റെ സകലസിരകളും ഉലഞ്ഞുകഴിഞ്ഞു. ഒരു വക ബുദ്ധിഭ്രമത്തിന്റെ നാന്ദിയാണ് ഈ അനുഭവം. എന്റെ മനസ്സു തളരുകയാണ്. എന്റെ ഈശ്വരാ!

എന്റെ ശിരസ്സ് പൊട്ടുമെന്നു തോന്നി. കാലുകളുടെ മേലുള്ള സ്വാധീന ശക്തി പോയി. ഞാനെങ്ങിനെയോ മുൻപോട്ടു നീങ്ങുന്നുവെന്നുമാത്രമറിയാം. ഭയം അതിന്റെ തണുത്ത കൈകൾകൊണ്ട് എന്നെ ദേഹത്തോടമർത്തിക്കഴിഞ്ഞു. മഴവെള്ളത്തിന്റെ തണുപ്പു ഞാനറിഞ്ഞില്ല.

കുറെ ദൂരം അങ്ങിനെ ഒരു സ്വപ്നം കാണുന്നവനെപ്പോലെ മഴയത്തു നടന്നു. എന്റെ മറെറാരു സ്നേഹിതൻ ആ വഴിയിൽ താമസിക്കുന്നതു ഓർമ്മവന്നു. അയാളും മരണം നടന്നവീട്ടിൽ എന്നോടൊന്നിച്ചുണ്ടായിരുന്നു. അവിടെ കയറാൻ തീരുമാനിച്ചു.

അയാൾ രണ്ടാമത്തെ നിലയിലാണു താമസം. ഞാൻ കോവണികയറിത്തുടങ്ങി. മുകളിൽ ഒരു ബഹളം കേട്ടു. ആരോ ധിറുതിയിൽ ഒച്ചപ്പാടോടുകൂടി വരുന്ന ശബ്ദം കേൾക്കാം. എനിക്കു സംഭ്രമിക്കാൻ വയ്യന്നായി. ഞാൻ നിർജ്ജീവമായി നിൽക്കുകയാണ്.

'രക്ഷിയ്ക്കണേ!' 'ഓടിവരണേ'! എന്റെ സ്നേഹിതന്റെ ശബ്ദം കേൾക്കാം, അല്പം കഴിഞ്ഞ് ഞാനുണർന്നു. ആ വിളി വീണ്ടും കേട്ടു. മറുപടിപറയാൻ പററിയില്ല. എനിക്ക് നല്ല പ്രജ്ഞയുണ്ട്. എന്റെ സ്നേഹിതൻ അരികിൽ വന്നു. എന്നെ വാരിപ്പുണർന്നു. അല്ല, ചേട്ടനോ? വിറയ്ക്കുന്ന ആ പാവത്തിന്റെ നാവിൽ നിന്നും ആ വാക്കുകൾ തെറിയ്ക്കുകയായിരുന്നു. അവൻ വല്ലാതെ കിതയ്ക്കുന്നുണ്ടു്.

'എന്തുപററി' ഞാനും ചോദിച്ചു. നിന്നെകണ്ടാൽ ഒരു പ്രേതമാണെന്നു തോന്നുമല്ലോ.

'ക്ഷമിയ്ക്കു' അവൻ തുടർന്നു. 'ചേട്ടനെ കണ്ടതു നന്നായി. ഞാൻ ഭയന്നു ചത്തേനെ. എന്റെ മുറിയിൽ ഒരു ശവപ്പെട്ടി ഇരിക്കുന്നു,

അയ്യോ! ഞാൻ നടുങ്ങിപ്പോയി. എനിക്കു വിശ്വസിക്കാൻ വയ്യ. അല്പം കഴിഞ്ഞു് ഒന്നുകൂടി അവൻകണ്ടതു് പറയാൻ പറഞ്ഞു. 'ശവപ്പെട്ടി' എന്നവൻ വ്യക്തമായി പറഞ്ഞു.

ഞങ്ങൾ സ്വപ്നം കാണുകയാണോ? ഞാനവന്റെ കൈയിൽ നുള്ളി. അവനെന്റെ കൈയിലും നുള്ളി. വേദന എടുക്കുന്നുണ്ടു്. ബുദ്ധിയ്ക്കു് പിശകൊന്നുമില്ല.

ഒരു മണിക്കൂർനേരം ആ തണുപ്പത്തു് ഞങ്ങൾ നിന്നു. അവസാനം താഴെ കിടന്നുറങ്ങിയിരുന്ന ഒരു ശിപായിയെ വിളിച്ചുണർത്തി ഒരു വിളക്കുകത്തിച്ചു. ഞങ്ങൾ മൂന്നുപേരും മുറിയിലേക്കു് കടന്നുചെന്നു.

ആ മേശപ്പുറത്തു് ഞങ്ങൾ കണ്ടു— കണ്ണടച്ചു് വീണ്ടും നോക്കി— അതവിടെ തന്നെയുണ്ടു്. ദന്തനിർമ്മിതമായ ഒരു ശവപ്പെട്ടി ഏതാനും നിമിഷങ്ങൾ കഴിഞ്ഞു് അരികിലേക്കു ചെന്നു. വിറയ്ക്കുന്ന കൈകളോടെ അതിന്റെ അടപ്പു് നീക്കി ഉൽകണ്ഠയോടെ നോക്കി. മൃതശരീരമൊന്നുമതിലില്ല. ഒരു കത്തു് അകത്തിരുപ്പുണ്ടു്. ധൃതിയിൽ വായിച്ചു.

"പ്രിയസ്നേഹിതാ"

എന്റെ ഭാര്യയുടെ അച്ഛ[ൻ] ശ[വ]പ്പെട്ടി ഉണ്ടാക്കുന്നതിൽ വി[ദഗ്ദ്ധ]നാണെന്നറിയാമല്ലോ. പാവം കട[ത്തി]ൽ മുങ്ങിയിരിക്കുകയാണു്. നാളെയോ മററന്നാളോ കോടതിയിൽ നിന്നും അദ്ദേഹത്തിന്റെ സാധനങ്ങൾ ജപ്തിചെയ്യാൻ വരുമെന്നു് അറിഞ്ഞു. അതിനുമുൻപു് വിലകൂടിയ ശവപ്പെട്ടികളെല്ലാം കടത്തണമെന്നു് ഞങ്ങൾ ഉറച്ചു. (അതുമാത്രമേ ഞങ്ങൾക്കു് സമ്പാദ്യമായി ഉള്ളു.) ഓരോ സ്നേഹിതന്റേയും വീട്ടിൽ ഓരോ ശവപ്പെട്ടി ഒളിച്ചുവെക്കാൻ നിശ്ചയിച്ചിരിക്കുകയാണു്. ദയവുചെയ്തു സൂക്ഷിച്ചുകൊള്ളണെ. ഏതാനുംദിവസങ്ങൾ കഴിഞ്ഞാൽ ഞങ്ങൾ തിരിച്ചെടുത്തുകൊള്ളാം. ഈ നിസ്സാര സഹായം എന്റെ സ്നേഹിതന്മാർ എനിക്കുചെയ്യുമെന്നു് വിശ്വാസമുണ്ടു്. എന്റെ ഏററവും പ്രിയപ്പെട്ട സ്നേഹിതന്മാരുടെ ഭവനങ്ങളിൽ മാത്രമേ ഇതയക്കുന്നൊള്ളു. ബുദ്ധിമുട്ടു് ക്ഷമിയ്ക്കുക. സ്നേഹപൂർവം

ഐവൻജോൺ

കത്തുവായിച്ചുകഴിഞ്ഞു് ഞങ്ങൾ മുഖത്തോടുമുഖം നോക്കി വളരെ നേരംനിന്നു.

Printed at the Chandra Press, Chalai, Trivandrum

TRADES COMBINE

ALERS IN **HANDLOOM TEXTILES GOODS**

MERCHANTS & AGENTS

PUTHENCHANTHAI, TRIVANDRUM.

ശാന്താ ബേക്കറി

പുത്തൻചന്ത, തിരുവനന്തപുരം.

നിങ്ങളുടെ രുചിഭേദങ്ങൾക്കും ശരീരപോഷണത്തിനും
ഒരുപോലെ ഹിതകരമായ ബിസ്കറ്റുകൾ,
കേക്കുകൾ, എന്നിവയ്ക്കു ഞങ്ങളെ സന്ദർശിക്കുക.

കുളത്തുങ്കൽ ജുവലേഴ്സ്

പാളയം, തിരുവനന്തപുരം

അഖിലഭാരതപ്രശസ്തി ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള അതിമനോഹരങ്ങളായ "വസുന്ധരാവള, ബ്രിഡ്ജ്‌വള, അമ്മിണിവള, കോണവള, പീക്കോക്ക് നെക്ക്‌ലേസ്, സരോജാ നെക്ക്‌ലേസ് തുടങ്ങി പരിഷ്കൃത രീതിയിലുള്ള ആഭരണങ്ങൾ കിട്ടണമെങ്കിൽ ഞങ്ങൾക്ക ആർഡർ തരിക. പുതിയ പുതിയ പരിഷ്കാരങ്ങൾ ദിവസേന വരുത്തിക്കൊണ്ടിരിക്കുന്നു.

തങ്കവും പവനും വെള്ളിയും
മൊത്തമായും ചില്ലറയായും തയ്യാർ.

മാനേജർ.

സുപ്രഭാതം

കേരളത്തിൻേറയും കേരളസംസ്കാരത്തിൻേറയും ഐക്യവും
പുരോഗതിയും ലക്ഷ്യമാക്കിക്കൊണ്ടു പുറപ്പെട്ടുവിക്കുന്ന

ഒരു ഉൽകൃഷ്ടമാസിക

വരിസംഖ്യ

എപ്പോഴും മുൻകൂർ

ഒരാണ്ടത്തേയ്ക്കു്	ബ്രി. രൂ. 5
ആറുമാസത്തേയ്ക്കു്	ബ്രി. രൂ. 3
ഒററപ്രതിക്കു്	അണ 8

മാസികയ്ക്കോ ഏജൻസിക്കോ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾ മാനേജർ, സുപ്രഭാതം, തിരുവനന്തപുരം എന്നും ലേഖനങ്ങളും മാററപ്പത്രങ്ങളും പത്രാധിപർ, സുപ്രഭാതം, തിരുവനന്തപുരം എന്നുമുള്ള മേൽവിലാസത്തിൽ അയച്ചുതരാനപേക്ഷ.

Printed by P. M. Kesavan, Ezhukone
at the Chandra Press, Trivandrum & Published at Adoor.